2014
ഒക്ടോബർ 10
വാല്യം 07
ലക്കം 19

ബിലീവേഴ്സ് ജേണൽ

BELIEVERS JOURNAL

RNI. NO. KERMAL/2008/26530 POSTAL Reg. No. KL/TLA 225/2012 - 14 Annual Subscription Rs.150/- Pages:12

# അന്യസംസ്ഥാന തൊഴിലാളികളുടെ ഇടയിൽ സുവിശേഷീകരണത്തിന് സാധ്യത




അന്യ സംസ്ഥാന തൊഴിലാളികളുടെ ഇടയിൽ മിഷൻ ഫീൽഡ് ഒരുങ്ങുന്നു. സുവിശേഷീകരണത്തിന് പുതിയ വാതായനമാണ് കുടിയേറ്റ തൊഴിലാളികളുടെ ഇടയിൽ തുറന്നിരിക്കുന്നത്. എന്നാൽ സഭ ഈ മുറ്റത്തെ മിഷൻ ഫീൽഡിനെ കാര്യമായി ഗൗനിക്കുന്നില്ല. അന്യസംസ്ഥാന തൊഴിലാളികളുടെ ഗൾഫാണ് കേരളം. ഇവർക്ക് കേരളം സ്വർണ്ണം കായിക്കുന്ന ഏദൻതോട്ടമായും മാന്യമായ വേതനം ലഭിക്കുന്ന വാഗ്ദത്ത ഭൂമിയായും മാറിയിരിക്കുന്നു.

25 ലക്ഷം പേരാണ് ഇന്ന് കേരളത്തിൽ പണിയെടുക്കുന്നത്. കേരളത്തിലെ ജനസംഖ്യയുടെ എട്ട് ശതമാനം ഇവർ വരും. തൊഴിൽപരമായ കുടിയേറ്റം ഇനിയും തുടരാനുള്ള സാധ്യത ഉള്ളതിനാൽ വൈകാതെ ശതമാനം വർദ്ധിക്കും. മെട്രോ റെയിൽ അടക്കമുള്ള സർക്കാർ വികസന പ്രവർത്തനങ്ങൾ പുരോഗമിക്കുന്നതിനാൽ തൊഴിലാളികളുടെ ഒഴുക്കു തന്നെ



ഉണ്ടാകും. കേരളത്തിലെ നിർമ്മാണമേഖല ഇവർ കൈയടക്കിയിരിക്കുകയാണ്. 25 ലക്ഷം വരുന്ന ഇക്കൂട്ടരിൽ മഹാഭൂരിപക്ഷവും പതിനെട്ടിനും മുപ്പതിനും ഇടയിൽ പ്രായമുള്ളവരാണ്. 30% പേരും പശ്ചിമബംഗാളിൽ നിന്നാണ്. രണ്ടാം സ്ഥാനം ബീഹാറിനാണ്. ഉത്തർപ്രദേശ്, ഒഡീഷ, ജാർഖണ്ഡ്, അസം തുടങ്ങിയ സംസ്ഥാനക്കാരുമുണ്ട്.

ഇവരിൽ 70% പേരും ഹിന്ദുക്കളാണ്. 24% മുസ്ലീംങ്ങളും ബാക്കി മറ്റു മതക്കാരുമാണ്. 60% പേരും കെട്ടിടനിർമ്മാണത്തിൽ വ്യാപൃതരാണ്. മറ്റുള്ളവർ വ്യവസായം, റോഡുപണി, ഫാമുകൾ, ബാറുകൾ, പാറമട, സൂപ്പർമാർക്കറ്റ്, ഹോട്ടലുകൾ, ഇഷ്ടികക്കളങ്ങൾ, ബാർബർ ഷോപ്പ്, ബ്യൂട്ടി പാർലറുകൾ, പച്ച

10

## അസംബ്ലീസ് ഓഫ് ഗോഡിന് 100 വയസ്സ് പുനലൂർ കൺവൻഷന് വിപുലമായ ഒരുക്കങ്ങൾ

ഷാജൻ ജോൺ ഇടയ്ക്കാട് (മീഡിയ കൺവീനർ)

**പുനലൂർ:** അസംബ്ലീസ് ഓഫ് ഗോഡ് സഭ നൂറിന്റെ നിറവിൽ. ഈ വർഷത്തെ ജനറൽ കൺവൻഷൻ ഗോൾഡൻ ജൂബിലിയുടെ നിറവിൽ ഏറ്റവും മികച്ച രീതിയിൽ നടത്തുവാൻ പുനലൂരിൽ ചേർന്ന സഭാ പ്രസ്ബിറ്ററി തീരുമാനിച്ചു. 2015 ജനുവരി 19 തിങ്കൾ മുതൽ 25 ഞായർ വരെ പുനലൂർ ഏ.ജി. ഗ്രൗണ്ടിൽ വിപുലമായ പരിപാടികളോടെ കൺവൻഷൻ നടക്കും. ജനുവരി 19 ന് വൈകിട്ട് 6 ന് ജനറൽ കൺവൻഷൻ സഭാ സൂപ്രണ്ട് പാസ്റ്റർ ടി.ജെ. സാമുവേൽ ഉദ്ഘാടനം ചെയ്യും. ദിവസവും വൈകുന്നേരം 6 മുതൽ 9 വരെയാണ് പൊതുയോഗങ്ങൾ നടക്കും.

പാസ്റ്റേഴ്സ് കോൺഫ്രൻസ്, സെമിനാറുകൾ, വനിതാ സമ്മേളനം, മിഷൻ സമ്മേളനം, യുവജന സമ്മേളനം, സൺഡേസ്കൂൾ വിദ്യാർത്ഥി സമ്മേളനം, സുവിശേഷീകരണ സെമിനാർ, ഓർഡിനേഷൻ ശുശ്രൂഷ തുടങ്ങിയ പരിപാടികളോടൊപ്പം ജൂബിലിയുടെ ഭാഗമായി ചരിത്ര സെമിനാർ, സൗഹൃദ സമ്മേളനം, ക്ഷേമപ്രവർത്തനങ്ങൾ, സുവനീർ പ്രകാശനം തുടങ്ങിയവയും നടത്തും. സമാപന ദിവസം തിരുവത്താഴ ശുശ്രൂഷയും ഡിസ്ട്രിക്ടിലെ ആയിരത്തോളം സഭകളുടെ സംയുക്ത ആരാധനയും ഉണ്ടായിരിക്കും. പ്രമുഖ സുവിശേഷ പ്രഭാഷകരോടൊപ്പം ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നും പ്രതിനിധികളും എത്തിച്ചേരും. വിവിധ സഭാ നേതാക്കന്മാർ സംബന്ധിക്കുന്ന വ്യത്യസ്ത

09

## നോർത്ത് അമേരിക്ക ഐ.പി.സി. ഈസ്റ്റേൺ റീജിയൻ 24-ാമത് വാർഷിക കൺവൻഷൻ



പാസ്റ്റർ റ്റി. ഡി. ബാബു



പാസ്റ്റർ ഫിനു ഐപ്പ്

**ന്യൂയോർക്ക്:** നോർത്ത് അമേരിക്ക ഐ. പി. സി. ഈസ്റ്റേൺ റീജിയൻ 24-ാമത് വാർഷിക കൺവൻഷൻ ഒക്ടോബർ 10 - 12 വരെ ന്യൂയോർക്കിലുള്ള ഷോമിനേഡ് ഹൈസ്കൂൾ ഓഡിറ്റോറിയത്തിൽ നടക്കും. പാസ്റ്റർ റ്റി. ഡി. ബാബു മുഖ്യപ്രസംഗകനായിരിക്കും. യുവജനസമ്മേളനത്തിൽ പാസ്റ്റർ ഫിനു ഐപ്പ് (കാനഡ) ശുശ്രൂഷിക്കും. 12-ാം തീയതി സംയുക്ത ആരാധനയോടുകൂടി കൺവൻഷൻ സമാപിക്കും. പാസ്റ്റർ പി. ഫിലിപ്പ് (പ്രസിഡന്റ്), പാസ്റ്റർ ഇട്ടി ഏബ്രഹാം (വൈസ് പ്രസിഡന്റ്), പാസ്റ്റർ ജോസഫ് വില്യംസ് (സെക്രട്ടറി), ബ്രദർ തോമസ് വർഗീസ് (ജോ. സെക്രട്ടറി), ബ്രദർ സാം തോമസ് (ട്രഷറർ) എന്നിവരുടെ നേതൃത്വത്തിൽ ഈസ്റ്റേൺ റീജിയൻ പ്രവർത്തനം മുന്നേറുന്നു.

## നവാപൂർ കൺവൻഷൻ 28 ന് ആരംഭിക്കും



റവ. ജോയി പുന്നൂസ്



പാസ്റ്റർ ബാബു ചെറിയാൻ



പാസ്റ്റർ ഫ്രെഡി തോമസ്



ഡോ. ഇടിച്ചെറിയ നൈനാൻ

**നവാപൂർ:** ഉത്തര ഭാരതത്തിലെ ഏറ്റവും വലിയ പെന്തെക്കോസ്ത് സംഗമമായ 34-ാ മത് നവാപൂർ കൺവൻഷൻ ഒക്ടോബർ 28 മുതൽ നവംബർ 2 വരെ മഹാരാഷ്ട്രയിലെ നവാപൂരിനു സമീപമുള്ള കരഞ്ചികുർദ് ഫിലദൽഫിയ സ്റ്റേഡിയത്തിൽ നടക്കും. ഒക്ടോബർ 28 വൈകിട്ട് 6ന് ഫിലദൽഫിയ ഫെലോഷിപ്പ് ചർച്ച് ഓഫ് ഇന്ത്യയുടെ ജനറൽ ഓവർസിയർ റവ. ജോയി പുന്നൂസ് കൺവൻഷൻ ഉദ്ഘാടനം ചെയ്യും. പാസ്റ്റർ ബാബു ചെറിയാൻ, പാസ്റ്റർ ഫ്രെഡി തോമസ്, ഡോ. ഇടിച്ചെറിയ നൈനാൻ എന്നിവർ മുഖ്യ പ്രഭാഷകരായിരിക്കും. ഡോ. പോൾ മാത്യു (നാഷണൽ ഓവർസിയർ) റവ. കെ. വി. ഏബ്രഹാം (വൈസ് പ്രസിഡന്റ്), റവ. കെ. ഒ. വർഗീസ് (ജനറൽ സെക്രട്ടറി), സിസ്റ്റർ മേരി മാത്യൂസ്, റവ. ഫിന്നി ഫിലിപ്പ് തുടങ്ങിയവർ വിവിധ യോഗങ്ങളിൽ പ്രസംഗിക്കും. ദയാനിധി റാവു,

04

## സാക്ഷി



ഐ. പി. സി.യിൽ പ്രസിഡന്റിനു മുകളിൽ ചീഫ് പാസ്റ്റർ പദവി വരുന്നു.

*ഇനിയും വരാനിരിക്കുന്നത് അതിലും വലുതായിരിക്കും അതിനായി കാത്തിരിക്കുക*

## ടെലി ഇവാഞ്ചലിസ്റ്റ് റ്റി.ബി ജോഷ്വ നിയമക്കുരുക്കിലേക്ക്

പ്രകാശ് പി.കോശി



നൈജീരിയിലെ മെഗാചർച്ച് പാസ്റ്റർ റ്റി.ബി ജോഷയുടെ മീറ്റിംഗിൽ കെട്ടിടം തകർന്ന് മരിച്ചവരുടെ ബന്ധുക്കൾ പാസ്റ്റർക്ക് എതിരെ നിയമനടപടിക്കു തയ്യാറെടുക്കുന്നു. സെപ്റ്റംബർ 12നാണ് നൈജീരിയായുടെ സാമ്പത്തിക തലസ്ഥാനമായ ലാഗോസ് കേന്ദ്രമാക്കി പ്രവർത്തിക്കുന്ന സിനഗോഗ് ചർച്ച് ഓഫ് ഓൾ നേഷൻസ് (SCOAN) ന്റെ സഭാ കെട്ടിടം തകർന്ന് നൂറോളം പേർ മരിച്ചത് . ഇവരിൽ ഭൂരിഭാഗം പേരും സൗത്ത് ആഫ്രിക്കയിൽ നിന്ന് റ്റി.ബി ജോഷയുടെ രോഗശാന്തി ശുശ്രൂഷയിൽ പങ്കെടുക്കാൻ എത്തിയവരായിരുന്നു.

അപകടത്തിൽപ്പെട്ട് മരണമടഞ്ഞ രണ്ട് വിശ്വാസികളുടെ ബന്ധുക്കളാണ് നിയമനടപടികൾക്ക് ഒരുങ്ങുന്നത്. ആഫ്രിക്കയിലെ ഏറ്റവും അറിയപ്പെടുന്ന രോഗശാന്തി ശുശ്രൂഷകനാണ് പാസ്റ്റർ ജോഷാ. മരണപ്പെട്ടവരുടെ ആശ്രിതരെയും സൗത്ത് ആഫ്രിക്കയിൽ സന്ദർശിക്കുമെന്ന് അദ്ദേഹം പറഞ്ഞിരുന്നു.

അപകടം നടന്ന സഭാ കോമ്പൗണ്ടിൽ രക്ഷാപ്രവർത്തനത്തിന് അനുവാദം ലഭിച്ചില്ലെന്ന് രക്ഷാപ്രവർത്തകർ ആരോപിച്ചിരുന്നു. നാല് നിലയുള്ള കെട്ടിടത്തിൽ സഭാ അനധികൃതമായി രണ്ട് നിലകളും കൂടി കെട്ടി ഉയർത്തിയതാണ് ഹോസ്റ്റൽ കെട്ടിടം തകരാൻ ഇടയായത്.

ആഫ്രിക്കയിൽ പ്രവാചകനായും ദൈവത്തിന്റെ മനു

04

ബിലീവേഴ്സ് ജേണൽ
പത്രാധിപ സമിതി

രക്ഷാധികാരി
റവ. ജോർജ്ജ് വി. മേക്കാട്ട്
ചെയർമാൻ
രാജൻ ആര്യപ്പള്ളിൽ
വൈസ് ചെയർമാൻ
വിൽസൺ ജോർജ്ജ്
ചീഫ് എഡിറ്റർ
പാസ്റ്റർ സാംകുട്ടി മാത്യു
മാനേജിംഗ് എഡിറ്റർ
എം.വി. ഫിലിപ്പ്
ഗൾഫ് എഡിറ്റർ
പാസ്റ്റർ ബിജു ജോയി
കോർഡിനേറ്റർ
പാസ്റ്റർ കെ. ജെ. മാത്യു
മലബാർ കോർഡിനേറ്റർ
പാസ്റ്റർ സജി നെടുങ്കണ്ടം

**ബിലീവേഴ്സ് ജേണൽ**
വാർഷിക വരിസംഖ്യ
ഇന്ത്യയിൽ: 150 രൂപ
യു.എസ്.എ. & കാനഡ: $ 40
യു.കെ: £ 20
ഗൾഫ് രാജ്യങ്ങൾ: 1500 രൂപ

വരിസംഖ്യ അയയ്ക്കേണ്ട വിലാസം
ബിലീവേഴ്സ് ജേണൽ
P.O.Box:31
Manjadi .P.O.,
Thiruvalla - 689 105
Kerala, India

BELIEVERS JOURNAL
P.O.Box: 620742
Atlanta, GA 30362
USA

Mob: 09447368795 (INDIA)
Ph: 001 - 678 - 571 - 6398 (USA)

E- mail
beljourn@gmail.com

Website
www.beljourn.com
www.beljourn.in

**അറിയിപ്പ്**

ബിലീവേഴ്സ് ജേണലിൽ വരുന്ന ലേഖനങ്ങളിലെയും പതിവു പംക്തികളിലെയും ആശയങ്ങളുടെയും അഭിപ്രായങ്ങളുടെയും ഉത്തരവാദിത്വം എഴുത്തുകാർക്കുമാത്രമാണ്.

പത്രാധിപർ

# എഡിറ്റോറിയൽ

# ജയലളിതയുടെ വീഴ്ച നൽകുന്ന പാഠം



ബ്രദർ രാജൻ ആര്യപ്പള്ളിൽ
ചെയർമാൻ

ഒടുവിൽ അഴിമതിയിൽ കുടുങ്ങി ഒരു മുഖ്യമന്ത്രി ജയിലിലായിരിക്കുന്നു. ഭരണചക്രം തിരിക്കുന്ന ഒരു മുഖ്യമന്ത്രി അഴിയ്ക്കുള്ളിലാകുന്നത് ഭാരത ചരിത്രത്തിലാദ്യം. എന്നാൽ അന്ധമായ ആരാധന മൂത്ത് ആത്മാഹൂതി ചെയ്തവരും മരണമടഞ്ഞവരും ഇതിന്റെ പേരിൽ മാത്രം. പതിനാറിലധികം പേരാണ്. ഇന്ന് അഴിമതിക്കാർക്കാണല്ലോ അനുയായികൾ ധാരാളം. ഭാരതത്തിലെ രാഷ്ട്രീയ നേതൃത്വവുമായി ബന്ധപ്പെട്ട് ഉയർന്നു വരുന്ന അഴിമതി ആരോപണങ്ങൾ ധാരാളമാണ്. പതിനായിരക്കണക്കിന് കോടി രൂപയുടെ അഴിമതി കഥകൾ പല പ്രാവശ്യം നാം കേട്ടുകഴിഞ്ഞു. മാധ്യമങ്ങൾ പുറത്തുകൊണ്ടു വരുന്നതാണ് ഇതിൽ പലതും. ഇത്തരം അഴിമതികൾ പുറത്താകുമ്പോൾ മാധ്യമങ്ങളും രാഷ്ട്രീയ എതിരാളികളുമെല്ലാം ഇത് വലിയ ചർച്ചയും ആഘോഷവും ഒക്കെ ആക്കാറുണ്ട്. ചിലതെല്ലാം അന്വേഷണത്തിലേക്കു നീങ്ങുകയും കേസ് രജിസ്റ്റർ ചെയ്യുകയും പതിവാണ്. അഴിമതിക്കാർ അകത്താകും എന്ന് കാത്തിരുന്ന സാധാരണക്കാർ വിഢ്ഢികൾ ആകാറാണ് പതിവ്. അഴിമതിക്കാർ വർദ്ധിത വീര്യത്തോടെ അധികാരക്കസേരകളിൽ വിരാജിക്കുന്നതാണ് നാം കണ്ടുവരുന്നത്. എവിടെയൊക്കെയോ നടക്കുന്ന തിരിമറികളിലൂടെ ഇക്കൂട്ടർ രക്ഷപ്പെടുകയാണ് പതിവ് വേലി തന്നെ വിളവു തിന്നുന്നു എന്ന് പറയാം.

അഴിമതിക്കെതിരെ പോരാടുന്ന ഉദ്യോഗസ്ഥരെ അടിച്ചൊതുക്കുന്ന രീതിയാണ് പല അധികാരികൾക്കുമുള്ളത്. ഋഷിരാജ് സിംഗ് തന്നെ ഉദാഹരണം. ഏതെല്ലാം വകുപ്പുകളിൽ താൻ നല്ല ഭരണം നടത്തി. എന്നാൽ അവിടെ നിന്നെല്ലാം പുകച്ചുചാടിക്കാനാണ് ഭരണക്കാർ ശ്രമിച്ചത് KSEB യിൽ താൻ നടത്തുന്ന നീക്കം എത്രയോ സ്വാഗതാർഹമാണ്. വമ്പന്മാരുടെ നേരെ നീങ്ങുന്ന അദ്ദേഹത്തിന്റെ ഭാവി ശോഭനമാകുമോ എന്ന് കാത്തിരുന്നു കാണാം.

തമിഴ്നാട് മുഖ്യമന്ത്രിയായ ജയലളിത തന്റെ മുൻഭരണകാലത്ത് നടത്തിയ അഴിമതിയുടെ പേരിലാണ് ഇപ്പോൾ ശിക്ഷിക്കപ്പെട്ടിരിക്കുന്നത്. അഴിമതിക്കാർക്കൊരു മുന്നറിയിപ്പാണ് ഈ വിധിയെന്നതിൽ സംശയമില്ല. നികുതി നൽകുന്ന സാധാരണക്കാരന്റെ പണമാണ് ഇത്തരക്കാർ പിൻവാതിലിലൂടെ സ്വന്തമാക്കുന്നത്. (ഒരു കാര്യം കൂടി ഇത്തരുണത്തിൽ വിസ്മരിക്കാൻ പാടില്ല. ഇത്തവണ ഭരണത്തിലേറിയ ജയലളിതയുടെ ഭരണം ജനോപകാരപ്രദവും തമിഴ് നാടിന്റെ മുഖഛായ മാറ്റുന്ന നിലയിലുമായിരുന്നെന്നാണ് അവിടെ നിന്നുള്ള റിപ്പോർട്ടുകൾ).

എവിടെയും അഴിമതിയാണ് ഇന്ന്. സർവ്വസാധാരണമായ പ്രതിഭാസമായി ഇത് മാറിയിരിക്കുന്നു. കൈക്കൂലി കൊടുക്കാതെ ഒന്നു സാധ്യമല്ലാത്ത സ്ഥിതിയാണ് നമ്മുടെ നാട്ടിലെവിടെയും. 99% ഗവൺമെന്റ് സ്ഥാപനങ്ങളിലും ഇതാണവസ്ഥ. തൂണിനും തുരുമ്പിനുമെല്ലാം വേണ്ടത് കൈക്കൂലിയാണ്. അതില്ലാതെ ഒന്നും നടക്കില്ലെന്നത് പരസ്യമായ രഹസ്യം. നീതിപീഠം ഉണർന്നാൽ ഇതുപോലെ അഴിമതിക്കാർ അകത്താകും.

നമ്മുടെ പെന്തെക്കോസ്ത് സമൂഹവും ഇതിൽ നിന്ന് ഒട്ടും വിഭിന്നമല്ല. വെട്ടിപ്പിലൂടെയും അഴിമതിയിലൂടെയും കോടിക്കണക്കിന് രൂപയുടെ സ്വത്തുകാരായി മാറിയവർ പെന്തെക്കോസ്തിൽ ധാരാളം. നേരായ മാർഗ്ഗത്തിലൂടെ നേടിയതല്ല എന്നു വ്യക്തം മേമ്പൊടിയായി ദൈവം അനുഗ്രഹിച്ചു എന്നു കൂടി ചേർക്കുമ്പോൾ അഴിമതിയ്ക്കും ആത്മീക പരിവേഷമായി. ഏതായാലും ജയലളിത നൽകുന്ന പാഠം അഴിമതിക്കാർക്കൊരു മുന്നറിയിപ്പാണ്. വിധി പ്രസ്താവിച്ച ന്യായാധിപൻ ഒരു പ്രതീകവും. നമ്മുടെ നീതിയുള്ള ന്യായാധിപൻ വരുവാൻ സമയമായിരിക്കുന്നു.

## യാത്രാവിവരണം

# ഒബാമയുടെ നാട്ടിലൂടെ...

പാസ്റ്റർ സാംകുട്ടി മാത്യു

അറ്റ്ലാന്റായിലെ സാധാരണ ചൂടിൽ നിന്നും ഡാളസിലെ കൊടും ചൂടിലേക്കാണ് വന്നത്. അറ്റ്ലാന്റായിലെങ്ങും പച്ചപ്പാണെങ്കിൽ ഡാളസിൽ അത്രയും മരങ്ങളില്ല. മലയാളികളുടെ പ്രധാന കേന്ദ്രങ്ങളിലൊന്നാണ് ഡാളസ്. അമേരിക്കയിലെ രണ്ടാമത്തെ വലിയ സ്റ്റേറ്റായ ടെക്സാസിലെ ഹൂസ്റ്റണും ഡാളസും ആണ് പ്രധാന പട്ടണങ്ങൾ. മലയാളി പെന്തെക്കോസ്തുകാർ ധാരാളം ഉള്ള സ്ഥലങ്ങളാണ് ഇത് രണ്ടും. ഡാളസിൽ മാത്രം അറുപതോളം മലയാളി സഭകളുണ്ടെന്ന് പറയപ്പെടുന്നു. (Citywide Fellowship -ന്റെ കണക്കിൽ 47 സഭകളാണുള്ളത്)

പെന്തെക്കോസ്തുകാരായ ധാരാളം പത്രപ്രവർത്തകർ ഉള്ള സ്ഥലമാണിത്. Good news സ്ഥാപകനായ വി.എം മാത്യുസാറിന്റെ മക്കളായ കുര്യൻ മാത്യു, വെസ്ലിമാത്യു, പാസ്റ്റർ ഫിലിപ്പ് പി. തോമസിന്റെ മകനും സ്വർഗ്ഗീയ ധ്വനിയുടെ പ്രധാന നടത്തിപ്പുകാരിലൊരാളുമായ ബ്രദർ ബോബി തോമസ്, ബ്രദർ എസ്.പി ജയിംസ്, ബ്രദർ രാജു തരകൻ തുടങ്ങിയവരൊക്കെ ഇവിടെയാണ്. അതിനാലാകാം സന്ദർശനത്തിനായെത്തുന്ന മാധ്യമ പ്രവർത്തകരൊക്കെ ഡാളസ് പ്രധാന പ്രവർത്തനകേന്ദ്രമാക്കുന്നത് എന്ന് എനിക്കുതോന്നുന്നു.

ഡാളസിൽ എന്റെ ബന്ധുവും ബാല്യകാല സുഹൃത്തുമായ ബിനു കോശിയുടെ ഭവനത്തിലാണ് ആദ്യ ദിവസങ്ങളിൽ താമസിച്ചത്. അവർ കേരളത്തിലേക്കു പോകുന്ന ദിവസങ്ങൾ വരെ അവരോടൊപ്പം താമസിച്ചു. ഞങ്ങൾ ഒരേ ദിവസമാണ് വിശ്വാസസ്നാനം സ്വീകരിച്ചത്. 1983 ആഗസ്റ്റ് 15ന് തിരുവല്ല പുളിക്കീഴിൽ കലങ്ങിമറിഞ്ഞൊഴുകിയ പമ്പാനദിയിലായിരുന്നു സ്നാനം നടന്നത്. ഇന്ന് ഐ.പി.സി. ജനറൽ സെക്രട്ടറിയായിരിക്കുന്ന പാസ്റ്റർ കെ.സി ജോണായിരുന്നു ഞങ്ങളെ സ്നാനപ്പെടുത്തിയത്. പത്തിരുപതു പേരുള്ള ഒരു സംഘമായിരുന്നു അന്ന് ഞങ്ങളോടൊപ്പം സ്നാനമേറ്റത്. അതിനു ശേഷം ദീർഘനാളുകൾ ബിനുവിനും എനിക്കും ഒരുമിച്ച് ആയിരിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. നല്ല ഗായകൻ കൂടിയാണ് ബിനു. ബിലീവേഴ്സ് ജേണലിന്റെ ഡാളസിലെ സംഘാടകരിലൊരാളാണ് ഇപ്പോൾ ബിനു കോശി.



ഡാളസിലെ തടാകവും ലൈറ്റ് ഹൗസും

വളരെ പഴക്കമുള്ള അമേരിക്കൻ പട്ടണങ്ങളിലൊന്നാണ് ഡാളസ്. ചരിത്ര പ്രാധാന്യമുള്ള ഈ പട്ടണം അനേക ചരിത്ര സംഭവങ്ങൾക്കും സാക്ഷ്യം വഹിച്ചിട്ടുണ്ട്. 1963 നവംബർ 22ന് അമേരിക്കൻ പ്രസിഡന്റായിരുന്ന ജോൺ എഫ് കെന്നഡി വെടിയേറ്റു മരിച്ചത് ഡാളസിൽ വെച്ചായിരുന്നു. അതിന്റെ സ്മാരകമായി ഒരു മ്യൂസിയം ഇവിടെയുണ്ട്. ധാരാളം സന്ദർശകർ ഇവിടെയെത്താറുണ്ട്. ബോട്ടാണിക്കൽ ഗാർഡൻ, അക്വേറിയം ഇവ കൂടാതെ ധാരാളം പാർക്കുകളും ഡാളസിലുണ്ട്. മനുഷ്യ നിർമ്മിതമായ ഡാളസ് തടാകം വളരെ മനോഹരമാണ്. കഴിഞ്ഞ കുറെ വർഷങ്ങളായി മഴയുടെ കുറവ് കാരണം തടാകത്തിൽ അനുദിനം വെള്ളം കുറയുകയാണ്. വെള്ളം മാറി കര തെളിഞ്ഞു കാണാവുന്ന നിലയിലാണ് പല സ്ഥലങ്ങളിലും ഡാളസ് പട്ടണത്തിന് കുടി വെള്ളം നൽകുന്ന തടാകത്തിലെ വെള്ളം കുറയുന്നത് ആശങ്കാജനകമെന്നാണ് പലരും പറഞ്ഞു കേട്ടത്. അതിനാലാകാം ജല ഉപയോഗത്തിന് ചില ചില്ലറ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിരിക്കുന്നത്.

സ്നേഹിതരും പരിചയക്കാരും ബന്ധുക്കളും ഉള്ള സ്ഥലമാണ് ഡാളസ്. ശുശ്രൂഷകരിലും ധാരാളം പരിചിതർ ഉണ്ടായിരുന്നതിനാൽ വലിയ അപരിചിതത്വം തോന്നിയില്ല. റാന്നിക്കാർ ധാരാളം ഇവിടെയുണ്ട്.

ബിലീവേഴ്സ് ജേണലിനെ ശക്തമായി പിന്തുണയ്ക്കുന്ന ധാരാളം വായനക്കാരുള്ള സ്ഥലമാണ് ഡാളസ്. ഒപ്പം ജേണലിനോട് എതിർപ്പുള്ളവരും ചിലർ ഇവിടെയുണ്ട്. എതിർപ്പുള്ള പലരുമായും സൗഹാർദ്ദ സംഭാഷണത്തിന് അവസരം ലഭിച്ചത് വേറിട്ട അനുഭവമായി. ജേണൽ നിലപാടുകൾ വ്യക്തമാക്കാനും വാർത്തകളുടെ യാഥാർത്ഥ്യങ്ങൾ വിശദീകരിപ്പാനും അവസരമുണ്ടായപ്പോൾ എതിർപ്പുകൾ അലിഞ്ഞില്ലാതായി എന്നതും എടുത്തു പറയേണ്ടതാണ്. ഒരു മാസക്കാലം നീണ്ട ഡാളസ് സന്ദർശനം അങ്ങനെ മറക്കാനാവാത്തതായി. ഇനി ഡാളസിലെ അനുഭവങ്ങളും കാഴ്ചകളും അടുത്തലക്കത്തിൽ എഴുതാം

(തുടരും...)

# മൂന്നാം റാങ്ക് നേടി



ജെ. എസ്. ജിൻസി.

മദ്രാസ് യൂണിവേഴ്സിറ്റിയിൽ നിന്ന് എം. ബി. എ.യിൽ സ്വർണമെഡലോടെ മൂന്നാം റാങ്ക് നേടിയ ജെ. എസ്. ജിൻസി ഐ. പി. സി. ആയൂർ സെന്ററിൽ ഉൾപ്പെട്ട ഓടനാവട്ടം ഹെബ്രോൻ സഭാംഗവും ഓടനാവട്ടം പരുത്തിയറ ജിൻസി ഭവനിൽ കെ. ജെയിംസിന്റെയും സൂസമ്മയുടെയും മകളാണ്. പി. വൈ. പി. എ. - സണ്ടേസ്കൂൾ താലന്തു പരിശോധനകളിൽ സ്റ്റേറ്റ് തലംവരെ നിരവധി സമ്മാനങ്ങൾ നേടിയിട്ടുണ്ട്.

# കൺവൻഷൻ ക്വയറിനെ തെരഞ്ഞെടുക്കുന്നു

**നിലമ്പൂർ:** ഡിസംബർ 3 മുതൽ 7 വരെ നിലമ്പൂരിൽ നടക്കുന്ന ഐ. പി. സി. സ്റ്റേറ്റ് കൺവൻഷനിൽ സംഗീതശുശ്രൂഷ ചെയ്യുവാൻ ക്വയർ ടീമിനെ തെരഞ്ഞെടുക്കുന്നു. പാലക്കാട് മുതൽ കാസർകോഡുവരെയുള്ള ജില്ലകളിൽ നിന്ന് പാടുവാൻ കഴിവുള്ള ഐ. പി. സി. വിശ്വാസികൾ മ്യൂസിക് കൺവിനേഴ്സ് ബ്രദർ സജി മത്തായി കാതേട്ട്, പാസ്റ്റർ ബാബു ജോസഫ് എന്നിവരെ ഉടൻ ബന്ധപ്പെടുക.

**ഫോൺ 9447372726, 9495675504**

ചോദ്യോത്തര വേദി

# ചികിത്സ വിലക്കുന്ന ഉപദേശങ്ങൾ



ജോർജ്ജ് ഫിലിപ്പ് തെക്കേക്കര

**ചോദ്യം:** യേശുക്രിസ്തുവിന്റെ പാപപരിഹാരബലിയിൽ (ക്രൂശീകരണത്തിൽ), പാപമോചനത്തോടൊപ്പം രോഗശാന്തിയുമുണ്ടെന്ന് ചില പെന്തെക്കോസ്തു നേതാക്കൾ വിശ്വസിക്കയും പഠിപ്പിക്കുകയും ചെയ്യുന്നു. അവർ മരുന്നുപയോഗിക്കുകയോ ആശുപത്രികളിൽ പോകുകയോ ചെയ്യാറില്ല. ഈ ഉപദേശവിഷയത്തിൽ താങ്കളുടെ പ്രതികരണം അറിയിക്കുക.

- ജേക്കബ് ചെറിയാൻ, ചങ്ങനാശ്ശേരി

**ഉത്തരം:** പാപമോചനത്തോടൊപ്പം രോഗശാന്തിയും ഉണ്ടെന്ന് വിശ്വസിക്കുകയും പഠിപ്പിക്കുകയും, മരുന്നുപയോഗിച്ച വിശ്വാസികളെ സഭയിൽ നിന്ന് സസ്പെന്റ് ചെയ്യുകയും ചെയ്ത പെന്തെക്കോസ്തു നേതാക്കളെല്ലാം തങ്ങളുടെ അവസാനകാലത്ത് ആശുപത്രി ചികിത്സയും ആശുപത്രിവാസവുമായിട്ടാണ് ഈ ഭൂമിയിൽ നിന്ന് വിട്ടുപോയത്. ഈ ഉപദേശം പഠിപ്പിച്ച നേതാക്കളുടെ മക്കളും മരുമക്കളും കൊച്ചു മക്കളും ഇന്ന് ആധുനിക ആശുപത്രികളിലെ ജോലിക്കാരാണ്; മരുന്ന് ഉപയോഗിച്ച് രോഗം മാറ്റുന്നതിന്റെ വക്താക്കളാണ്. ഈ കാലഘട്ടത്തിലെ എല്ലാ രോഗശാന്തി വരപ്രാപ്തരും (അമേരിക്ക, ഇംഗ്ലണ്ട്, എറണാകുളം, കോട്ടയം, വാകത്താനം, ചങ്ങനാശ്ശേരി, പുനലൂർ, കൊട്ടാരക്കര, തിരുവനന്തപുരം, ശിരുവാണി, ചെന്നൈ എന്നിവിടങ്ങളിലെ വരപ്രാപ്തരും) അവരുടെ മക്കളും ഇടയ്ക്കിടെ ആശുപത്രികളിൽ പോയി ചികിത്സ തേടാറുണ്ട്. രോഗശാന്തിവരപ്രാപ്തരുടെ ശുശ്രൂഷയിൽ ചിലർ സൗഖ്യമാകുമ്പോൾ (സംബന്ധിക്കുന്ന രോഗികളിൽ ഏതാണ്ട് 5 മുതൽ 10 ശതമാനം വരെ) അനേകർ (ഏതാണ്ട് 90 ശതമാനം) സൗഖ്യമാകാതെ കഴിയുന്നു. പ്രാർത്ഥനായോഗങ്ങളിലും, ധ്യാനങ്ങളിലും പലരെയും ദൈവം സൗഖ്യമാക്കുന്നുണ്ട്. പക്ഷെ എല്ലാവർക്കും രോഗസൗഖ്യം ലഭിക്കുന്നില്ല.

യേശുക്രിസ്തുവിന്റെ പാപപരിഹാരബലിയിൽ, ശാരീരിക രോഗശാന്തിയുണ്ടായിരുന്നുവെങ്കിൽ, **വിശ്വസിക്കുന്ന എല്ലാവർക്കും** പാപമോചനത്തിന്റെ സന്തോഷം അപ്പോൾതന്നെ സ്വന്തം ഹൃദയത്തിൽ അനുഭവിക്കാൻ സാധിക്കുന്നതുപോലെതന്നെ, ശാരീരികസൗഖ്യവും അപ്പോൾ തന്നെ ശരീരത്തിൽ **എല്ലാവർക്കും** അനുഭവിക്കാൻ സാധിക്കുമായിരുന്നു. "നാം പാപം സംബന്ധിച്ച് മരിച്ച് നീതിക്ക് ജീവിക്കേണ്ടതിന് അവൻ തന്റെ ശരീരത്തിൽ നമ്മുടെ പാപങ്ങളെ ചുമന്നുകൊണ്ട് ക്രൂശിന്മേൽ കയറി. അവന്റെ അടിപ്പിണരുകളാൽ നിങ്ങൾക്ക് **സൗഖ്യം വന്നിരിക്കുന്നു"** (1 പത്രോസ് 2:24) എന്ന വചനത്തിൽ **സൗഖ്യം വന്നിരിക്കുന്നു** എന്ന വാക്കിന്, To make whole, To free from sin എന്നൊക്കെയാണ് മൂലഭാഷയിലർത്ഥം. അതായത്, യെശയ്യാവ് 53:4-ൽ പറഞ്ഞിരിക്കുന്ന സാക്ഷാൽ രോഗവും വേദനയുമൊക്കെ മനുഷ്യനെ കീഴടക്കിയിരിക്കുന്ന പാപവും അതിക്രമവും ആണെന്നും അടിപ്പിണരാലുള്ള സൗഖ്യം യേശുക്രിസ്തുവിന്റെ പാപപരിഹാരബലിയിൽ കൂടിയുള്ള വീണ്ടെടുപ്പാണെന്നുമാണർത്ഥം. യെശയ്യാവ് 53:4-ൽ "സാക്ഷാൽ നമ്മുടെ **രോഗങ്ങളെ** അവൻ വഹിച്ചു; നമ്മുടെ **വേദനകളെ** അവൻ ചുമന്നു" എന്നും നാം മലയാള പരിഭാഷയിൽ വായിക്കുന്നു. എന്നാൽ, ഇംഗ്ലീഷ് പരിഭാഷയിൽ Surely he hath borne our grief എന്നും carried our sorrow എന്നുമാണ് എഴുതിയിരിക്കുന്നത്. Grief എന്ന ഇംഗ്ലീഷ് പദത്തിന് mental suffering/ distress over affliction/ deep intense sorrow/ deep mental anguish എന്നൊക്കെയാണർത്ഥം. പാപത്തിന് പരിഹാരം അഥവാ മനുഷ്യന്റെ വീണ്ടെടുപ്പിന് രക്തം ചൊരിയേണ്ടിയിരുന്നു എന്നുള്ള ദൈവീക നിയമം നടപ്പാക്കാൻ വേണ്ടിയായിരുന്നു ക്രൂശീകരണം (എബ്രായർ 9:22). അല്ലാതെ നമ്മുടെ ശാരീരിക സുഖത്തിനല്ല.

മനുഷ്യന്റെ പരമാവധി 80 വർഷത്തെ ആയുസ്സിൽ ഇടയ്ക്കിടെ സംഭവിക്കുന്ന ജലദോഷം, പനി, വയറിളക്കം, കാഴ്ചക്കുറവ്, കാൻസർ മുതലായ മറ്റു ശാരീരിക അസുഖങ്ങൾക്കും അസ്വസ്ഥതകൾക്കും യേശുക്രിസ്തുവിന്റെ പാപപരിഹാരബലിയുടെ ആവശ്യമില്ല. രോഗസൗഖ്യങ്ങളും മരിച്ചവരുടെ ഉയർക്കുന്നതും കർത്താവിന്റെ പാപപരിഹാരബലിയുടെ ആയിരം വർഷം മുമ്പും നടന്നിട്ടുണ്ട്. ***മനുഷ്യന്റെ ഭൂമിയിലെ പരദേശവാസത്തിലുണ്ടാകുന്ന താല്ക്കാലിക അസുഖങ്ങളുടെ താല്ക്കാലിക ശമനത്തിനുവേണ്ടി സൃഷ്ടാവ് മനുഷ്യനായി അവതരിക്കയും ക്രൂശുമരണം ഏല്ക്കുകയും ചെയ്യേണ്ട ആവശ്യമില്ല.*** മാത്രമല്ല, ഒരു മനുഷ്യനെ എത്ര സൗഖ്യപ്പെടുത്തിയാലും, വയസ്സാകുമ്പോൾ ശരീരം ബലഹീനമാകുകയും മരിക്കയും ചെയ്യുമല്ലോ! മരിച്ചടക്കിയശേഷം നാലാം ദിവസം കർത്താവ് ഉയർപ്പിച്ച ലാസർ വീണ്ടും മരിച്ചുവല്ലോ!

മക്കളെന്ന നിലയിൽ അവകാശങ്ങൾ പ്രാപിക്കുന്നത് നിത്യതയിലാണ് (കൊലൊ. 3:24), വിശ്വാസികളെ കർത്താവിന്റെ **തീ** പരിശോധിച്ച് ശേഷമാണ് (1 കൊരി. 3:14). ഈ ചെറിയ ജീവിതത്തിൽ കിട്ടുന്ന നന്മകളും സൗഭാഗ്യങ്ങളും കർത്താവിന്റെ കരുണയാണ്, ദാനങ്ങളാണ്. കർത്താവിനോട് പ്രാർത്ഥിക്കാതെ തന്നെ (ആവശ്യപ്പെടാതെ തന്നെ) നയീനിലെ വിധവയോട് കർത്താവിന് കരുണ തോന്നി (ലൂക്കോസ് 7:13). നന്ദികെട്ടവരോടും ദുഷ്ടന്മാരോടും കർത്താവു ദയാലുവാകുന്നുവല്ലോ; (ലൂക്കൊസ് 6:35). കർത്താവ് ഒരു വാക്ക് കല്പിച്ചാൽ ഏത് രോഗത്തിനും സൗഖ്യമുണ്ടാകും (ലൂക്കോസ് 7:7). കർത്താവിന്റെ ക്രൂശീകരണത്തിന് ആയിരത്തഞ്ഞൂറ് വർഷങ്ങൾക്ക് മുമ്പുതന്നെ വചനമയച്ച് സകലരോഗങ്ങളെയും കർത്താവ് സൗഖ്യമാക്കുന്നു എന്ന് സങ്കീർത്തനക്കാരൻ പറയുന്നു (സങ്കീ. 103:3; 107: 20). **ക്രൂശീകരണമെന്ന പാപപരിഹാരബലിയോടുകൂടി ശാരീരികസുഖവും ലഭ്യമാകും എന്ന ഉപദേശം ആദിമ അപ്പൊസ്തലന്മാർ പഠിപ്പിച്ചിരുന്നില്ല. കഴിഞ്ഞ നൂറ്റാണ്ടിലാണ് ഈ ഉപദേശം കേരളത്തിൽ ആദ്യമായി ഉണ്ടായത്.** പരിഭാഷയിൽ വന്ന അർത്ഥവ്യത്യാസം കൊണ്ട് സംഭവിച്ച ഈ ഉപദേശപിശകുകൊണ്ട് ദൈവനാമം ദുഷിച്ചതല്ലാതെ ദൈവത്തിന് ഒരു മഹത്വവും ഉണ്ടായില്ല. മറ്റുള്ളവർ സംശയത്തോടെ ഈ ഉപദേശക്കാരെ വീക്ഷിച്ചു. പലരും അവരിൽ നിന്ന് അകന്നു നിന്നു. വചനത്തിന്റെയും, വചനം അനുസരിക്കുന്നതിന്റെയും ഭംഗി ഇവർ ചോർത്തിക്കളഞ്ഞു.

**ഈ വിഷയത്തിൽ ആദിമ അപ്പൊസ്തലന്മാർ കൈകൊണ്ട രീതികൾ പരിശോധിക്കുക**

1) "ഇതു സംഭവിച്ചശേഷം ദ്വീപിലെ മറ്റു ദീനക്കാരും വന്നു സൗഖ്യം പ്രാപിച്ചു" (അപ്പൊ. പ്രവ. 28:9)

(രോഗശാന്തിവരമുണ്ടായിരുന്ന പൗലോസ് അപ്പൊസ്തലൻ, ദ്വീപിലെ സകല അവിശ്വാസികളുടെയും ശാരീരിക രോഗാവസ്ഥ സുഖപ്പെടുത്തി)

2) "എന്റെ ശരീരസംബന്ധമായ നിങ്ങൾക്കുണ്ടായ പരീക്ഷ നിമിത്തം നിങ്ങൾ നിന്ദയോ വെറുപ്പോ കാണിക്കാതെ...ക്രിസ്തുവിനെപ്പോലെ എന്നെ കൈക്കൊൾകയത്രേ ചെയ്തതു" (ഗലാത്യർ 4:14)

(രോഗശാന്തിവരമുണ്ടായിരുന്ന പൗലോസിന് സ്വന്തശരീരത്തിലുണ്ടായ നിന്ദ മൂന്നു പ്രാവശ്യം പ്രാർത്ഥിച്ച് നോക്കിയിട്ടും മാറിയില്ല (2 കൊരി. 12:8)

3) "ത്രൊഫിമൊസിനെ ഞാൻ മിലേത്തിൽ രോഗിയായി വിട്ടേച്ചു പോന്നു" (2 തിമൊഥെയൊസ് 4:20)

((രോഗശാന്തിവരമുണ്ടായിരുന്ന പൗലോസിന് മറ്റൊരു സഹപ്രവർത്തകനെ സുഖപ്പെടുത്താൻ കഴിഞ്ഞില്ല)

4) നിന്റെ അജീർണ്ണതയും കൂടെകൂടെയുള്ള ക്ഷീണതയും നിമിത്തം അല്പം വീഞ്ഞും സേവിച്ചുകൊൾക" (1 തിമൊ 5:23)

(സുവിശേഷകനായ തിമൊഥെയൊസിനോട് മരുന്നുപയോഗിക്കാൻ പൗലോസ് ഉപദേശിക്കുന്നു)

5)"**വൈദ്യനായ** ലൂക്കോസും.....നിങ്ങളെ വന്ദനം ചെയ്യുന്നു" (കൊലൊ. 4:14)

(നേരത്തെ വൈദ്യനായിരുന്ന ലൂക്കോസ് അല്ല. സുവിശേഷം എഴുതിക്കൊണ്ടിരുന്നപ്പോഴും പ്രഘോഷിച്ചുകൊണ്ടിരുന്നപ്പോഴും **വൈദ്യനായിരുന്ന** ലൂക്കോസ്. കാരണം, ഓരോരുത്തൻ വിളിക്കപ്പെട്ട സ്ഥിതിയിൽ തന്നെ വസിച്ചുകൊള്ളട്ടെ (1 കൊരി 7:20). **യേശുക്രിസ്തുവിനെ സാക്ഷീകരിക്കുന്നവരും, ദൈവരാജ്യം പ്രഘോഷിക്കുന്നവരും മെയ്യനങ്ങരുതെന്നും (വിയർക്കരുതെന്നും), മറ്റൊരു ജോലിയും ചെയ്യരുതെന്നുമുള്ള കീഴ്വഴക്കം, കേരളത്തിലെ പെന്തെക്കോസ്ത് സഭകളുടെ മാത്രമായിട്ടുള്ള വേറൊരു വികലമായ, അപ്പൊസ്തലിക കല്പനയ്ക്ക് വിരോധമായ കാഴ്ചപ്പാടാകുന്നു (2 തെസ്സ ലൊ. 3:8-12).**

മനുഷ്യശരീരത്തിന് ആരോഗ്യം നിലനിൽക്കണമെങ്കിൽ സമയത്ത് ഭക്ഷണം കഴിക്കണം, വിയർക്കണം. യോശുവായ്ക്ക് 85-ാം വയസ്സിലും യുദ്ധത്തിൽ പങ്കെടുക്കാൻ സജ്ജമായ ശരീരമാണുണ്ടായിരുന്നത് (യോശുവ 14:11). അയോഗ്യമായി തിരുവത്താഴത്തിൽ പങ്കെടുത്താലും, വിശ്വാസികൾ പാപം ചെയ്താലും (യാക്കോബ് 5:16) രോഗം ഉണ്ടാകും (1കൊരി. 11:30). മറ്റു പല കാരണങ്ങൾകൊണ്ടും രോഗം ഉണ്ടാകും.

**അടിക്കുറിപ്പ്:**

മല്ലപ്പള്ളി എന്ന സ്ഥലത്ത് ഒരു വീട്ടിൽ ഒരു യുവാവിന് നെഞ്ചുവേദനയെടുത്തു ഉറക്കെ കാറിക്കരഞ്ഞു. **മൂന്നു ദിവസം കാറിക്കരഞ്ഞു മരിച്ചു.** നാട്ടുകാർക്ക് പലർക്കും രോഗിയെ മെഡിക്കൽ കോളജിൽ കൊണ്ടുപോയി ഹൃദയവേദന ശമിപ്പിക്കണമെന്ന് ആഗ്രഹിച്ചെങ്കിലും, വീട്ടുകാർക്ക് നാട്ടുകാരുമായി ഒരു സ്നേഹബന്ധവും ഇല്ലാഞ്ഞതിനാൽ ആരും ഇടപെട്ടില്ല. രോഗശാന്തി വിശ്വാസികളുടെ അവകാശമാണെന്നും മരുന്നുപയോഗിക്കുന്നതു തെറ്റാണെന്നും വീട്ടുകാർ ഉറച്ചു വിശ്വസിച്ചിരുന്നതിനാൽ കരയുന്നവനെ ചികിത്സിക്കാതിരിക്കുന്നതിന്റെ കുറ്റമൊന്നും അവർക്ക് അവരിൽ കണ്ടെത്താനായില്ല. എന്നാൽ ആത്മവരം ഇല്ലാത്തവർക്കും അവിശ്വാസികൾക്കും ഈ വീട്ടുകാർക്ക് എന്തോ തകരാറുണ്ടെന്ന് മനസ്സിലായി (1 കൊരി. 14:23).

## 01 ടെലി ഇവാഞ്ചലിസ്റ്റ് റ്റി.ബി ജോഷ്വ....

ഷ്യനായും ആണ് റ്റി.ബി ജോഷ അറിയപ്പെടുന്നത്. തകർന്നു വീണ കെട്ടിടം വിദൂരത്തിൽ നിന്ന് മീറ്റിംഗിന് എത്തുന്നവരെ താമസിപ്പിക്കാനുള്ള ഗസ്റ്റ് ഹൗസായിരുന്നു. കെട്ടിടത്തിന് താങ്ങാൻ പറ്റുന്നതിലധികം പേരെ ഇവിടെ താമസിപ്പിച്ചതാണ് അപകടം നടക്കാൻ ഇടയായത് എന്ന് പോലീസ് മാധ്യമങ്ങളോട് പറഞ്ഞു.

"ഇവിടെ കെട്ടിടം തകർന്നതല്ല പ്രശ്നം, അപകടത്തിന് ശേഷം സഭാ അധികൃതർ വേണ്ട വിവരങ്ങൾ മരിച്ചവരുടെ ആശ്രിതർക്ക് കൈമാറിയില്ല. മാത്രമല്ല രക്ഷാപ്രവർത്തകരെ സഭാ വിശ്വാസികൾ തടഞ്ഞു. അപകടത്തിന് ശേഷം സഭാ നേതൃത്വത്തിന്റെ പ്രവർത്തനങ്ങൾ സംശയം ഉളവാക്കുന്നതാണ്" താൻസുലോ സോറോ BBC യോട് പറഞ്ഞു, ഇയാളുടെ സഹോദരി അപകടത്തിൽപ്പെട്ട മരണമടഞ്ഞവരിൽ ഒരാളാണ്.

ജോഷ്വയുടെ യോഗത്തിൽ പങ്കെടുക്കാൻ സിംബാബ്‌വേയിൽ നിന്ന് എത്തിയ 40-കാരി കാതറിന്റെ കഥ ദുഃഖപൂരിതമാണ്.രോഗിയായി അനേകം ദിവസങ്ങളായി ആശുപത്രിയിൽ കഴിയുന്ന തന്റെ 19 കാരി മകളുടെ രോഗ സൗഖ്യത്തിനുവേണ്ടിയാണ് കാതറിൻ ആയിരകണക്കിന് ഡോളർ ചെലവാക്കി സിംബാബ്‌വേയിൽ നിന്ന് നൈജീരിയായിൽ എത്തിയത്. എന്നാൽ കെട്ടിടം തകർന്ന സമയത്ത് ഈ സ്ത്രീയും അവിടെ ഉണ്ടായിരുന്നു. ദുരന്തത്തിൽ ഇവരും കൊല്ലപ്പെട്ടു.

അപകടത്തിന് മുൻപ് ഒരു വിമാനം കെട്ടിടത്തിന് മുകളിലൂടെ പറന്നത് കണ്ടു എന്ന് ജോഷ്വ അവകാശപ്പെട്ടിരുന്നു. ഇതാണ് അപകടത്തിന് കാരണം എന്ന് ഇദ്ദേഹം മാധ്യമങ്ങളോട് പറഞ്ഞു. കൺവൻഷനുകളിലും ക്രൂസേഡുകളിലും കെട്ടിടം തകർന്ന് ആളുകൾ മരിക്കുന്നത് ആഫ്രിക്കയിൽ പുതിയ വാർത്തയല്ല. 2013-ന്റെ തുടക്കത്തിൽ ഐവറികോസ്റ്റിലെ ഒരു പെന്തെക്കോസ്തു പ്രാർത്ഥന മീറ്റിംഗിൽ സ്റ്റേഡിയം തകർന്ന് 61 പേർ മരിച്ചിരുന്നു. ഇതേ സമയം മറ്റൊരു ആഫ്രിക്കൻ രാജ്യമായ അംഗോളയിൽ സ്റ്റേഡിയം തകർന്ന് 16 പേർ മരിച്ചിരുന്നു. ആഫ്രിക്കയിലെ അതിവേഗം വളരുന്ന ക്രൈസ്തവ വിശ്വാസത്തിന് ഇതുപോലെയുള്ള സംഭവങ്ങൾ മങ്ങലേൽപ്പിക്കും.

Website:
www.beljourn.com

Email:
beljourn@gmail.com

## 03 നോവൽ....

ഓടുകയായിരുന്നുവോ? വ്യഥ അമർത്തി സ്വസ്ഥനാവാൻ അയാൾ ശ്രമിച്ചു. ഓർമ്മകളിലെ ഉരുൾ, സ്വപ്നങ്ങളിലെ കിനാവുകളിലെ ഉരുൾ പൊട്ടിയിരിക്കുന്നു. തുളുമ്പിവന്ന കണ്ണീർ ഒപ്പി എടുക്കാനായി അയാൾ മുഖം കഴുകി. ചുവന്ന കലങ്ങിയ കണ്ണുകളോടെ ആൽബർട്ട് പുറത്ത് എത്തിയപ്പോൾ വാതില്ക്കൽ കിതപ്പൊതുക്കി നില്ക്കുകയായിരുന്നു കാതറിൻ. ആ കണ്ണുകളിലേക്ക് നോക്കാനാവാതെ അയാൾ മുഖം കുനിച്ചു. മൗനം തളം കെട്ടുന്നു.

ആൽബർട്ട് പതിയെ അവളെ നോക്കി. അപ്പോഴും വികാര പ്രക്ഷുബ്ദതയോടെ അയാളെ നോക്കി നില്ക്കുകയായിരുന്നവൾ. പുറത്ത് വെയിൽ മങ്ങിത്തുടങ്ങുന്നുണ്ടായിരുന്നു.

നീ...നീ ഇപ്പോൾ...? ഒടുവിൽ ആൽബർട്ട് ചോദിച്ചു.

ഇവിടേക്ക് വരുതായിരുന്നു, അല്ലേ.. ആ ശബ്ദത്തിലെ വിതുമ്പൽ ആൽബർട്ട് തിരിച്ചറിഞ്ഞു.

അയാൾ പ്രതികരിക്കാനാവാതെ, അകലെയായി ഒരു വലിയ മരത്തിൽ കുട്ടികൾ കയറുന്നത് നോക്കിനിന്നു. (തുടരും)

## സുവിശേഷ പ്രവർത്തനം

**മാവേലിക്കര:** ഐ. പി. സി. ആലപ്പുഴ ഈസ്റ്റ് സെന്റർ ഇവാഞ്ചലിസം ബോർഡിന്റെ ആഭിമുഖ്യത്തിൽ ഏവൂർ കേന്ദ്രീകരിച്ച് സെപ്റ്റംബർ 30ന് സുവിശേഷ പ്രവർത്തനവും പരസ്യയോഗങ്ങളും നടന്നു. കർത്തൃദാസന്മാരായ എം. ഒ. ചെറിയാൻ, സാബു ചാക്കോ, വി. എസ്. സിബിച്ചൻ എന്നിവർ നേതൃത്വം നൽകി. ജെയിംസ് ജോസഫ്, സാബു വർഗീസ്, ഡി. ബാബു, സാബു തോമസ്, കെ. പി. ജോർജ്ജ് എന്നിവർ പ്രസംഗിച്ചു.

ലേഖനം

# എന്തല്ല ആരാധന...



റെജി പോൾ
ഷാർജ
palachoodan@gmail/hotmail.com

ചവറുകണക്കിന് സഭകൾ!! കേരള കോൺഗ്രസ് പോലെ വളരും തോറും പിളരുകയും പിളരുതോറും വളരുകയും ചെയ്യുന്നു!! ആനന്ദലബ്ധിക്കിനിയെന്തു വേണം? എത്ര പിളർന്നാലും, ഉപദേശ വ്യത്യാസമുണ്ടെങ്കിലും എല്ലാവരും ചേർന്ന് സഹകരിച്ചു തെറ്റിച്ചൊരു പ്രമാണമുണ്ട്: ആരാധനയുടെ.

**പശ്ചാത്തലം:**

പാപ്പയുടെ ഇടയലേഖനം കഴിഞ്ഞിട്ടേ ദൈവവചനമുള്ളൂ എന്നു കത്തോലിക്കനും പെറ്റമ്മയെ മറന്നാലും അന്തോഖ്യയെ മറക്കില്ലെന്ന് മുദ്രാവാക്യം വിളിക്കുന്ന ചാക്കോയും ദേവലോകത്തോട് കളിച്ചാൽ പരലോകം കാണിക്കുമെന്നു മനോരമ - മുത്തൂറ്റ് ബലത്തിൽ വീമ്പിളക്കുന്ന മെത്രാനും ഉപദേശ ശുദ്ധീകരണം സംബന്ധിച്ച് യാക്കോബായ വിട്ടിട്ട് ഇപ്പോൾ നേതാക്കന്മാർ സഹിതം സൊദൊമിലേക്കു യാത്ര ചെയ്യുന്ന തോമ്മായും സഭവളക്കൂറുള്ള ബിസിനസ് ആണെന്നു പിൽക്കാലത്ത് മനസ്സിലാക്കിയ സീയെസ്സെയും നഷ്ടപ്പെട്ട മേൽവിലാസത്തിനായി ഉത്തരത്തിൽ തപ്പുന്ന ഇവാഞ്ചലിക്കലും കാതിലെയും കഴുത്തിലെയും ഊരി വച്ചാൽ ആകെ മൊത്തം വേർപാട് ആയെന്നും ഇനി കർത്താവു ഇങ്ങു വന്നാൽ മതിയെന്നും ഭൂഗോള നെറ്റ് വർക്കുള്ള ഞങ്ങൾ മുന്തിയ സഭക്കാർക്ക് വേണ്ടിയാണ് കർത്താവ് വരുന്നതെന്നും റാഡോ വാച്ചും ഐഫോണും റേഞ്ച് റോവറും മുപ്പതിനായിരം ചതുരശ്രയടി വീടും വേദ പുസ്തകതിലില്ലെന്നും ആശ്വസിക്കുന്ന പാരമ്പ്യര പെന്തിക്കോസ്തുകാരനും പുതിയനിയമ പൌരോഹിത്യം ലങ്കക്കാരന്റെ ചേലയിലും ചട്ടയിലും ആണ് വെളിപ്പെടേണ്ടതെന്നു ഉറച്ചിരിക്കുന്ന സിലോണും നമ്മൾ ഒറ്റയ്ക്ക് മതിയെന്ന് പരസ്യമായി പറഞ്ഞിട്ട് രഹസ്യത്തിൽ ആത്മീയ റീട്ടൈൽ ചെയിൻ സ്വപ്നം കാണുന്നതും വേർപാട് വിശുദ്ധി ഉപദേശം തുടങ്ങിയ മേഖലകളിൽ അട്ടപ്പാടി നിലവാരം മാത്രമുള്ള ആലുക്കാസ് എന്നു ഗൾഫിൽ മറുപേരുള്ള ഇണ്ടിപ്പെണ്ടനും, ആത്മീയ നേതാവിനെ തമിഴൻ എന്ന പോലെ ആരാധിക്കുന്ന, കാശുള്ള സ്പോൺസർമാരുടെ മാത്രം മികവിൽ മുമ്പോട്ട് പോകുന്ന സകല അസ്കിതകളും അറഞ്ഞു തുള്ളിയാൽ മാറുമെന്നു പഠിപ്പിക്കുന്ന കരിസ്മാറ്റിക്കുകാരനും അവിയൽ ആണ് ഏറ്റവും നല്ല കൂട്ടാൻ എന്ന് രുചിച്ചറിഞ്ഞ എക്കുമെനിക്കലുകാരനും മീറ്റിംഗിനിടയിൽ മൊട്ടുസൂചി തറയിൽ വീഴുന്നത് കേൾക്കാൻ കാതോർക്കുന്ന, ബോളിയുണ്ടാക്കുന്ന ചായകടക്കാരൻ ഏത്തപ്പഴത്തോട് ചെയ്യുന്ന പോലെ വാക്യങ്ങളെ പരമാവധി കീറുന്ന ബ്രദർകാരനും എല്ലാം കൂടി അങ്ങനെ ദൈവീക ഉദ്ദേശങ്ങളെ തെറ്റിച്ചു കളയുന്നതിൽ അകലം പാലിച്ചു കൊണ്ട് തന്നെ കൈ കോർക്കുന്നു!! ആരാധിച്ചു ജയമെടുക്കുന്നു!! ബലം പ്രാപിക്കുന്നു!!

എല്ലാവരും ഒരുമിച്ച് കൂടി പാട്ടും പ്രാർത്ഥനയും മറ്റു കർമ്മങ്ങളും ചെയ്യുന്നതിന്റെ പേര് വേദപുസ്തകതിലെങ്ങും ആരാധനയെന്നു കൊടുത്തില്ലഅതിന്റെ പേര് സഭാ യോഗമെന്നാണ്, അല്ലെങ്കിൽ കൂട്ടായ്മ എന്നാണ്."ചിലർ ചെയ്യുന്നതുപോലെ നമ്മുടെ സഭായോഗങ്ങളെ ഉപേക്ഷിക്കാതെ തമ്മിൽ പ്രബോധിപ്പിച്ചു കൊണ്ടു സ്നേഹത്തിനും സൽപ്രവർത്തിക്കൾക്കും ഉത്സാഹം വർദ്ധിപ്പിപ്പാൻ അന്യോന്യം സൂക്ഷിച്ചുകൊൾക. നാൾ സമീപിക്കുന്നു എന്നു കാണും തോറും അതു അധികമധികമായി ചെയ്യേണ്ടതാകുന്നു" (എബ്രായർ 10:24). ഞായറാഴ്ച്ച അഥവാ വെള്ളിയാഴ്ച്ച നടക്കുന്നത് ഇമ്മിണി വലിയ സഭായോഗവും അല്ലാത്തതെല്ലാം ചെറുയോഗങ്ങളും എന്നില്ല (1കൊരി: 14:34 വായിക്കുക). ദൈവമക്കൾ കൂടി വരുന്നതെല്ലാം ഒരേ പോലെ പ്രധാനമാണ്. യേശു വന്നിട്ടുണ്ടോ എന്നതാണ് വിശേഷകാര്യം.

പക്ഷേ ദൗർഭാഗ്യമെന്നു പറയട്ടെ, ദൈവ സഭക്കാർക്കു പോലും ഞായറാഴ്ച സഭായോഗമല്ല, "ആരാധനയാണ്". എപ്പോഴാണ് ആരാധനയെന്നു ചോദിച്ചാൽ മറുപടി ഉടൻ വരും: "ഒമ്പത് തൊട്ടു പന്ത്രണ്ടര വരെ" സിനിമാ നടനെയും സ്പോർട്സ് താരത്തെയും രാഷ്ട്രീയ നേതാവിനെയും ഒക്കെ ഒരുപാട് ആരാധിക്കുന്ന ആരും പക്ഷേ അവരുടെ മുൻപിൽ പോയി ആഴ്ചയിൽ രണ്ടു മണിക്കൂർ കസർത്ത് കാണിക്കാത്തതെന്താണ്? കാരണം അവർആരാധിക്കുന്നുവോ ആ വ്യക്തിയെ എപ്പോഴും ഹൃദയത്തിൽ പേറുന്ന എല്ലാറ്റിലും ഉപരി സ്നേഹിക്കുന്നു. ആ വ്യക്തിക്ക് വേണ്ടി വേണമെങ്കിൽ ജീവിതവും ജീവനും വെടിയാൻ തയ്യാറാണ്. അതെ, ഇതാണ് ശരിയായ ആരാധന.

ചുരുക്കി പറഞ്ഞാൽ വെറും മൃഗതുല്യനായ ജഡിക മനുഷ്യനാണ് ആരാധന എന്ന വാക്കിന്റെ അർത്ഥം അറിഞ്ഞു ജീവിക്കുന്നവർ. അവരിൽ നിന്ന് ഇനിയെങ്കിലും സഭക്കാർ പഠിക്കട്ടെ. ഇതും പോരാഞ്ഞിട്ട് സ്വർഗം കുനിഞ്ഞു നോക്കുന്ന, ആകാശം ചായ്ചിറങ്ങി വരുന്ന, അഗ്നിയഭിഷേകം അയയ്ക്കുന്ന വെറൈറ്റികൾ വേറെയും.

**ഇന്നത്തെ ദുരവസ്ഥ:**

കൂട്ടായ്മയിൽ കൂടുതൽ ശബ്ദത്തിൽ കാറിയാൽ കൂടുതൽ അനുഗ്രഹവും രോഗശാന്തിയും കിട്ടുമെന്ന കരിസ്മാറ്റിക്കുകാരന്റെ തന്ത്രത്തിന് അടിമ വേല ചെയ്യുന്ന ദാസന്മാർ അനേകർ ദൈവസഭയിലുണ്ട്. കാരണം ദാവീദു പണ്ട് പെട്ടകത്തിന് മുൻപിൽ തുള്ളിയത്രേ. ജഡത്തിന്റെ ഒരു പ്രവർത്തിയാലല്ല വിശ്വാസത്താലാണ് നീതികരണമെന്നും ഇനി ദൈവത്തെ പ്രസാദിപ്പിക്കാൻ ജഡത്തിന്റെ ഒരു പ്രവർത്തിയും ശേഷിക്കുന്നില്ലെന്നും ഇനിയും അറിയാത്ത പുതിയ നിയമത്തിന്റെ അടിസ്ഥാനം പോലുമറിയാത്ത മക്കുണന്മാർ ചാടിക്കുമ്പോഴൊക്കെ കുരങ്ങു കളിക്കുന്ന അയ്യോ പാവങ്ങൾ!!

രോഗം, കടഭാരം, വന്ധ്യത വിഷയങ്ങൾ നന്നായി ആരാധിച്ചാൽ മാറുമെന്നു പറഞ്ഞു പറ്റിച്ചു ശാപത്തിന്റെ ശുശ്രൂഷ ചെയ്യുന്ന വരെ ദൈവം തന്നെ കൈകാര്യം ചെയ്യട്ടെ. "കരങ്ങളടിക്കൂ.... ഉറക്കെ സ്തുതിക്കൂ".... ഇതെല്ലാം "ആരാധനയെ" അനുഗ്രഹമാക്കുമത്രെ. ശമുവേൽ പ്രവാചകന്റെ അമ്മ ഹന്നയെപ്പോലെ ആരെങ്കിലും അനങ്ങാതെ നിന്ന് ദൈവസന്നിധിയിൽ നിന്ന് കൊണ്ട് ഹൃദയം പകരുന്നത് കണ്ടാൽ ഇവർ കൊന്നു നിലവിളിക്കും. ഇവരുടെ തത്വമനുസരിച്ച് നന്നായി "ആരാധിക്കാത്തത്" കൊണ്ട് ഈ ജന്മത്തിൽ മാത്രമല്ല അടുത്ത ജന്മത്തിലും ഹന്ന പ്രസവിക്കില്ല!!ചുരുക്കം വാക്കുകൾ പ്രാർത്ഥിച്ചു സ്വർഗ്ഗത്തിൽ നിന്ന് തീയിറക്കുമാറാക്കി ഏലിയാവിനെക്കാൾ ഇവരുടെ ഇഷ്ടതാരം ഉറഞ്ഞു തുള്ളി മിറക്കിൾബോയ് ആയ അവരുടെ ദൈവത്തെ ഇറക്കാൻ ശ്രമിച്ച ബാലിന്റെ പ്രവാചകന്മാരണത്രേ.എല്ലാം അടക്കി ഒറ്റയ്ക്ക് ഭരിക്കുന്ന അൽഫയും ഒമേഗയുമായ ശുശ്രൂഷകന്റെ റോൾ പഴയ നിയമ പുരോഹിതന്റേതിൽ നിന്ന് എങ്ങനെ വ്യത്യസ്തമായിരിക്കുന്നെന്നു ചോദിച്ചാൽ വേണെമങ്കിൽ നിന്നാൽ മതി അല്ലാത്തവനൊക്കെ പോകാം എന്ന ഉഗ്രശാസനയാണ് ഫലം.

കർത്തൃമേശക്കു തൊട്ടു മുൻപ് ഇൻസ്റ്റന്റ് മാനസാന്തരം പഠിപ്പിക്കുന്ന ഇക്കൂട്ടരിൽ നിന്ന് ഇത്രയും പ്രതീക്ഷിച്ചാൽ മതി. ആഴ്ചയിൽ ആറെമുക്കാൽ ദിവസവും എന്തു തോന്ന്യാസം കാണിച്ചു ജീവിച്ചാലും ഏഴാമത്തെ ദിവസം ഇവിടെ വന്നു ചവിട്ടിപ്പൊളിച്ചാൽ എല്ലാം ഓക്കെ ആകുമെന്ന് ഉളുപ്പില്ലാതെ കത്തിച്ചു വിടുമ്പോൾ ദൈവത്തിന്റെ ക്ഷമ കെടുന്നു: "നിങ്ങൾ എന്റെ യാഗപീഠത്തിന്മേൽ വെറുതെ തീ കത്തിക്കാതിരിക്കേണ്ടതിനു നിങ്ങളിൽ ആരെങ്കിലും വാതിൽ അടച്ചുകളഞ്ഞാൽ കൊള്ളായിരുന്നു; എനിക്കു നിങ്ങളിൽ പ്രസാദമില്ല എന്നു സൈന്യങ്ങളുടെ യഹോവ അരുളിച്ചെയ്യുന്നു; നിങ്ങളുടെ കയ്യിൽ നിന്നു ഞാൻ വഴിപാടു കൈക്കൊൾകയുമില്ല" മലാഖി 1:10. ഇവർ പറയുന്ന വേറൊരു ന്യായം ദൈവം ചെയ്ത ഉപകാരങ്ങൾ ഓർത്തു ദൈവസന്നിധിയിൽ സന്തോഷിക്കുന്നതാണത്രെ ഈ കാട്ടിക്കൂട്ടുന്നതെല്ലാം. എത്ര പ്രയാസപ്പെട്ടു ഈ സന്തോഷമെല്ലാം മനസ്സിൽ അടക്കിപ്പിടിച്ചു വെച്ചിട്ട് ആഴ്ചയിൽ ഒരു ദിവസം പെട്ടെന്ന് പുറത്തേക്കു വിടാൻ പ്രത്യേക സിദ്ധി തന്നെ വേണം!! ഇനി സന്തോഷം വരാത്ത വരെ പിരി കേറ്റിയും സന്തോഷിപ്പിക്കും.

"ഞാനും എന്റെ കുടുംബവുമോ.... ഞങ്ങളെ ദൈവം സേവിക്കും" എന്നതാണ് ഇവരുടെ പ്രമാണം.

പുതിയ നിയമസഭയിൽ സങ്കീർത്തന ധ്യാനം ആകാം പക്ഷേ നിർബന്ധം ആക്കിയത് ആരാണ്, എന്നാണ് എന്നൊക്കെ ചോദിച്ചാൽ ബുദ്ധിയില്ലാത്തവന്റെ ഒരുമാതിരി "ആക്കുന്ന" ചോദ്യമായി മാത്രമെയെടുക്കൂ ആരാധിച്ചു വിടുതലെടുക്കുന്നവരും വേറെയൊരു കൂട്ടം!! പൗലോസും ശീലാസും ആരാധിച്ചത് കണ്ടു ഇഷ്ടപ്പെട്ടിട്ടാണ് ദൈവം അവരുടെ കെട്ടു പൊട്ടിച്ചതത്രേ. കൂർക്കം വലിച്ചുറങ്ങിക്കിടന്ന പത്രോസിനെ വിടുവിച്ചു പുറത്തു കൊണ്ടുവന്നത് കൂർക്കം വലി ദൈവത്തിനു വളരെ ഇഷ്ടപ്പെട്ടിട്ടാണെന്ന് പ്രസംഗിച്ചാൽ അതിനും സ്തോത്രം പറയാൻ കീബോർഡിന്റെയും തമ്പേറിന്റെയും ആത്മാവിനനുസരിച്ചു നടത്തപ്പെടുന്ന പടു ജന്മങ്ങൾ ഇഷ്ടം പോലെ!!

## തിരുവനന്തപുരം പുസ്തക മേള

അന്താരാഷ്ട്ര ക്രിസ്തീയ പുസ്തക പ്രസാധകരും വിതരണക്കാരുമായ ഒ. എം. ബുക്സിന്റെ ആഭിമുഖ്യത്തിൽ ഒക്ടോബർ 15 മുതൽ 19 (ബുധൻ – ഞായർ) വരെ തിരുവനന്തപുരം, പട്ടം എസ്. സി. എം. സെന്ററിൽ വച്ച് വമ്പിച്ച ക്രിസ്തീയ പുസ്തക പ്രദർശനവും വിൽപ്പനയും നടത്തപ്പെടുന്നു. സമയം എല്ലാ ദിവസവും രാവിലെ 9 മുതൽ രാത്രി 8 വരെ.

ലോകപ്രശസ്ത NIV ബൈബിൾ പ്രസാധകരായ "ബിബ്ലിക്ക" യുടെ 30ൽപ്പരം ഡിസൈനിലുള്ള ബൈബിളുകൾക്ക് പ്രത്യേക ആനുകൂല്യം മേളയിൽ ലഭ്യമാണ്. കൂടാതെ 10% മുതൽ 90% വരെ ഡിസ്കൗണ്ട് ലഭിക്കുന്ന പുസ്തകങ്ങളുടെയും ബൈബിളുകളുടെയും പ്രത്യേക വിഭാഗം ഈ മേളയുടെ ആകർഷണീയതയാണ്.

ദേശീയ അന്തർദേശീയ തലത്തിൽ പ്രസിദ്ധരായ ക്രൈസ്തവ എഴുത്തുകാരുടെ സാഹിത്യ കൃതികൾ കൂടാതെ, യുവജനങ്ങൾ, കുട്ടികൾ, വിവാഹം, കുടുംബം, പേരന്റിംഗ്, നേതൃത്വം, കൗൺസിലിംഗ, പ്രസംഗം, തിയോളജി തുടങ്ങിയ നിരവധി വിഷയങ്ങളിലുള്ള ഈടുറ്റ ഗ്രന്ഥങ്ങളുടെ വൻശേഖരത്തോടൊപ്പം കേരള ക്രൈസ്തവർക്ക് മറക്കാൻ കഴിയാത്ത ശ്രുതി മധുരമായ ഇംഗ്ലീഷ്, മലയാളം, തമിഴ്, ഹിന്ദി ഭാഷകളിലുള്ള ക്രിസ്തീയ ഗാനങ്ങളുടെ സിഡി, ഡിവിഡി, എം. പി. 3യും ഇവ കൂടാതെ ഒട്ടനവധി ബൈബിൾ ഫിലിംസ്, ബൈബിൾ പ്രസംഗങ്ങൾ തുടങ്ങിയവയും മനോഹരമായ "വാക്യ ഫ്രെയിംസ്" ഉം മേളയിൽ ലഭ്യമാണ്.

ഒക്ടോബർ 15ന് രാവിലെ 10 മണിക്ക് തിരുവനന്തപുരം റേഞ്ച് ഐ. ജി. ശ്രീ മനോജ് ഏബ്രഹാം ഐ. പി. എസ്. ഉദ്ഘാടനം ചെയ്യുന്ന പ്രദർശനവും വിൽപ്പനയും 19 ഞായറാഴ്ച 8 മണിക്ക് അവസാനിക്കുമെന്ന് ഒ. എം. ബുക്സ് റീജിയണൽ മാനേജർ ജെയിംസ് സെബാസ്റ്റ്യൻ അറിയിച്ചു.

## 01 നവാപൂർ കൺവൻഷൻ....

സിസ്റ്റർ സംഗീത എന്നിവരുടെ നേതൃത്വത്തിലുള്ള ഫിലദൽഫിയ ക്വയർ സംഗീത ശുശ്രൂഷ നിർവഹിക്കും. കൺവഷനോടുബന്ധിച്ച് ശുശ്രൂഷക സമ്മേളനം ഫിലദൽഫിയ ബൈബിൾ കോളജ് ഗ്രാഡുവേഷൻ, മെഡിക്കൽ ക്യാമ്പ് എന്നിവ നടക്കും.

മരുഭൂമിയുടെ അപ്പോസ്തോലനായിരുന്ന ഡോ. തോമസ് മാത്യൂ തുടക്കം കുറിച്ച നവാപൂർ കൺവൻഷൻ മൂന്നു പതിറ്റാണ്ടുകൾ പിന്നിടുമ്പോൾ ഭാരതത്തിലെ ഏറ്റവും വലിയ ആത്മീയ സംഗമങ്ങളിലൊന്നായി മാറിക്കഴിഞ്ഞു. വിവിധ ഗോത്രങ്ങളിൽ നിന്നും ഭാഷകളിൽ നിന്നുമായി പതിനായിരങ്ങൾ പങ്കെടുക്കുന്നു ഈ ആത്മീക സംഗമത്തിന്റെ സംഘാടകർ ഫിലദൽഫിയ ഫെലോഷിപ്പ് ചർച്ച് ഓഫ് ഇന്ത്യയാണ്. ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിലായി ആയിരത്തിൽ അധികം സഭകൾ ഫിലദൽഫിയ ഫെലോഷിപ്പിനുണ്ട്.

## ചർച്ച് ഓഫ് ഗോഡ് നോർത്തേൺ റീജിയന് പുതിയ ഡിസ്ട്രിക്ട്



പാസ്റ്റർ ജോൺ ജോർജ്ജ് സഹപ്രവർത്തകരും, നോർത്തേൺ റീജിയൺ ഓവർസിയർ പാസ്റ്റർ രാജൂ തോമസ്, മിസിസ്സ് രാജൂ തോമസ്, ചർച്ച് ഓഫ് ഗോഡ് കുവൈറ്റ് നാഷണൽ ഓവർസിയർ പ്രൊഫ. സുശീൽ മാത്യു എന്നിവരോടൊപ്പം.

കഴിഞ്ഞ 25 വർഷത്തിലധികമായി വടക്കുപടിഞ്ഞാറൻ രാജസ്ഥാൻ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന പാസ്റ്റർ ജോൺ ജോർജ്ജ് തന്റെ സഹപ്രവർത്തകരോടും സഭകളോടും ഒപ്പം ചർച്ച് ഓഫ് ഗോഡിൽ ലയിച്ചു. തന്നോടൊപ്പം ഇപ്പോൾ 13 പ്രവർത്തകരും, 19 സ്ഥലങ്ങളിൽ കൂടിവരവുകളുമുണ്ട്. ഈ പ്രവർത്തനങ്ങളെ ഉൾപ്പെടുത്തി പുതിയ ഡിസ്ട്രിക്ട് രൂപീകരിച്ചു. ദൈവമക്കൾ ഈ പ്രദേശത്തെ പ്രവർത്തനങ്ങൾക്കായി പ്രാർത്ഥിക്കുക വടക്കേ ഇൻഡ്യൻ ഗ്രാമീണ സുവിശേഷീകരണത്തിൽ ദൈവമക്കളുടെ നിർലോഭമായ സഹായവും സഹകരണവും ഞങ്ങൾക്ക് ആവശ്യമാണ്. ഈ പ്രദേശത്തെ പ്രവർത്തനങ്ങളെക്കുറിച്ച് കൂടുതൽ അറിയുവാൻ ആഗ്രഹിക്കുന്നവർ, ഗ്രാമീണ സുവിശേഷീകരണത്തിൽ പങ്കുകൊള്ളുവാൻ ആഗ്രഹിക്കുന്നവർ ബന്ധപ്പെടുക.

Pastor John George,
House of Prayer, Ward No: 45,
Sureshia Fatehdinawala,
Hanumangarh Jn.,
Rajastan - 335 512
Ph: +91-1552-263746
Mob: +91-94145-08231
Email:
johngeorgegoodnews@gmail.com

# ഓട്ടം തികച്ച് പ്രത്യാശയുടെ തുറമുഖത്ത്



**2014** സെപ്തംബർ 6–ാം തീയതി ഉച്ചയ്ക്ക് ഡാളസ് കരോൾട്ടണിലെ ബെയ്‌ലർ ഹോസ്പിറ്റലിന്റെ ICUവിൽ ദുഃഖാർത്തരായി നിൽക്കുന്ന വിശ്വാസികൾ. അവർ എല്ലാവരും അവരുടെ പ്രീയപ്പെട്ട അമ്മിണി അമ്മാമ്മയുടെ ചുറ്റും കാത്തുനിൽക്കുന്നു. പ്രത്യാശയുടെ ഗാനങ്ങൾ പാടിക്കൊണ്ടിരിക്കെ ആ പ്രീയപ്പെട്ടവളുടെ ആത്മാവ് ഇമ്പങ്ങളുടെ പറുദീസയിലേക്ക് പറന്നുയർന്നു. തന്റെ സഹധർമ്മിണിയുടെ സമീപേ ഇരുന്ന് കൈകൾ തടവിക്കൊണ്ടിരുന്ന ജോർജ്ജ് അച്ചായൻ എന്ന് എല്ലാവരും വിളിക്കുന്ന പൂവക്കാലായിൽ ശ്രീ ജോർജ്ജ് കുര്യന്റെ മനസ് ഒന്നു പിടഞ്ഞു. മക്കൾ വിതുമ്പലടക്കുവാൻ ഭാരപ്പെട്ടു. കൂട്ടുവിശ്വാസികൾ കണ്ണീരോടെ ചുറ്റും നിന്നു. എങ്കിലും എല്ലാ മുഖങ്ങളിലും പ്രത്യാശയുടെ ഉറപ്പ്. കാരണം അവരെ വിട്ട് കടന്നുപോയ അവരുടെ പ്രീയ അമ്മിണി എന്ന ശോശാമ്മ ജോർജ്ജ് ഇമ്പങ്ങളുടെ പറുദീസയിലേക്ക് എടുക്കപ്പെട്ടു എന്ന ഉറപ്പ് എല്ലാവർക്കും ഉണ്ട്. 68 വർഷത്തെ ഇഹലോകജീവിതവാസത്തിന് തിരശ്ശീല വീണിരിക്കുന്നു. ധീരയായ ഒരു വിശ്വാസി, ഒരു പ്രാർത്ഥനാ പോരാളി, കഷ്ടതയിലും പതറാതെ ഉറച്ചുനിന്ന ഒരു ദൈവപൈതൽ, ദീനാനുകമ്പയുള്ള ഒരു കൂട്ടുവിശ്വാസി അങ്ങനെ എത്രയോ വിശേഷണങ്ങൾക്കുടമയായിരുന്നു ശ്രീമതി ശോശാമ്മ ജോർജ്ജ്. തന്റെ ജീവിതം തന്നെ സാക്ഷ്യമാക്കി മാറ്റിയ ദൈവപൈതൽ. ഓട്ടം തികച്ച് അക്കരെ നാട്ടിലേക്ക് വിശ്രമത്തിനായി കടന്നുപോയ അമ്മിണിയുടെ ജീവിതം കഠിന ശോധനകളുടേതായിരുന്നു. എന്നാൽ പിറുപിറുപ്പുകൂടാതെ സകലതും സഹിച്ച ഈ ദൈവപൈതൽ ഏവർക്കും മാതൃകയായിരുന്നു.

മലയോരഗ്രാമമായ വെച്ചൂച്ചിറയിലെ ഒരു സാധാരണ കുടുംബത്തിലാണ് ശോശാമ്മ ജനിച്ചത്. കൂവപ്പുഴ പുതുപ്പറമ്പിൽ കുടുംബക്കാർ സി. എസ്. ഐ. സഭാവിശ്വാസികളായിരുന്നെങ്കിലും ദൈവഭയമുള്ളവരായിരുന്നു. വെച്ചൂച്ചിറയിലെ ഐ. പി. സി. സഭയുടെ പ്രാരംഭഘട്ടമായിരുന്നു അക്കാലം. ശോശാമ്മയും സഹോദരങ്ങളും സണ്ടേസ്കൂൾ പഠനത്തിനായി ഐ. പി. സി. സഭയിലെത്തി. അത് ശോശാമ്മയുടെ ജീവിതത്തെ രൂപാന്തരപ്പെടുത്തി. ഒരു ദൈവപൈതലായി ജീവിക്കാനും ജീവിതം കർത്താവിനായി സമർപ്പിക്കുവാനും അത് മുഖാന്തിരമായി.

17–ാം വയസ്സിൽ നേഴ്സിംഗ് പഠനത്തിനായി ഡൽഹിയിലെത്തിയത് ജീവിതത്തിൽ വഴിത്തിരിവായി. വെച്ചൂച്ചിറ എന്ന കൊച്ചുഗ്രാമത്തിൽ നിന്നും ഡൽഹിയെന്ന മഹാനഗരത്തിലെത്തിയ തനിക്ക് ഹൃദയത്തിൽ മുളച്ചിരുന്ന വചനം തുണയായി. ഒരു മാതൃകയുള്ള ദൈവപൈതലായി ജീവിക്കുവാൻ ദൈവം തന്നെ സഹായിച്ചു. പാസ്റ്റർ കെ. റ്റി. തോമസിന്റെ സഭയിലെ സജീവ അംഗമായി മാറിയ ശോശാമ്മ വിശ്വാസത്തിന്റെ പാഠങ്ങൾ ജീവിതത്തിൽ പഠിച്ചെടുത്തു. പാസ്റ്റർ മാങ്ങാനം ജോസഫിന്റെ കൈക്കീഴിൽ വിശ്വാസ സ്നാനം സ്വീകരിച്ച ശോശാമ്മ തികഞ്ഞ വിശ്വാസിയും പ്രാർത്ഥനാപ്പോരാളിയുമായി മാറി.

പഠനാനന്തരം ഡൽഹിയിൽ തന്നെ ജോലി ചെയ്ത ശോശാമ്മയെതേടി വിവാഹാലോചനകൾ പലതും വന്നുകൊണ്ടിരുന്നു. ആഞ്ഞിലിത്താനം പൂവക്കാലായിൽ പാസ്റ്റർ പി. എം. കുര്യന്റെ (ആഞ്ഞിലിത്താനം സഭയുടെ സ്ഥാപകനും ഐ. പി. സിയുടെ ആരംഭകാല ശുശ്രൂഷകരിലൊരാളുമായിരുന്നു പാസ്റ്റർ പി. എം. കുര്യൻ. ഇദ്ദേഹത്തെക്കുറിച്ച് പാസ്റ്റർ കെ. ഇ. ഏബ്രഹാം തന്റെ ആത്മകഥയിൽ ഹൃദയസ്പർശിയായി രേഖപ്പെടുത്തിയിട്ടുണ്ട്) മകനും മിലിറ്ററി മെഡിക്കൽ കോറിൽ ഉദ്യോഗസ്ഥനുമായിരുന്ന ജോർജ്ജ് കുര്യനുമായി 1971 ഏപ്രിൽ 15–ന് വിവാഹം നടന്നു. ഡൽഹിയിൽ താമസമാക്കിയ ദമ്പതികൾക്ക് ദൈവം രണ്ടു പൈതങ്ങളെ ദാനമായി നൽകി; ഷൈനിയും ഷിബുവും.

മലയാളികളുടെ സ്വപ്ന ഭൂമിയായ അമേരിക്കയിലേക്ക് 1974 സെപ്തംബറിലാണ് ശോശാമ്മ എത്തുന്നത്. അയോവയിലെത്തിയ തനിക്ക് 24 മണിക്കൂറിനകം ജോലി ലഭിച്ചത് ദൈവീക കരുതലായിരുന്നു. 1975 ആഗസ്റ്റിൽ ജോർജ്ജ് കുര്യനും രണ്ടു മക്കളും അമേരിക്കയിലെത്തി. അയോവയിൽ നിന്നും ടെക്സസ് സ്റ്റേറ്റിലെ ഡാളസിലേക്ക് 1979–ൽ ഇവർ എത്തുമ്പോൾ 22 മലയാളി പെന്തെക്കോസ്തു കുടുംബങ്ങൾ മാത്രമേ ഈ പട്ടണത്തിലുണ്ടായിരുന്നുള്ളൂ. പാസ്റ്റർ കെ. സി. ചാക്കോ ശുശ്രൂഷിക്കുന്ന സഭയിലാണ് അക്കാലത്ത് ആരാധിച്ചുവന്നത്. ഐ. പി. സി. സഭയുടെ പ്രവർത്തനം ചില വർഷങ്ങൾക്കുശേഷം ആരംഭിക്കുമ്പോൾ ഈ പ്രീയപ്പെട്ടവരും അതിന്റെ ഭാഗമാകാൻ തീരുമാനിച്ചു. ഈ സമയത്ത് ദൈവം ഒരു പൈതലിനെകൂടി നൽകി ഇവരുടെ കുടുംബത്തെ ദൈവം അനുഗ്രഹിച്ചു. ഹൂസ്റ്റൺ ഹെബ്രോൻ സഭയാണ് പ്രവർത്തനത്തിന് തുടക്കം കുറിച്ചത്. 1986–ൽ ഡാളസ് ഹെബ്രോൻ ഐ. പി. സി.ക്കു ആരംഭം കുറിക്കുമ്പോൾ ആരാധനയ്ക്കായി സ്ഥലം ഇല്ലായിരുന്നു. ആരാധനയ്ക്കായി സ്വന്തഭവനം തുറന്നു കൊടുത്തുകൊണ്ട് പൂവക്കാലായിൽ ജോർജ്ജ് കുര്യൻ – ശോശാമ്മ ദമ്പതികൾ സഭയുടെ പ്രവർത്തനങ്ങൾക്ക് മുന്നണിയിൽ തന്നെ നിന്നു. ഐ. പി. സി. ഹെബ്രോന്റെ ചരിത്രം അവിടെ ആരംഭിക്കുന്നു. 28 വർഷങ്ങൾക്കിപ്പുറം അമേരിക്കയിലെ പ്രധാന സഭകളിലൊന്നായി ഈ സഭ മാറിയിരിക്കുന്നു. സഭയുടെ ചരിത്രത്തിലെ പ്രധാന ഭാഗമാണ് ഈ കുടുംബം എന്നതിൽ സംശയമില്ല. ദൈവമക്കളെ സ്നേഹിക്കുന്നതിലും കരുതുന്നതിലും സഭാ ശുശ്രൂഷകന്മാരെ ബഹുമാനിക്കുന്നതിലും പ്രാർത്ഥിക്കുന്നതിലും സുവിശേഷം പങ്കിടുന്നതിലും എല്ലാം അമ്മിണി മുൻനിരയിലുണ്ടായിരുന്നു. സ്വന്ത കുടുംബത്തെ പോലെയോ അതിലുപരിയോ അമ്മിണി ഹെബ്രോൻ ഐ. പി. സി. യെ സ്നേഹിച്ചിരുന്നു എന്ന വസ്തുത ഏവർക്കും വ്യക്തം. അതിന്റെ വളർച്ചയ്ക്കായും നിലനിൽപ്പിനായും യത്നിക്കുക എന്നത് തനിക്ക് പ്രാണവായു പോലെയായിരുന്നു.

ജീവിതത്തിലെ കഠിനമായ പരിശോധനാ വേളകളിൽ ഒട്ടും പതറിപ്പോകാതെ ശക്തമായ പ്രാർത്ഥനയിലൂടെയും ഉറച്ച വിശ്വാസത്തോടെയും താൻ വിടുതൽ ഏറ്റെടുത്തു. 1982 ജോർജ്ജച്ചായന്റെ



ജീവിതത്തിൽ വലിയ പരിശോധനയുടെ കാലമായിരുന്നു. നിരന്തരമായി തന്നെ അലട്ടിയിരുന്ന തലവേദന മാരകരോഗമാണെന്ന് നിനച്ചിരുന്നില്ല. മാരകമായ ബ്രെയിൻ ട്യൂമർ, ചികിത്സകൊണ്ടു ഭേദമാകില്ലെന്ന് വൈദ്യശാസ്ത്രം വിധിയെഴുതിക്കഴിഞ്ഞു. മരണത്തിന്റെ കാലൊച്ചകൾ അടുത്തുവരുമ്പോൾ എല്ലാവരും പതറിപ്പോയ നിമിഷങ്ങൾ. പറക്കമുറ്റാത്ത 3 കുഞ്ഞുങ്ങളുമായി ഭാര്യ എന്തുചെയ്യുമെന്നറിയാതെ ജോർജ്ജച്ചായൻ പകച്ചുനിന്നു. മരണത്തെ സ്വീകരിപ്പാൻ തയ്യാറായി കാര്യങ്ങൾ അമ്മിണിയെ പറഞ്ഞേൽപ്പിച്ചു. പക്ഷേ അമ്മിണി വിട്ടുകൊടുക്കാൻ തയ്യാറായില്ല. തകർന്ന ഹൃദയത്തോടെയെങ്കിലും ഉറച്ച വിശ്വാസത്തോടെ അമ്മിണി ആശുപത്രിക്കിടക്കയുടെ അരികെ പ്രാണപ്രീയനോട് ഉറക്കെ നിലവിളിച്ചു. “കാര്യാലിൽ ഫിലിപ്പോസിന്റെയും പൂവക്കാലായിൽ കുര്യാച്ചന്റെയും ദൈവമെ എന്റെ പ്രീയപ്പെട്ടവനെ വിടുവിക്കേണമെ” എന്ന പ്രാർത്ഥന അവിടെ അത്ഭുതമായി മാറി. ജോർജ്ജച്ചായനെ ദൈവകരം സ്പർശിച്ചു. പിറ്റേ ദിവസം നടത്തിയ പരിശോധനയിൽ ട്യൂമർ അപ്രത്യക്ഷമായിരുന്നു. വൈദ്യശാസ്ത്രം അത്ഭുതം കൂറിയ നിമിഷമായിമാറി അത്. ജോർജ്ജച്ചായനു സൗഖ്യം ലഭിച്ചതോടെ ശാന്തമായി ഒഴുകിയ കുടുംബജീവിതത്തിലേക്ക് പരിശോധനയുടെ കൊടുങ്കാറ്റ് പിന്നെയും ചീറിയടിച്ചു.

1989ലെ പതിവ് വൈദ്യ പരിശോധനയിൽ അമ്മിണിയുടെ നാവിൽ കാൻസറാണെന്ന് കണ്ടുപിടിക്കപ്പെട്ടു. ഈ കാര്യം ആരെയും അറിയിക്കാതെ കർത്തൃദാസി ദൈവസന്നിധിയിൽ പ്രാർത്ഥിച്ചുകൊണ്ടിരുന്നു. രോഗം കഠിനമായ വേളയിൽ താൻ സർജറിക്ക് വിധേയ ആയി. പിളർന്ന നാവിലെ തയ്യൽ വിട്ട് വീണ്ടും തയ്യൽ ഇടാൻ പറ്റാത്ത സാഹചര്യം ഉളവായി. ഇനി ഈ നാവുകൊണ്ട് സംസാരിക്കുവാൻ കഴിയില്ലെന്ന് വിധിയെഴുതി വായ് മൂടിക്കെട്ടി ഡോക്ടർമാർ പോയി. അമ്മിണി നിശബ്ദമായി കരഞ്ഞു. അമ്മിണിക്കുവേണ്ടി ആയിരങ്ങൾ ഇടിവിൽ നിന്നു കരഞ്ഞു. ദൈവം അത്ഭുതം പ്രവർത്തിച്ചു. ഇനി സംസാരിക്കുവാൻ സാധ്യമല്ല എന്നു വിധിയെഴുതിയ ഡോക്ടർമാരെ അത്ഭുതപ്പെടുത്തുന്ന കാഴ്ചയായിരുന്നു അവർ കണ്ടത്. ഡ്രസിങ്ങിനായി വായുടെ കെട്ടഴിച്ച ഡോക്ടർമാർ കണ്ടത് ഒരു പാടുപോലും ശേഷിക്കാതെ പൂർവ്വസ്ഥിതിയിലായ നാവാണ്. അതിനാൽ ആയിരിക്കാം അമ്മിണി എന്ന ദൈവപൈതലിന് കർത്താവിനെപ്പറ്റി പറയുവാൻ എന്നും ആയിരം നാവായിരുന്നു.

ഇളയ മകൻ ഷെൽബിക്ക് ലിംഫോമാ എന്ന കാൻസർ ഫോർത്ത് സ്റ്റേജ് ആണെന്ന് തെളിഞ്ഞപ്പോൾ കേട്ടവർ എല്ലാവരും സ്തബ്ദരായി ഹെബ്രോൻ ഐ. പി. സി.യിലെ ഇംഗ്ലീഷ് വർഷിപ്പിന് നേതൃത്വം നൽകിയിരുന്ന ഷെൽബി തികഞ്ഞ ആത്മീയതയുള്ള പൈതലായിരുന്നു. കഠിനമായ ചികിത്സയുടെ നാളുകൾ, വേദന കാർന്നു തിന്നുമ്പോഴും ഷെൽബി ദൈവകൃപയിലാശ്രയിച്ചു. സഹതപിക്കുന്നവരെ താൻ ആശ്വസിപ്പിച്ചു. അമ്മിണി ദൈവപാദപീഠത്തിൽ ശരണപ്പെട്ടു. ദൈവം അത്ഭുതം പ്രവർത്തിച്ചു. മരണത്തിന്റെ തണുത്ത കരങ്ങളിൽ നിന്നും പ്രാർത്ഥനയാൽ ഷെൽബി രക്ഷപ്പെട്ടു. അചഞ്ചലമായ വിശ്വാസവും ദൈവാശ്രയവും ദൈവീക വിടുതലായി മാറി. ഷെൽബിയും ഭാര്യ ഷാരനും ഇന്ന് കുടുംബമായി ജോലിയോടൊപ്പം ദൈവീക പ്രവർത്തനങ്ങളിൽ വ്യാപൃതരായിരിക്കുന്നു.

നീതിമാന്റെ അനർത്ഥങ്ങൾ അസംഖ്യമാകുന്നു എന്ന വചനം അന്വർത്ഥമാകും വിധം ഈ കുടുംബം ശോധനയിലൂടെ കടന്നുപൊയ്ക്കൊണ്ടിരുന്നു. 2005ലും 2011ലും ജോർജ്ജച്ചാനുണ്ടായ കടുത്ത ഹൃദയാഘാതവും 1999–ൽ കർത്തൃദാസി അമ്മിണിക്ക് ഗൈനക്കോളജി സംബന്ധമായ സർജ്ജറിയും എല്ലാം ഈ പ്രീയപ്പെട്ടവരെ ദൈവത്തോടു കൂടുതൽ അടുപ്പിക്കുകയാണ് ചെയ്തത്.

2011–ൽ അമ്മിണി വീണ്ടും രോഗബാധിതയായി മാറി. ഹൃദയ സംബന്ധമായ പ്രശ്നങ്ങൾ. വിശദമായ പരിശോധനക്കൊടുവിൽ തന്റെ കിഡ്നി പ്രവർത്തനരഹിതമായിരിക്കുന്നുവെന്ന് കണ്ടുപിടിക്കപ്പെട്ടു. 2011 ജൂലൈ മാസം മുതൽ ഡയാലിസിസിനു വിധേയ ആയി. ഡയാലിസിസിനായി സ്റ്റെന്റ് പിടിപ്പിച്ചിരുന്ന കൈയിലെ ഭാഗം പഴുത്ത് ഇൻഫക്ഷനായി. രണ്ടര ആഴ്ചയോളം കഠിനവേദന സഹിച്ച് ഹോസ്പിറ്റലിൽ കിടന്നു ഡിസ്ചാർജ്ജ് ചെയ്യുന്നതിന് തൊട്ടുമുമ്പുള്ള ദിവസം ഡയാലിസിസ് നടത്തിക്കൊണ്ടിരിക്കെ രക്തധമനി പൊട്ടി രക്തം പുറത്തേക്കൊഴുകുവാൻ തുടങ്ങി. രക്തം വാർന്നൊഴുകി ബോധം മറയുമ്പോൾ കരങ്ങൾ ഉയർത്തി ദൈവത്തിനു സ്തോത്രം ഉറക്കെപ്പറഞ്ഞു. അബോധാവസ്ഥയിലേക്ക് വീണ അമ്മിണിയെ നോക്കി ഡോക്ടർ വിധിയെഴുതി ഇവൾ മരിക്കുവാൻ പോകുകയാണ്. എന്നാൽ ദൈവത്തിന്റെ വിടുതൽ അവിടെ വ്യാപരിച്ചു. മാനുഷിക വിധികളെ മറികടന്ന് അമ്മിണി ജീവിതത്തിലേക്ക് മടങ്ങി വന്നു.

2013 ന്റെ മധ്യഭാഗമായപ്പോഴേക്കും ശാരീരിക ബലഹീനത തന്നെ കൂടുതൽ അലട്ടുവാൻ തുടങ്ങി. തന്റെ സൗഖ്യത്തിനായി പ്രാർത്ഥിക്കുവാനല്ല പ്രത്യുത പ്രീയന്റെ സന്നിധിയിലേക്കു ചേരുവാനുള്ള ഒരുക്കത്തിലായിരുന്നു അമ്മിണി. ജൂലൈ 22ന് തന്റെ മരണവുമായി ബന്ധപ്പെട്ട് ചെയ്യേണ്ട കാര്യങ്ങൾ എല്ലാം താൻ തന്റെ പ്രീയ ജോർജ്ജച്ചായനെ പറഞ്ഞ് ഭരമേൽപ്പിച്ചു. ദൈവദൂതന്മാർ വന്ന് പുഞ്ചിരിതൂകി മടങ്ങുന്ന കാഴ്ച താൻ കണ്ടു. പ്രത്യാശ നാട്ടിലേക്കുള്ള യാത്ര അടുത്തു എന്ന ബോധ്യത്തോടെ എല്ലാം ക്രമപ്പെടുത്തി. സെപ്തംബർ 3–ന് തന്റെ പ്രീയ സഹോദരൻ ജോയിയെ (ഏബ്രഹാം പി. ഏബ്രഹാം) വിളിച്ച് കാര്യങ്ങൾ പറഞ്ഞ് ഭരമേൽപ്പിച്ചു. ദൂതന്മാർ വന്നിരിക്കുന്നു. ഞാൻ വീട്ടിലേക്കു പോകുന്നുവെന്ന് പറഞ്ഞു. താൻ മയക്കത്തിലേക്കു വീണു. സെപ്തംബർ 6 ശനിയാഴ്ച ഉച്ചയ്ക്ക് 1.15ന് ആ രാപ്പാടി പറന്നുകന്നു. ഇമ്പങ്ങളുടെ പറുദീസയിൽ പ്രീയന്റെ ഗാനം പാടുവാനായി.

ജീവിതത്തിലെ കഠിന ശോധനകളിൽ പതറാതെ നല്ല കുടുംബിനിയായി, ഉത്തമവിശ്വാസിയായി പ്രാർത്ഥനാ പോരാളിയായി, നല്ല സഹോദരിയായി, അമ്മിണി തന്റെ ദൗത്യം നിർവ്വഹിച്ചു. വെച്ചൂച്ചിറ കൂവപ്പുഴ മത്തായി ഏബ്രഹാം ദമ്പതികളുടെ മകൾ, ആഞ്ഞിലിത്താനം പൂവക്കാലായിൽ ജോർജ്ജ് കുര്യന്റെ ഭാര്യ, ഷൈനിയുടെയും ഷിബുവിന്റെയും ഷെൽബിയുടെയും പ്രീയ മാതാവ് എന്നിങ്ങനെ വിവിധ ലേബലുകളേക്കാൾ അമ്മിണിയെന്ന പ്രാർത്ഥനാപോരാളിയെ, തങ്ങളെ കരുതി സഹോദരിയെ ഡാളസിലെ ദൈവമക്കൾ മറക്കില്ല. മരണത്തെ ഭയപ്പെടാതെ പ്രാണപ്രീയനായി ഓടി അക്കരെ നാട്ടിലെത്തിയിരിക്കുന്നു ഈ ദൈവദാസി.


തയ്യാറാക്കിയത്



സാം മാത്യു, ഡാളസ്

# നോർത്ത് അമേരിക്ക ഐ.പി.സി. ഈസ്റ്റേൺ റീജിയൻ

# 24–ാമതു വാർഷിക കൺവൻഷൻ

ഇന്ത്യാ പെന്തെക്കോസ്തു ദൈവസഭ ഈസ്റ്റേൺ റീജിയന്റെ 24-ാമതു വാർഷിക കൺവൻഷൻ വളരെ വിപുലമായ പരിപാടികളോടെ ന്യൂയോർക്കിൽ ചെയ്തുവരുന്നതായി റീജിയൻ സെക്രട്ടറി റവ. ജോസഫ് വില്യം അറിയിക്കുന്നു. ഒക്ടോബർ 10 -നു വെള്ളിയാഴ്ച രാത്രിയിൽ ആരംഭിക്കുന്ന വാർഷിക സമ്മേളനം 12 നു ഞായറാഴ്ച പകൽ നടക്കുന്ന സംയുക്ത സഭായോഗത്തോടുകൂടി സമാപിക്കുന്നതാണ്. ന്യൂയോർക്കിലുള്ള ഷാമിനേഡ് ഹൈസ്കൂൾ ഓഡിറ്റോറിയത്തിലാണ് (Chaminade High School, 340 Jackson Ave, Mineola, NY. 11501) ഈ വർഷത്തെ മീറ്റിംഗുകൾ ക്രമീകരിച്ചിരിക്കുന്നത്. ഒക്ടോബർ 10 നു വെള്ളിയാഴ്ച നടക്കുന്ന പ്രഥമസമ്മേളനം വൈകിട്ട് ഏഴിന് ആരംഭിക്കും. ശനിയാഴ്ച വൈകിട്ട് 6.30 നും ഞായറാഴ്ച നടക്കുന്ന സംയുക്ത ആരാധന രാവിലെ 9 മണിക്കുമാണ് ആരംഭിക്കുക.

മലയാളത്തിലും ഇംഗ്ലീഷിലും പ്രത്യേകം മീറ്റിംഗുകളാണ് സംഘാടകർ ക്രമീകരിച്ചിരിക്കുന്നത്. മലയാളം മീറ്റിംഗുകളിൽ ഇന്ത്യയിൽ നിന്ന് കടന്നു വന്നിരിക്കുന്ന പാസ്റ്റർ റ്റി.ഡി ബാബു വചന ശുശ്രൂഷ നിർവഹിക്കും. നിരവധി മെഗാ സമ്മേളനങ്ങളിൽ വചന ശുശ്രൂഷ ചെയ്തിട്ടുള്ള ഇദ്ദേഹം ഇക്കാലങ്ങളിൽ ദൈവം തന്റെ കരങ്ങളിൽ ശക്തമായി ഉപയോഗിച്ചു കൊണ്ടിരിക്കുന്ന ഒരു അനുഗ്രഹീതനായ പ്രസംഗകനാണ്.

ഒക്ടോബർ 10 നു വെള്ളിയാഴ്ച വൈകിട്ടു പ്രഥമ സമ്മേളനം റീജിയൻ പ്രസിഡന്റ് പാസ്റ്റർ ഫിലിപ്പ് ഉദ്ഘാടനം ചെയ്യുന്നതാണ്. ഒക്ടോബർ 11 നു ശനിയാഴ്ച പകൽ 2 മണിക്ക് റീജിയനിലുള്ള സഹോദരിമാരുടെ സമ്മേളനം സിസ്റ്റർ വത്സാ ജോൺസന്റെ അധ്യക്ഷതയിൽ നടക്കും ആ സമ്മേളനത്തിൽ സിസ്റ്റർ ഗ്രേസ് ജോൺസൺ വചനശുശ്രൂഷ നിർവ്വഹിക്കും. റീജിയൻ സണ്ടേസ്കൂൾ സമ്മേളനം പാസ്റ്റർ ആൽവിൻ ഡേവിഡിന്റെ അധ്യക്ഷതയിൽ 4.30 നു ആരംഭിക്കും. സണ്ടേസ്കൂൾ അധ്യാപകരും കുട്ടികളും മാതാപിതാക്കളും ഈ മീറ്റിംഗിൽ സംബന്ധിക്കാൻ താൽപര്യപ്പെടുന്നു. ഞായറാഴ്ച പകൽ നടക്കുന്ന സംയുക്ത ആരാധനയിലെ തിരുവത്താഴ ശുശ്രൂഷയിൽ പങ്കെടുക്കാൻ റീജിയനിലുള്ള വിവിധ സംസ്ഥാനങ്ങളിൽ നിന്ന് എത്തിച്ചേരുന്നതാണ്. മസാച്ചൂസറ്റ്സ്, കണക്റ്റിക്കട്ട്, ന്യൂയോർക്ക്, ന്യൂജേഴ്സി, പെൻസിൽവേനിയ, മെറിലാന്റ് എന്നീ സംസ്ഥാനങ്ങളും വാഷിംഗ്ടൺ ഡസിയും ഉൾപ്പെട്ടതാണ് ആ റീജിയൻ.

ഇന്ത്യാ പെന്തെക്കോസ്തു ദൈവസഭയുടെ വിദേശത്തുള്ള ഏറ്റവും വലിയ റീജിയനാണ് ഐ.പി.സി. ഈസ്റ്റേൺ റീജിയൻ.

കൺവൻഷന്റെ വിവിധ മീറ്റിംഗുകളിൽ റീജിയൻ മലയാളം ക്വയർ ഗാനശുശ്രൂഷ നിർവ്വഹിക്കും. കൺവൻഷന്റെ അനുഗ്രഹകരമായ നടത്തിപ്പിനു വേണ്ടി കൺവൻഷൻ കമ്മറ്റി പ്രവർത്തിച്ചു വരുന്നു. യുവജന സംഘടനയായ പി.വൈ.പി.എ പ്രവർത്തനങ്ങൾ ബ്രദർ പ്രിൻസൺ ഏബ്രഹാമിന്റെ നേതൃത്വത്തിൽ വളരെ അനുഗ്രഹകരമായി നടക്കുന്നു. ഇന്ത്യാ പെന്തെക്കോസ്തു ദൈവസഭയുടെ വിവിധ ആത്മിക പ്രവർത്തനങ്ങൾക്കും വിവിധ ചാരിറ്റി പ്രവർത്തനങ്ങൾക്കും ഈ റീജിയൻ ഔദാര്യമായി സഹായങ്ങൾ ചെയ്തു വരുന്നു. ഐ.പി.സി. ഈസ്റ്റേൺ റീജിയൻ വാർഷിക കൺവൻഷൻ നോർത്തമേരിക്കയിൽ നടക്കുന്ന സുപ്രധാനമായ ഒരു ആത്മികസമ്മേളനമാണ്.

**കൺവൻഷനെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾക്ക്:**

പാസ്റ്റർ പി. ഫിലിപ്പ് (പ്രസിഡന്റ്) 201 845 4213; പാസ്റ്റർ ഇട്ടി എബ്രഹാം (വൈസ് പ്രസിഡന്റ്) 718 762 3064; പാസ്റ്റർ ജോസഫ് വില്യംസ് (സെക്രട്ടറി) 845 893 5433; ബ്രദർ തോമസ് വർഗീസ് (ജോ. സെക്രട്ടറി) 516 728 1407; ബ്രദർ സാം തോമസ് (ട്രഷറർ) 516 967 2307 എന്നിവരുമായി ബന്ധപ്പെടുക.

**വെബ്സൈറ്റ്: www.ipcnorthamerica.com സന്ദർശിക്കുക.**

## പ്രസംഗകർ



പാസ്റ്റർ റ്റി. ഡി. ബാബു



പാസ്റ്റർ ഫിനു ഐപ്പ്



പാസ്റ്റർ പി. ഫിലിപ്പ് (പ്രസിഡന്റ്)



പാസ്റ്റർ ഇട്ടി ഏബ്രഹാം (വൈസ് പ്രസിഡന്റ്)



പാസ്റ്റർ ജോസഫ് വില്യംസ് (സെക്രട്ടറി)



ബ്രദർ തോമസ് വർഗീസ് (ജോ.സെക്രട്ടറി)



ബ്രദർ സാം തോമസ് (ട്രഷറർ)

## യുവജനങ്ങൾക്കുവേണ്ടി പ്രത്യേക മീറ്റിംഗുകൾ

ഐ.പി.സി. ഈസ്റ്റേൺ റീജിയൻ കൺവൻഷനിൽ യുവജനങ്ങളെയും കുട്ടികളെയും ഉദ്ദേശിച്ച് പ്രത്യേക മീറ്റിംഗുകളാണ് സംഘാടകർ ക്രമീകരിച്ചിരിക്കുന്നത്. പാസ്റ്റർ ഫിനു ഐപ്പ് (കാനഡ) ഈ വർഷത്തെ യുവജനമീറ്റിംഗിൽ പ്രസംഗിക്കും. ലോകത്തിന്റെ മിക്ക രാജ്യങ്ങളിലും ഇതിനോടകം സഞ്ചരിച്ച് ക്രൂസേഡുകളിലും കൺവൻഷനുകളിലും ദൈവവചനം ശുശ്രൂഷിക്കുന്ന അനുഗ്രഹിക്കപ്പെട്ട ഒരു യൗവനക്കാരനാണു പാസ്റ്റർ ഫിനു ഐപ്പ്. ഇദ്ദേഹത്തിന്റെ ആത്മികശുശ്രൂഷ യൗവനക്കാർക്ക് ഒരു വെല്ലുവിളിയായിരിക്കും. ഇദ്ദേഹത്തെ കൂടാതെ റീജിയനിൽപ്പെട്ട വിവിധ ശുശ്രൂഷകരും യുവജനപ്രതിനിധികളും വിവിധ മീറ്റിംഗുകൾക്ക് നേതൃത്വം നൽക്കുന്നതാണ്. ഈ മീറ്റിംഗുകളിൽ റീജിയൻ ഇംഗ്ലീഷിൽ നടക്കുന്ന മീറ്റിംഗുകളെ കുറിച്ച് കൂടുതൽ അറിയുവാൻ പി.വൈ.പി.എ ഭാരവാഹികളുമായി ബന്ധപ്പെടുക: പി.വൈ.പി.എ പ്രസിഡന്റ് ബ്രദർ എബ്രഹാം (914 439 4815). കൂടാതെ പി.വൈ.പി.എ യുടെ ഔദ്യോഗിക വെബ്സൈറ്റായ www.pypa.org

# മധ്യപ്രദേശിൽ ആരാധനാലയം തീവെച്ചു, പോലീസ് അന്വേഷണം ആരംഭിച്ചു



പ്രകാശ് പി. കോശി

മധ്യപ്രദേശിൽ മാണ്ഡല ജില്ലയിൽ സുവിശേഷ വിരോധികൾ ബിലീവേഴ്സ് ചർച്ചിന്റെ ആരാധാനാലയം തീവച്ച് നശിപ്പിച്ചു. സെപ്തംബർ 19നായിരുന്നു സഭ അഗ്നിക്കിരയായത്. സംഭവത്തെ തുടർന്ന് പോലീസ് അന്വേഷണം ആരംഭിച്ചു. വെള്ളിയാഴ്ച രാവിലെ പ്രാർത്ഥനക്കെത്തിയ വിശ്വാസികളാണ് ആരാധനാലയം കത്തിയമർന്ന രീതിയിൽ കണ്ടത്. ചർച്ചിന്റെ പാസ്റ്റർ പോലിസിന് കൊടുത്ത മൊഴി അനുസരിച്ച്, സാമൂഹ്യവിരുദ്ധർ സഭയുടെ പ്രധാന വാതിൽ തകർത്ത് അകത്ത് കയറി ബൈബിൾ, കാർപറ്റ്, സംഗീത ഉപകരണങ്ങൾ ഇവയ്ക്ക് തീ കൊളുത്തി. തീ മൂലം സഭ പൂർണ്ണമായി കത്തിനശിച്ചു, പറഞ്ഞു സഭാ പാസ്റ്റർ രാജേഷ് പാർഥേ. മനുഷ്യാവകാശ സംഘടനകളും മറ്റ് ന്യൂനപക്ഷവിഭാഗങ്ങളും ഇത് സംഘപരിവാറിന്റെ പ്രവർത്തിയാണെന്ന് ആരോപിക്കുന്നു. 2003-ൽ ഭാരതീയ ജനതാ പാർട്ടി മധ്യപ്രദേശിൽ അധികാരത്തിൽ വന്നതിന് ശേഷം ക്രൈസ്തവർക്ക് എതിരെ 200-ഉം ആക്രമണങ്ങൾ നടന്നു എന്ന് സഭാ പ്രവർത്തകർ ആരോപിക്കുന്നു. മിക്ക കേസുകളിലും കുറ്റക്കാർ ശിക്ഷിക്കപ്പെടുന്നില്ല. കഴിഞ്ഞ പത്ത് വർഷത്തിൽ ആദ്യമായാണ് ഇങ്ങനെയൊരു ആക്രമണം സഭ അഭിമുഖീകരിച്ചെന്ന് സഭാ പാസ്റ്റർ പാർഥേ പറഞ്ഞു.

സംഭവം നടന്ന ഗ്രാമത്തിൽ മതപരമായ പ്രശ്നങ്ങളോ കലഹങ്ങളോ നടന്നിട്ടില്ല എന്ന് പോലീസ് പറഞ്ഞു. പോലീസ് കുറ്റക്കാരെ കണ്ടുപിടിക്കാൻ സഹായിക്കുന്നവർക്ക് 15,000 രൂപയുടെ പാരിതോഷികം പ്രഖ്യാപിച്ചിട്ടുണ്ട്. മദ്യാസക്തിയിൽ ആരോ ഇത് ചെയ്തതെന്നായിരുന്നു പോലീസിന്റെ ഭാഷ്യം. സംഭവം സാമൂഹ്യ പ്രശ്നമാകാതിരിക്കാൻ പോലീസ് ഗ്രാമത്തിൽ പട്രോളിംഗ് ഏർപ്പെടുത്തി. കത്തിയമർന്ന സഭാ ഹാളിനടുത്ത് നിന്ന് നാല് മദ്യകുപ്പികൾ പോലീസ് കണ്ടെടുത്തു. "ഏകദേശം 50 കുടുംബങ്ങൾ ഈ സഭയിൽ ആരാധിക്കുന്നു. യോഗങ്ങൾക്കായി ഏകദേശം 250 പേർ ഇവിടെ കൂടിവരാറുണ്ട്. ഇതുവരെ ഈ ഗ്രാമത്തിൽ മതപരമായ തർക്കങ്ങളോ ശത്രുതയോ ഉണ്ടായിട്ടില്ല" സംഭവം അന്വേഷിക്കുന്ന പോലീസ് ഇൻ ചാർജ് രമേഷ് സക്കിയ മാധ്യമങ്ങളോട് പറഞ്ഞു.

## ഡോ.കോര സംസാരിക്കുന്നു



1. യേശുക്രിസ്തുവിനെ വിറ്റ് കാശാക്കുന്ന പ്രോസ്പിരിറ്റിക്കാരുടെ തലതൊട്ടപ്പനാരാണെന്ന് കോരയ്ക്കറിയാമോ – **ഷൈജു ദാനിയേൽ**

*അതു യൂദായല്ലാതെ മറ്റാരാ*

2. ജയലളിത ജയിലിലായത് കോര അറിഞ്ഞില്ലേ – **സുബിൻ കുമ്പനാട്**

*അനധികൃത സ്വത്തു സമ്പാദനത്തിന് അറസ്റ്റ് നടന്നാൽ നമ്മുടെ പല നേതാക്കളും ജയിൽ പുള്ളികളാകും സുബിനേ*

3. പെന്തെക്കോസ്തിൽ വ്യാജ ആത്മാവ് വ്യാപരിക്കുന്നെന്ന വാർത്ത കോര കണ്ടോ – **എബി കുമ്പനാട്**

*നല്ല ആത്മാവിനെ എണ്ണിയെടുക്കുന്നതാകും എളുപ്പം. കാരണം എണ്ണാൻ അധികം കാണില്ലല്ലോ.*

4. ഐ. പി. സിയിൽ എക്സിക്യൂട്ടീവ്സിന്റെ എണ്ണം കൂട്ടാൻ നീക്കം നടക്കുന്നത് കോര അറിഞ്ഞോ – **തോമസ് കുമ്പനാട്**

*ഒടുവിൽ കേരളാ കോൺഗ്രസിന്റെ അവസ്ഥ വരാതിരിക്കുവാൻ പ്രാർത്ഥിക്കാം*

## സണ്ടേസ്കൂളിന് പുതിയ നേതൃത്വം



സുനിൽ പി.വർഗീസ്



പാസ്റ്റർ ജോൺ ഫിലിപ്പ്



ജോർജ് കെ.ജെ.

**പുനലൂർ:** അസംബ്ലീസ് ഓഫ് ഗോഡ് മധ്യമേഖല സണ്ടേസ്കൂൾ കൺവീനറായി സുനിൽ പി.വർഗീസ് മാവേലിക്കര, സെക്രട്ടറിയായി പാസ്റ്റർ ജോൺ ഫിലിപ്പ് മണ്ണൂർ, ട്രഷററായി ജോർജ് കെ.ജെ. പത്തനാപുരം എന്നിവർ തെരഞ്ഞെടുക്കപ്പെട്ടു. കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം ജില്ലകളിലായി 25 സെക്ഷനുകൾ മധ്യമേഖലയിൽ ഉൾപ്പെട്ടിട്ടുണ്ട്.

## തിരഞ്ഞെടുത്തു

**മണ്ണാർക്കാട്:** ഐ.പി.സി. മണ്ണാർക്കാട് ഏരിയ സെക്രട്ടറിയായി പാസ്റ്റർ മെറിൽ എബ്രഹാമിനെയും, പബ്ലിസിറ്റി കൺവീനറായി സിസ്റ്റർ ആലീസ് ഫിലിപ്പിനെയും തിരഞ്ഞെടുത്തു. പാസ്റ്റർ എ.സി എബ്രഹാം ഏരിയ കൺവീനറായി സേവനമനുഷ്ഠിക്കുന്നു.

## പി. വൈ. പി. എ. ഭാരവാഹികൾ



ബ്രദർ ഷിജോ ജോസഫ്



പാസ്റ്റർ ജോബി ജോസഫ്



പാസ്റ്റർ എബ്രഹാം സി. വി.

**കട്ടപ്പന:** ഹൈറേഞ്ച് മേഖല പി. വൈ. പി. എ. ഭാരവാഹികളായി പ്രസിഡന്റ് ബ്രദർ ഷിജോ ജോസഫ് കട്ടപ്പന, വൈസ് പ്രസിഡന്റ് പാസ്റ്റർ സുനിൽ വി. ജോൺ ഉപ്പുതറ, സെക്രട്ടറി പാസ്റ്റർ ജോബി ജോസഫ് തേക്കടി, ജോയിന്റ് സെക്രട്ടറി പാസ്റ്റർ സിനു കെ. പീരുമേട്, ട്രഷറർ പാസ്റ്റർ എബ്രഹാം സി. വി. കുമളി പബ്ലിസിറ്റി കൺവീനർ പാസ്റ്റർ സുനീഷ് പി. കെ. ഉപ്പുതറ, കമ്മറ്റി അംഗങ്ങളായി സുവി. സനീഷ്, സുവി. ബിജു വർഗീസ്, ബ്രദർ ഷിജു എബ്രഹാം, ബ്രദർ പ്രവീൺ എന്നിവർ തെരഞ്ഞെടുക്കപ്പെട്ടു.

## ധനസഹായം നൽകി



**കോട്ടയം:** വാഹനാപകടത്തിൽ ഗുരുതരമായി പരിക്കേറ്റ് കോട്ടയം മെഡിക്കൽ കോളേജിൽ ചികിത്സയിൽ കഴിയുന്ന ചർച്ച് ഓഫ് ഗോഡ് കേരളാ റീജിയൻ ശുശ്രൂഷകൻ പാസ്റ്റർ ഷിബു തോമസിന് ഹൂസ്റ്റൺ ഫുൾ ഗോസ്പൽ ചർച്ച് ഓഫ് ഗോഡ് ധനസഹായം നൽകി. റവ. സണ്ണി താഴാംപള്ളം ആശുപത്രിയിലെത്തി ചികിത്സാ സഹായം കൈമാറി.

അപകടത്തിൽ പാസ്റ്റർ ഷിബു തോമസിന്റെ മൂത്തമകൾ കെസിയ(12) മരണമടഞ്ഞിരുന്നു. പാസ്റ്റർ ഷിബു തോമസിന് അടിയന്തിരമായി ശസ്ത്രക്രിയയും നടത്തേണ്ടി വന്നു. റീജിയൻ എഡ്യൂക്കേഷൻ ഡയറക്ടർ റവ. കെ. സി. സണ്ണിക്കുട്ടിയാണ് വിഷയം സഭയുടെ ശ്രദ്ധയിൽപ്പെടുത്തിയത്. ജെയ്സ് പാണ്ടനാട്, റെണാൾഡ് എന്നിവർ സണ്ണി താഴാംപള്ളത്തിന്റെ ഒപ്പം ഉണ്ടായിരുന്നു.

ലേഖനം

# സാമച്ചായൻ പറഞ്ഞ സുവിശേഷം



കൊച്ചുമോൻ ആന്തേര്യത്ത്

Johney Joseph, Johney... Where is he ? sir, sir, He is not well.... He is absent today.... Stant up... Lazy peoples...... Always taking leave.... ഇംഗ്ലീഷുകാരൻ manager അലറി വിളിച്ചു. ഞാൻ ഞെട്ടി എഴുന്നേറ്റു മുഖത്തെ വിയർപ്പ് Tissue എടുത്തു തുടച്ചു. മേശപ്പുറത്ത് വച്ചിരിക്കുന്ന Jug ൽ നിന്നും വെള്ളമെടുത്തു കുടിച്ചു. പിന്നെയും ഉറങ്ങാൻ കിടന്നു, തിരിഞ്ഞും മറിഞ്ഞും കിടന്നിട്ടും ഉറക്കം വരുന്നില്ല. ഒന്നു കണ്ണ് അടയ്ക്കുമ്പോൾ ഇംഗ്ലീഷുകാരന്റെ മുഖം മുമ്പിൽ വരുന്നു. പിന്നെയും എഴുന്നേറ്റു കട്ടിലിൽ ഇരുന്നു. മനസ്സ് ചില വർഷങ്ങൾ പുറകിലേക്ക് കൊണ്ടു പോയി. 18–ാമത്തെ വയസിൽ ഒരു കുടുംബത്തിലെ ഉത്തരവാദിത്വം ഏറ്റ് കുറെ സ്വപ്നങ്ങളുമായി ആദ്യമായി ഗൾഫ് യാത്ര. ഗൾഫിൽ കുഴിക്കുന്നിടം എല്ലാം എണ്ണയും റോഡ് സൈഡിൽ എല്ലാം സ്വർണ്ണവും ആണന്നൊയിരുന്നു മനസ്സിൽ വിചാരിച്ചിരുന്നത്. ആദ്യമായി ഇവിടെ ചെറിയ ഒരു മുറിയിൽ പത്തു പേരോടൊപ്പം duble ducker കട്ടിലിന്റെ മുകളിൽ കിടന്നപ്പം ശരിക്കും ഗൾഫ് ജീവിതം മനസിലായി.... രാവിലെ 6 മണിക്ക് Labour camp-നു മുമ്പിൽ കമ്പനി ബസ് വരും, ആ ബസിൽ ഞങ്ങൾ എല്ലാവരും കയറി 7 മണിക്ക് Construction site- ൽ എത്തും. അന്നേരം തുടങ്ങുന്ന ജോലി.... വൈകിട്ട് 7 വരെ. തിരികെ Room-ൽ എത്തിടുമ്പോൾ മണി 8. പിന്നെ ഒരു കുളി, റൂമിലുള്ള ബംഗ്ലാളികളോടും, പാകിസ്ഥാനികളോടും കൂടെ സൊറ പറച്ചിൽ അതും മുറി ഹിന്ദിയിൽ. പിന്നെ "കുബൂസും ഡാലും" കഴിച്ച് ഒറ്റ കിടപ്പ്. പിന്നെയും രാവിലെ ബസിന്റെ ഊഴവും കാത്ത്.

ആരംഭനാളുകൾ കുഴപ്പമില്ലാതെ പോയാലും കുറച്ചു കഴിഞ്ഞപ്പോൾ ഞാനും ലേബർ ക്യാമ്പിൽ മറ്റുള്ളവരോടൊപ്പം ചെറിയ രീതിയിൽ മദ്യം രുചിക്കുവാൻ തുടങ്ങി. ആദ്യം ഒരു തമാശയായിട്ടും, പിന്നെ ജോലിയുടെ ക്ഷീണം മാറ്റാനായും തുടങ്ങി. അവസാനം അതില്ലാതെ പറ്റില്ലന്നായി മദ്യപാനം കൂടി പലപ്പോഴും ജോലിക്കു പോകാൻ പറ്റാതായി. അതിനു ഇംഗ്ലീഷുകാരൻ Manager-ടെ ചീത്ത വിളി ബാക്കി. അമ്മയ്ക്കും അച്ചായനും മുത്ത രണ്ട് പെങ്ങമ്മാർക്കും ഇളയ സഹോദരനും താങ്ങാകേണ്ട ഞാൻ എന്റെ കാര്യങ്ങൾ തന്നെ നടത്താൻ ബുദ്ധിമുട്ടായി. ........ അങ്ങനെ ഒരു ദിവസം ഞാൻ മദ്യപിച്ച് ജോലിക്ക് പോകാതെ റൂമിൽ ഇരുന്ന സമയം, ഞങ്ങളുടെ Labour camp-ൽആരേരയോ കാണാൻ ഒരു മനുഷ്യൻ എത്തി. 6 അടി പൊക്കം, ഒത്ത ശരീരം, Clear shave, Black pant, White shirt. അദ്ദേഹത്തെ കണ്ടാതന്നെ അറിയാം ഒരു ദൈവമനുഷ്യനെന്ന്. അവിചാരിതമായിട്ട് എന്നെ പരിചയപ്പെട്ടു. പേരും, സ്ഥലവും, വീട്ടിലെ കാര്യങ്ങൾ ഒക്കെ ചോദിച്ചു. പിന്നെ ആ മനുഷ്യൻ എന്റെ റൂമിലെ പതിവു സന്ദർശകനായി. അദ്ദേഹത്തിനോടു സംസാരിക്കുന്നത് എനിക്കൊരു ആശ്വാസമായി. അദ്ദേഹം എന്നോടു സുവിശേഷം പറവാൻ തുടങ്ങി. "ഇന്നു നീ മരിച്ചാൽ നിന്റെ നിത്യത എവിടെ" എന്ന ചോദ്യം എന്റെ മനസിൽ ആഴത്തിൽ ഇറങ്ങി. അന്ന് ആ മുറിയിൽ ഞാനും ആ മനുഷ്യനും മുട്ടിന്മേൽ ഇരുന്നു. ആ മനുഷ്യൻ പറഞ്ഞ പ്രാർത്ഥന ഞാൻ ഏറ്റു പറഞ്ഞു. എന്റെ മനസ്സിൽ ആശ്വാസം, സമാധാനം, മദ്യപാന സ്വഭാവം പാടെ മാറി. ഞാൻ അദ്ദേഹം തന്ന ബൈബിൾ വായിക്കാൻ തുടങ്ങി, എല്ലാ വെള്ളിയാഴ്ചയും അദ്ദേഹത്തോടൊപ്പം ആരാധനയ്ക്കു പോകാൻ തുടങ്ങി. താമസിക്കാതെ കർത്താവിന്റെ കല്പനയായ സ്നാനവും ഏറ്റു.

10 വർഷത്തിനു ശേഷം തിരിഞ്ഞു നോക്കുമ്പോൾ ഒരു യോഗ്യതയും ഇല്ലാത്ത സ്ഥാനത്ത് ദൈവം എന്നെ മാനിച്ചു. ഒരു Helper-യി വന്ന ഞാൻ Supervisor ആയി Labour camp- ൽ കിടന്ന ഞാൻ കുടുംബമായി ഈ ദേശത്ത് ആയിരിക്കുന്നു. ഇംഗ്ലീഷുകാരൻ Manager-'ടെ ഇഷ്ടകാരിൽ ഒരാൾ ആയി മാറി.

ഇന്നും ഞാൻ ഓർക്കുന്നു, കാട്ടൊലിവായിരുന്ന എന്നെ മുന്തിരി വള്ളിയുടെ അനുഭവത്തിലേക്ക് ഒട്ടിച്ചു ചേർത്ത ദൈവത്തെ;.... പിന്നെയും ഞാൻ കിടന്നുറങ്ങി. രാവിലെ എഴുന്നേൽക്കണം....വെള്ളിയാഴ്ച ആരാധനയ്ക്കു പോകണം.... വൈകിട്ട് Labour camp-ൽ പോയി ആരോടെങ്കിലും സുവിശേഷം പറയണം........ അന്ന് എന്നോടു സുവിശേഷം പറഞ്ഞ ഈ രക്ഷയുടെ സന്തോഷത്തിലേക്ക് നയിച്ച എന്റെ സ്വന്തം സാമച്ചായനോടൊപ്പം..........

**വാൽക്കഷണം:–** നാടും വീടും വിട്ട് കുടുംബത്തെ പുലർത്താൻ മരുഭൂമിയിൽ വന്നിട്ട് കൂട്ടുകെട്ടിലും പ്രലോഭനത്തിലും പെട്ട് മദ്യത്തിലും മയക്കു മരുന്നിനും അടിമകളാകുന്ന നമ്മുടെ സഹോദരങ്ങളെ ഓർത്ത്....അവരുടെ ഇടയിൽ സുവിശേഷം അറിയിക്കുന്ന ദൈവമക്കളെ ഓർത്ത് പ്രാർത്ഥിക്കാം....അവരുടെ മടങ്ങി വരവിനായി...ദൈവകൃപയിൽ ആകുവനായി........

# നിത്യതയിൽ



**പാസ്റ്റർ ജോൺ ജോർജ്ജ് (84)**

**പൂയപ്പള്ളി:** പൂയപ്പള്ളി നെയ്ത്തോട് വീട്ടിൽ പാസ്റ്റർ ജോൺ ജോർജ്ജ് (84) ഓഗസ്റ്റ് 23- ൽ നിത്യതയിൽ ചേർക്കപ്പെട്ടു. ചർച്ച് ഓഫ് ഗോഡ് സഭാംഗമാണ്. 27-ന് ഉച്ചയ്ക്ക് സഭാ ശുശ്രൂഷകൻ പാസ്റ്റർ ചെറിയാൻ ചാക്കോയുടെയും ഡിസ്ട്രിക്ട് പാസ്റ്റർ എം. ജോൺസൺ, മറ്റ് ദൈവദാസന്മാരുടേയും ദൈവമക്കളുടെയും സാന്നിധ്യത്തിൽ പാസ്റ്റർ ഈപ്പൻ ചെറിയാൻ ശവസംസ്കാര ശുശ്രൂഷ നടത്തി. ഭാര്യ: സുസമ്മ ജോർജ്ജ്, മക്കൾ: ഡെയ്സി മാത്യൂസ്, ജ്യോതി ഷാജു. മരുമക്കൾ: ഡാനിയേൽ മാത്യു, പാസ്റ്റർ ഒ. പി. ഷാജു. കൊച്ചുമക്കൾ: ക്രിസ്റ്റഫർ, വെലഡി, അബിഗേൽ, ജോൺ.

**ജോസഫ് ജോൺ (53)**

**കോട്ടയം:** തോട്ടയ്ക്കാട് കുന്നേൽ കുടുംബാംഗം പാസ്റ്റർ ജോസഫ് ജോൺ (53) കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. ഐ.പി.സി. മണ്ണാർക്കാട്ട് ഏരിയ സെക്രട്ടറി, ചിറ്റൂർ ഐ.പി.സി കർമ്മേൽ സഭാ ശുശ്രൂഷകൻ ഈ നിലകളിൽ പ്രവർത്തിച്ചു വരികയായിരുന്നു. വടക്കേ ഇൻഡ്യയിൽ അനേക സ്ഥലങ്ങളിൽ ശുശ്രൂഷിച്ചിട്ടുണ്ട്. ഭാര്യ വടക്കഞ്ചേരി കോരഞ്ചിറ പുത്തൻ പുരയ്ക്കൽ സൂസി. മക്കൾ: ജോഷാ, ജോയൽ വിദ്യാർത്ഥികൾ

# സി.എ. ക്യാമ്പ് സമാപിച്ചു



**നെയ്യാർഡാം:** അസംബ്ലീസ് ഓഫ് ഗോഡ് മലയാളം ഡിസ്ട്രിക് കൗൺസിൽ യുവജനവിഭാഗമായ സി.എ.യുടെ വാർഷിക യുവജനക്യാമ്പ് 2014 സെപ്തംബർ 8 മുതൽ 10 വരെ നെയ്യാർ ഡാമിൽ നടത്തപ്പെട്ടു. സി.എ. വൈസ് പ്രസിഡന്റ് പാ. സുനിൽദാസിന്റെ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ റവ. തോമസ് ഫിലിപ്പ് (എ.ജി. ഡിസ്ട്രിറ്റ് സെക്രട്ടറി) ക്യാമ്പ് ഉദ്ഘാടനം ചെയ്തു. യുവജനങ്ങൾ സ്വഭാവത്തിനും സംസ്കാരത്തിനും മാറ്റം ഉള്ളവരായി തീരേണം എന്ന് അദ്ദേഹം പറഞ്ഞു. മാറ്റത്തിനായി എഴുന്നേൽക്കുക എന്നതായിരുന്നു ക്യാമ്പ് തീം.

റവ. ജേക്കബ് മാത്യു (യൂത്ത് പാസ്റ്റർ, എ ജി കൽക്കട്ട) മുഖ്യാതിഥി ആയിരുന്നു. പാസ്റ്റർ സാം ഇളമ്പൽ പ്രസംഗം പരിഭാഷപ്പെടുത്തി. റവ. ഡോ. പി.എസ്. ഫിലിപ്പ് (അസിസ്റ്റന്റ് സൂപ്രണ്ട് എ ജി), റവ. ഡോ. ഐസക് വി മാത്യു (ജനറൽ സെക്രട്ടറി എസ്.ഐ.എ.ജി), പാ. സഖറിയ ഏബ്രഹാം (ദുബായ്) പാ. പ്രഭ ടി. തങ്കച്ചൻ (സിഎ മുൻ പ്രസിഡന്റ്) റവ. എൻ. പീറ്റർ (പാറശ്ശാല) ഇവാ. ഷാജൻ ജോൺ ഇടയ്ക്കാട് (യൂത്ത് കോ-ഓർഡിനേറ്റർ) പാ. റോയ്സൺ ജോണി (സി.എ. പ്രസിഡന്റ്) എന്നിവർ വിവിധ യോഗങ്ങളിൽ ശുശ്രൂഷിച്ചു.

# വൈ. പി. ഇ. ഉത്തരമലബാർ മേഖലാ ക്യാമ്പ് സമാപിച്ചു




*വൈ. പി. ഇ. ഉത്തരമേഖലാ ക്യാമ്പ് പാസ്റ്റർ വൈ. റെജി ഉദ്ഘാടനം ചെയ്യുന്നു*

**കണ്ണൂർ:** ചർച്ച് ഓഫ് ഗോഡ് ഇൻ ഇൻഡ്യ കേരളാ സ്റ്റേറ്റ് യുവജനവിഭാഗമായ വൈ. പി. ഇയുടെ ഉത്തരമലബാർ മേഖലാ ക്യാമ്പ് പരിയാരം മൗണ്ട് പാരാൻ ബൈബിൾ സെമിനാരിയിൽ സെപ്തംബർ 8,9 തീയതികളിൽ നടന്നു. 8-ന് രാവിലെ സെക്രട്ടറി അജി കുളങ്ങര അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ സംസ്ഥാന പ്രസിഡന്റ് പാസ്റ്റർ വൈ. റെജി ക്യാമ്പ് ഉദ്ഘാടനം ചെയ്തു. കർത്താവിൽ പ്രസിദ്ധനായ ഡോ. സി. വി. ഏബ്രഹാം Law of Success എന്ന ക്യാമ്പ് തീമിനെ ആസ്പദമാക്കി ക്ലാസ്സുകൾ നയിച്ചു. 10 പേർ രക്ഷിക്കപ്പെടുകയും 30-ോളം യുവജനങ്ങൾ സുവിശേഷ വേലക്കായി സമർപ്പിക്കുകയും ചെയ്തു. ക്യാമ്പിലുടനീളം വലിയ പരിശുദ്ധാത്മ പകർച്ച പ്രകടമായിരുന്നു. കൗൺസിലിംഗ് ക്ലാസ്സുകൾ, സിമ്പോസിയം, പ്രത്യേക ഗെയിമുകൾ, കൊച്ചുകുട്ടികളുടെ വിവിധ പരിപാടികൾ എന്നിവ ക്യാമ്പിന്റെ പ്രത്യേകതകളായിരുന്നു. വൈസ് പ്രസിഡന്റ് പാസ്റ്റർ സജി ഏബ്രഹാം, ജോ. സെക്രട്ടറി ബ്രദർ മാത്യു ബേബി ബോർഡ് അംഗങ്ങളായ പാസ്റ്റർ ഗ്ലാഡ്സൺ ജോൺ, ബ്രദർ സജി കെ. സാം എന്നിവർ വിവിധ സെഷനുകൾക്ക് നേതൃത്വം വഹിച്ചു. മേഖലാ കോ- ഓർഡിനേറ്റർ പാസ്റ്റർ തോമസ് കെ. ഏബ്രഹാം, സെക്രട്ടറി പാസ്റ്റർ ഷാജി സിസിൽ, പയ്യന്നൂർ ഡിസ്ട്രിക്ട് പാസ്റ്റർ പി. വി. മാത്യു എന്നിവർ ക്യാമ്പിന് നേതൃത്വം വഹിച്ചു. കാസർഗോഡ്, കണ്ണൂർ, കോഴിക്കോട്, ജില്ലകളിൽ നിന്നുള്ളവരാണ് ക്യാമ്പിൽ പങ്കെടുത്തത്.

## കൊച്ചുവർത്തമാനം





**പാസ്റ്റർ ബിജു ജോയി തുവയൂർ**
**ഗൾഫ് എഡിറ്റർ**

# ചെറുതായിപ്പോയ ചാക്കോച്ചൻ....

മീനച്ചൂടിൽ വെന്തുരുകുന്ന ഒരു പകലാണ് ഓവർകോട്ടും ഇട്ട് ഞങ്ങളുടെ കൂട്ടായ്മയിൽ വന്നത്. മദ്ധ്യപൂർവ്വദേശങ്ങളിലും മറ്റും ജോലി ചെയ്തു വേണ്ടതെല്ലാം ആയപ്പോഴാണ് ചാക്കോച്ചൻ തന്റെ വിളി പിടികിട്ടിയത്. കേരളത്തിലേക്ക് പോവുക കർത്താവിനെ സാക്ഷിക്കുക തന്ന- സംഘടനാതലപ്പത്തു വേണ്ടപ്പെട്ട പലരും ഉണ്ടായതിനാൽ വേഗം തന്നെ എല്ലാ മേഖലകളിലും "വ്യാപരിപ്പാൻ" തനിക്ക് സാധിച്ചു എന്നതും എടുത്തുപറയേണ്ട കാര്യമാണ്. ചാക്കോച്ചനെ തഴഞ്ഞു കളഞ്ഞാൽ അത് ഭാവിയെതന്നെ ബാധിക്കുന്ന കാര്യമായാൽ അതിന് ആരും മുതിരാറില്ല. തന്റെ ലോക്കൽ സഭയിൽ പ്രധാന തസ്തിക തനിക്കുണ്ടെങ്കിലും (അത് വിട്ടുകളയുവാൻ തനിക്ക് മനസ്സില്ല എന്നത് വേറെ കാര്യം) തന്റെ "ദാസനോ" 'ട് പറഞ്ഞിട്ടുണ്ട് കമ്മറ്റി ദിവസങ്ങളൊഴികെ താൻ വരില്ല എന്ന്. തന്റെ അസാന്നിദ്ധ്യം "ദാസന്" ഒരു അനുഗ്രഹമാണ് എന്നുള്ളത് പരസ്യമായ രഹസ്യവും - കേരളത്തെ ഉണർവ്വിലെത്തിക്കാനാണ് തന്നെ അയച്ചത് എന്ന ആമുഖ പ്രസ്താവനയോടെ, ലോകരാജ്യങ്ങളിൽ പലയിടത്തും തന്റെ പ്രാർത്ഥനയാൽ അത്ഭുതങ്ങൾ നടന്നിട്ടുണ്ട് എന്നു വേണ്ട - ആവേശകരമായ സാക്ഷ്യമാണ് തന്റേതെന്നും മറ്റും പറഞ്ഞ് പാവപ്പെട്ട ഞങ്ങളെ താൻ ഭയപ്പെടുത്തി കളഞ്ഞു. എന്നാൽ ഇതൊന്നുമല്ല കാര്യം നമ്മുടെ ആരാധന രീതികൾ മാറ്റണമെന്നു- ഇത്രയധികം ശബ്ദം വേണ്ടാ എന്നും തുടങ്ങി തന്റെ വെളിപ്പാടുകൾ (വെളിപ്പാട് അല്ല) നിരത്തി വെച്ചു - വാസ്തവത്തിൽ ദൈവാരാധനയിൽ ശബ്ദം വേണോ- അപ്പോസ്തലപ്രവർത്തികൾ പഠിച്ചാൽ- ആരാധനയിൽ ശബ്ദമുണ്ട്. യെരുശലേം ദൈവാലയത്തിൽ വന്നു ചേർന്ന ബഹുപുരുഷാരത്തെ ആകർഷിക്കത്തക്കവിധം, ശബ്ദം മാളികമുറിയിൽ ഉണ്ടായിരുന്നു.

പെന്തെക്കോസ്തിന്റെ ആരാധനകളെ സജീവമാക്കിയ 'ശബ്ദം' കേവലം ശബ്ദം മാത്രമല്ല ശബ്ദമുഖരിത ആരാധനകൾക്ക് ശേഷം ആളുകൾ അനുഭവിച്ചിട്ടുള്ള ദൈവപ്രവർത്തികളുടെ സാക്ഷ്യങ്ങൾ നമുക്ക് മറക്കാവതല്ല. ദൈവശാസ്ത്ര സംബന്ധമായ അറിവുകൾ തുലോം ചുരുക്കമായിരിക്കുന്ന മുൻകാല ദൈവമക്കൾ ശരീരത്തിൽ ബോദ്ധ്യമായ ദൈവശരീരത്തിൽ സന്തോഷിച്ച് ദൈവീക വിടുതൽ അനുഭവിച്ചു കടന്നു പോയ ആ കാലം നമുക്ക് ചരിത്രം മാത്രമായി ശേഷിക്കുന്നു.... ഇല്ല നമുക്ക് ഒരിക്കൽ കൂടി ഹൃദയത്തിൽ നിന്നും ദൈവത്തോടപേക്ഷിക്കാം. "പണ്ടത്തെ പോലെ ഒരു നല്ല കാലം"...... കർത്താവ് നമുക്ക് അത് നൽകും.- ദൈവാത്മാവിനേയും സമ്പൂർണ്ണ സ്വാതന്ത്ര്യത്തോടെ നമ്മിൽ പ്രവർത്തിപ്പാൻ ഇടം നൽകാം.- ചാക്കോച്ചനിലേക്ക് വരാം, യോഗം കഴിഞ്ഞയുടനെ അല്പം പ്രായമുള്ള ഒരപ്പച്ചൻ ചാക്കോച്ചനോടൊരു ചോദ്യം "സാറ് അഭിഷേകം പ്രാപിച്ചതാണോ?" "അന്യഭാഷ പറയുമോ?"

ചാക്കോച്ചന്റെ പ്രത്യുത്തരം "അന്യഭാഷ പറഞ്ഞുതുടങ്ങിയിട്ടില്ല....."

അപ്പച്ചൻ "ഇനിം അത് പ്രാപിച്ചിട്ട് ശുശ്രൂഷയ്ക്ക് പോയാ മതി.... അത് പെന്തെക്കോസ്തിന്റെ അടയാളമാ" ഏതായാലും ദൈവശാസ്ത്രം അറിയാത്ത അപ്പച്ചന്റെ മുമ്പിൽ ചാക്കോച്ചൻ വളരെ ചെറുതായിപ്പോയതായി ഞങ്ങൾ കണ്ടു.......

"നിങ്ങൾ വിശ്വസിച്ചിട്ട് പരിശുദ്ധാത്മാവിനെ പ്രാപിച്ചുവോ" അപ്പോ: പ്രവൃ: 19:2.

# 01 പുനലൂർ കൺവൻഷന് വിപുലമായ....

മായ ശുശ്രൂഷകളും ഉണ്ടായിരിക്കും. സഭാ സൂപ്രണ്ട് പാസ്റ്റർ ടി. ജെ. സാമുവേൽ, അസി. സൂപ്രണ്ട് ഡോ. പി.എസ്. ഫിലിപ്പ്, സെക്രട്ടറി പാസ്റ്റർ തോമസ് ഫിലിപ്പ്, ട്രഷറർ പാസ്റ്റർ യാഹ്ദത്ത് മണി കമ്മറ്റിയംഗം പാസ്റ്റർ ജോസ് തോമസ് തുടങ്ങിയവർ പരിപാടികൾക്ക് നേതൃത്വം നൽകും.

1915 ഓടുകൂടി ഭാരതത്തിൽ എ.ജി. പ്രവർത്തനങ്ങൾ ആരംഭിച്ചു. 1920കളായപ്പോഴേയ്ക്കും പ്രവർത്തനങ്ങൾ സജീവമായി. പ്രാദേശിക കൂട്ടായ്മകളുടെ എണ്ണം വർദ്ധിച്ചു. 1927 ൽ മാവേലിക്കരയിൽ 'ബഥേൽ ബൈബിൾ കോളേജ്' ആരംഭിച്ച് സുവിശേഷകർക്ക് ക്രമീകൃതമായ പരിശീലനം നൽകുവാൻ കഴിഞ്ഞതോടെ സുവിശേഷകരുടെയും കൂട്ടായ്മകളുടെയും എണ്ണം അതിവേഗം വർദ്ധിച്ചു. 1925 ൽ തന്നെ 'പെന്തക്കോസ്ത് കാഹളം' എന്ന പേരിൽ മാസിക പ്രസിദ്ധീകരിച്ചുതുടങ്ങി, സഭയുടെ ഇപ്പോഴത്തെ ഔദ്യോഗിക പത്രമായ 'അസംബ്ലീസ് ഓഫ് ഗോഡ് ദൂതന്റെ' ആദ്യരൂപമാണ് 'പെന്തക്കോസ്ത് കാഹളം'.

1947 ലാണ് അസംബ്ലീസ് ഓഫ് ഗോഡ് മലയാളം ഡിസ്ട്രിക്ട് കൗൺസിൽ രൂപീകൃതമായി. പ്രാദേശിക കൂട്ടായ്മകൾ തമ്മിലുള്ള ഐക്യം വർദ്ധിപ്പിക്കുന്നതിനും ഉപദേശ ഐക്യത്തിൽ തുടരുന്നതിനും പരസ്പരം കരുതുന്നതിനും കൗൺസിൽ പ്രവർത്തനം സഹായകമാകുന്നു. തിരുവനന്തപുരം മുതൽ തൃശൂർ വരെയുള്ള 8 റവന്യൂ ജില്ലകൾ ഉൾപ്പെടുന്നതാണ് എ.ജി. മലയാളം ഡിസ്ട്രിക്ട് കൗൺസിൽ. ഇപ്പോൾ ഈ കൗൺസിലിൽ ആയിരത്തോളം സഭകൾ ഉണ്ട്.

സൂപ്രണ്ട്, അസി.സൂപ്രണ്ട്, സെക്രട്ടറി, ട്രഷറാർ, കമ്മറ്റിയംഗം എന്നീ അഞ്ച് ചുമതലക്കാരാണ് പ്രവർത്തനം നയിക്കുന്നത്. സുഗമമായ പ്രവർത്തനത്തിനുവേണ്ടി സഭയെ മേഖലകളായും സെക്ഷനുകളായും വിഭജിച്ചിട്ടുണ്ട്. ദക്ഷിണമേഖല, മധ്യമേഖല, ഉത്തരമേഖല എന്നിവയാണ് മൂന്ന് മേഖലകൾ. മേഖലാ ഡയറക്ടർമാർ, മേഖലാ പ്രവർത്തനങ്ങൾ നയിക്കുന്നു. സെക്ഷൻ പ്രസ്ബിറ്റർ, സെക്രട്ടറി, ട്രഷറാർ, കമ്മറ്റിയംഗങ്ങൾ എന്നിവരടങ്ങുന്ന കമ്മറ്റി സെക്ഷൻ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നു.

സഭ വിവിധ ഡിപ്പാർട്ടുമെന്റുകൾ രൂപീകരിച്ചിട്ടുണ്ട്. വനിതകളുടെ ക്ഷേമത്തിനായുള്ള പ്രവർത്തനങ്ങൾക്ക് വിമൻസ് മിഷണറി കൗൺസിലും യുവാക്കൾക്കായി ക്രൈസ്റ്റ് അംബാസിഡേഴ്സും കുട്ടികൾക്ക് വേണ്ടി സൺഡേ സ്കൂൾ ഡിപ്പാർട്ടുമെന്റും പ്രവർത്തിക്കുന്നു. മിഷൻ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത് മിഷൻസ് ഡിപ്പാർട്ടുമെന്റും പ്രാർത്ഥന പരിപാടികളുടെ ഏകോപനം പ്രയർ പാർട്ണേഴ്സ് ഡിപ്പാർട്ടുമെന്റും സുവിശേഷീകരണത്തിന് നേതൃത്വം നൽകാൻ ഇവാഞ്ചലിസം ഡിപ്പാർട്ടുമെന്റും പ്രവർത്തിക്കുന്നു.

1992 മുതൽ എ.ജി.യുടെ സ്വന്തം ഗ്രൗണ്ടിൽ കൺവൻഷൻ ആരംഭിച്ചു.

213 രാജ്യങ്ങളിൽ പ്രവർത്തനമുള്ള അസംബ്ലീസ് ഓഫ് ഗോഡ് ലോകത്തിലെ ഏറ്റവും വലിയ പെന്തക്കോസ്ത് സഭയാണ്. 63 മില്യൺ ആളുകൾ അംഗങ്ങളായുണ്ട്. www.convention.agmdc.org യിൽ അപ്പപ്പോഴുള്ള വിവരം അറിയാവുന്നതാണ്.

# ഭാരവാഹികൾ

**മാവേലിക്കര:** ഐ. പി. സി. ആലപ്പുഴ ഈസ്റ്റ് സെന്റർ സോദരീ സമാജം ജനറൽ ബോഡി മീറ്റിംഗ്, സെന്റർ ശുശ്രൂഷകൻ എം. വി. വർഗീസിന്റെ അദ്ധ്യക്ഷതയിൽ തഴക്കര ഇമ്മാനുവേൽ ഹാളിൽ നടക്കുകയും പുതിയ ഭാരവാഹികളെ തെരഞ്ഞെടുക്കുകയും ചെയ്തു. സഹോദരിമാരായ മോളി ചെറിയാൻ (പ്രസിഡന്റ്), ഗ്രേസമ്മ വർഗീസ് (വൈസ് പ്രസിഡന്റ്), ബിനി സാബു (സെക്രട്ടറി), ലൈല തങ്കച്ചൻ (ജോ. സെക്രട്ടറി), ശോഭാ ഫിലിപ്പ് (ട്രഷറർ) എന്നിവർ എക്സിക്യൂട്ടീവ് അംഗങ്ങളായും സാലി മോനച്ചൻ, സുജ മത്തായി, ഷാലി സാബു, ഷൈനി ജോർജ്ജ്, മേഴ്സി സാബു, മിനി സാജൻ എന്നിവർ കമ്മറ്റി അംഗങ്ങളായും തെരഞ്ഞെടുക്കപ്പെട്ടു.

# സുവിശേഷ പ്രവർത്തനം

**ഹരിപ്പാട്:** ഐ. പി. സി. ആലപ്പുഴ മേഖല സോദരീ സമാജത്തിന്റെ ആഭിമുഖ്യത്തിൽ ചെറുകോൽ, കാരാഴ്മ, കോട്ടമുറി എന്നീ സ്ഥലങ്ങളിൽ പരസ്യയോഗങ്ങളും സുവിശേഷപ്രവർത്തനങ്ങളും നടന്നു. പാസ്റ്റർമാരായ മോനി ചെന്നിത്തല, ബാബു തോമസ്, മനു വർഗീസ് എന്നിവർ പ്രസംഗിച്ചു. മേഖലാ സോദരീസമാജം ഭാരവാഹികളായ സാലി വർഗീസ്, ടി. കെ. ഏലിയാമ്മ, സുജ മാത്യു, ആനി തോമസ് എന്നിവർ നേതൃത്വം നൽകി.

ലേഖനം

# വിലക്കുകളെ പ്രലോഭനങ്ങളാക്കുന്ന സാത്താന്യ വഞ്ചന



ഷൈജു ഡാനിയേൽ അടൂർ
shyjudani@gmail.com

**വെ**യിലാറും നേരം തോട്ടത്തിലേക്ക് ഇറങ്ങി വരുന്ന ദൈവത്തിന്റെ മുൻപാകെ യാതൊരു ചിന്താഭാരവും ഇല്ലാതെ നിവരെ നിന്നിരുന്ന മനുഷ്യർ ഇപ്പോൾ വല്ലാത്ത പരിഭ്രമത്തിലാണ്- നീ എവിടെ എന്ന ദൈവിക വിളിക്ക് മുൻപിൽ വെളിപ്പെട്ടു വരുവാൻ മനസില്ലാതെ വൃക്ഷങ്ങളുടെ ഇടയിൽ ഇരുവരും ഒളിച്ചിരിക്കുന്നു! ഇന്നലെ വരെ അവർക്കന്യമായിരുന്ന ഒരറിവ് അന്നിവർക്കുണ്ടായിരിക്കുന്നു- "ഞങ്ങൾ നഗ്നരാണ്"!! നഗ്നനെന്നു നിന്നോടാർ പറഞ്ഞു എന്ന ചോദ്യത്തോടൊപ്പം ആ അറിവിന്റെ പിന്നിലെ കാരണമായി തിന്നരുതെന്നു ഞാൻ നിന്നോടു കല്പിച്ച വൃക്ഷഫലം നീ തിന്നുവോ എന്ന അടുത്ത ചോദ്യം ഞങ്ങൾ പിടിക്കപെട്ടിരിക്കുന്നു എന്ന അറിവിലേക്ക് അവരെ എത്തിച്ചു. അരുതുകളുടെ ലംഘനം സംഭവിച്ചാൽ പിന്നീടങ്ങോട് നാം നടത്തുന്ന പരിശ്രമങ്ങൾ എല്ലാം ദൈവത്തിൽ നിന്നും ഓടി ഒളിക്കുവാൻ ഉള്ളതായിരിക്കും. ഇന്നലത്തെ അജ്ഞാതമായ അറിവുകൾ ഇന്ന് നമ്മെ ഭയപ്പെടുത്തുന്നെങ്കിൽ അവിടെ സംഭവിച്ചിരിക്കുന്നത് ദൈവിക നിർദേശങ്ങളോടുള്ള അനുസരണക്കേടുകൾ ആകാനെ തരമുള്ളൂ. എവിടെയോ നാം സാത്താന്യ വശീകരണത്തിൽ നാം വീണിട്ടുണ്ടാകണം!! വിലക്കുകളെ മറികടന്നിട്ടുണ്ടാകണം!!!. സത്യത്തോട് വിയോജിപ്പ് കാട്ടിയിട്ടുണ്ടാകണം!! അവർക്ക് ദൈവത്താൽ ലഭിച്ച അറിവ് വൃക്ഷഫലം തിന്നാൽ മരിക്കും എന്നതായിരുന്നു എങ്കിൽ മരിക്കയില്ല എന്ന സാത്താന്യ പ്രലോഭനത്തിൽ അവർക്ക് ലഭിച്ച "ഞങ്ങൾ നഗ്നരാണ്" പുതിയ അറിവ് അവരെ നടത്തിയത് തോട്ടത്തിനു പുറത്തക്കായിരുന്നു!!

സാത്താന്യ സവ്വിധാനങ്ങളുടെ പ്രലോഭന ഉൽപ്പന്നങ്ങൾക്ക് ദൈവത്തിന്റെ കൽപ്പനയെക്കാൾ വിലകൊടുത്താൽ തുടർന്നുള്ള നിലനിൽപ്പിന് നമുക്ക് കനത്ത വില കൊടുക്കേണ്ടിവരും. ദൈവത്തിന്റെ വചനത്തിൽ നമുക്കാവശ്യമായ എല്ലാ ഉപദേശങ്ങളും കൽപനകളും പരിശുദ്ധാത്മാവിനാൽ ലഭ്യമായിട്ടുണ്ട്. അനുവദിക്കപ്പെട്ടിട്ടുള്ളതും നിഷേധിക്കപ്പെട്ടിട്ടുള്ളതും അതിൽ തന്നെ വ്യക്തമാണ്. എല്ലാം വരച്ചു കിട്ടിയിരിക്കെ "നിങ്ങൾക്കുമാകാം വലിയവൻ" എന്ന സാത്താന്യ പരസ്യവാചകത്തിൽ ദൈവം കൽപ്പിച്ചാക്കിയ വിലക്കുകളിലേക്ക് നമ്മുടെ കൈകൾ നീളുകയാണ്. അധികമാരുമില്ലാത്ത ഈ തോട്ടത്തിൽ നിന്നിട്ട് കാര്യമില്ലെന്നും ലോകമറിയപ്പെടാൻ "പുറത്തു വരിക" എന്ന പുത്തൻ പ്രയോഗം ശ്രവിച്ചവർ ദുരുപദേശ പഴങ്ങൾ ആർത്തിയോടെ അകത്താക്കി. ഇപ്പോൾ കെട്ടിയടച്ച തോട്ടത്തിൽ നിൽക്കാനാളില്ല.... എല്ലാം അന്ത്യകാലത്തെ പുറപ്പാടിനായി സ്വയം നിർമ്മിച്ചെടുത്ത ദുരുപദേശകൂട്ടുമായി ചുറ്റി തിരിയുന്നു!! അന്ത്യകാലത്ത് തീ കത്തിക്കാൻ ഒരു വിഭാഗം.... കത്തിയ തീയെ കെടുത്താൻ മാരി പെയ്യിക്കുന്ന മറ്റൊരു വിഭാഗം...... സാത്താൻ അടിപ്പിക്കുന്ന ദുരുപദേശകാറ്റുകളിൽ കാലുറപ്പിച്ചു നിൽക്കാനാവാതെ കണ്ടതിന്റെയും കേട്ടതിന്റെയും ഒക്കെ പിറകെ പോയി വലഞ്ഞു പോയ നീതിമാന്മാരുടെ ഗണത്തിൽ പെടുന്നവർ വർദ്ധിക്കുന്ന കാലം!!! കൃപാവരങ്ങളുടെ വർണ്ണകടലാസിൽ പൊതിഞ്ഞ അന്ത്യകാലത്തിന്റെ ലേബലൊട്ടിച്ച ദുരുപദേശ കനികൾ കാട്ടി കാണ്മാൻ - തിന്മാൻ -പ്രാപിപ്പാൻ (തിന്മാൻ നല്ലതും കാണ്മാൻ ഭംഗിയുള്ളതും ജ്ഞാനം പ്രാപിപ്പാൻ കാമ്യവും) ക്ഷണിച്ചുകൊണ്ട് വീണ്ടെടുക്കപ്പെട്ടവരുടെ തലമുറകളെ തകർത്ത് ദൈവകൃപയിൽ നിന്ന് പുറത്താക്കി കളയുന്ന വിസാരക പ്രലോഭനങ്ങളെ തിരിച്ചറിയുക!!!

ദൈവവചനമെന്ന മായമില്ലാത്ത പാൽ മാത്രം വിളമ്പിയാൽ കാര്യമായ പ്രയോജനങ്ങൾ ഒന്നുമുണ്ടാകില്ലെന്നും നിറം മാറാത്ത നിലകളിൽ മായം കലർത്തി കരുതി നിറച്ചു വച്ചിരിക്കുന്ന വിവിധോപദേശങ്ങളുടെ പാൽ തുരുത്തികൾ ബലഹീന വിശ്വാസികളുടെ മുൻപിൽ ചെരിക്കുകയും വെള്ളയെല്ലാം പാലാണെന്നു നിനച്ചിരിക്കുന്ന കാര്യവിചാരശേഷി നഷ്ടപ്പെട്ട വിശ്വാസി അതെല്ലാം അതെപടി സ്വീകരിച്ചു വല്ലാതെ വലയുന്നത് നിത്യകാഴ്ചയാകുന്നു. എല്ലാ കാലഘട്ടങ്ങളിലും ദൈവത്തിനു നമ്മോടു സംസാരിക്കാനുള്ളത് ദൈവ വചനത്തിലൂടെയാണ്. തെറ്റും ശരിയും അതിന്റെ അടിസ്ഥാനത്തലാണ് വേർതിരിക്കപ്പെടുന്നത്. അശുദ്ധവും വിശുദ്ധവും അതിൽ വക തിരിച്ചിട്ടുണ്ട്. നീതിയും അനീതിയും നന്മയും തിന്മയും തിരിച്ചറിയാനുള്ള മാർഗ്ഗങ്ങൾ ദൈവവചനത്തിൽ കൽപ്പിക്കപ്പെട്ടിട്ടുണ്ട്. കണ്ണ് തുറക്കാനും വലിയവനാകാനുമുള്ള ദൈവത്തിൽ നിന്നുള്ളതല്ലാത്ത ഒരുപാട് സംവിധാനങ്ങൾ നമ്മുടെ തൊട്ടരികിൽ കയ്യെത്തും ദൂരത്തു കണ്ടെന്നു വരാം. എന്നാൽ സാത്താന്യ വഞ്ചനയിൽ കുടുങ്ങി ദൈവത്തിന്റെ കല്പ്പന മറുത്ത് പലതും പ്രാപിക്കാനായി നാം നടത്തുന്ന ചെയ്തികൾ ഒടുവിൽ നമ്മെ തോട്ടത്തിൽ നിന്നും പുറത്താക്കാം!

ദൈവവചനം പറയുന്നതിന് വിപരീതമായി നമുക്കിടയിൽ നടക്കുന്ന സകല പ്രഭാഷണങ്ങളും ഉപദേശങ്ങളും ദൈവത്തിന്റെ വിലക്കുകൾക്കു നേരെയുള്ള നമ്മുടെ കടന്നു കയറ്റമാണ്. വിലക്കപ്പെട്ട കനിയിലെക്കാണോ ഇപ്പോഴും കൈകൾ നീളുന്നത്? എന്ത് അരുതെന്ന് പറഞ്ഞുവോ അതിനെ കൈക്കലാക്കാനുള്ള നമ്മുടെ മോഹത്തിന് പിന്നിൽ വ്യാപരിക്കുന്നത് സാത്താന്യ പ്രലോഭനങ്ങളുടെ സ്വാധീനങ്ങൾ ആണ്. പ്രാർത്ഥനാലയം എന്ന ദൈവത്തിന്റെ സഭയാകുന്ന തോട്ടത്തിൽ ദൈവീക വിലക്കുകളിലേക്ക് കരങ്ങൾ നീട്ടി ലംഘനം നടത്തിയിട്ടൊടുവിൽ ദൈവിക സവിധെ നിൽക്കവയ്യാതെ ഒളിക്കുവാൻ ഇടം തേടുകയാണ് ഈ തലമുറ. അവസാനം ഒളിച്ചിരിക്കാൻ പാകത്തിൽ ദൈവത്തിന്റെ ആലയത്തെ കള്ളന്മാരുടെ ഗുഹകളാക്കി മാറ്റുന്നു. ദൈവം കൽപ്പിച്ചിട്ടില്ലാത്തതും ദൈവവചനം അനുശാസിക്കാത്തതും ക്രിസ്തു ഉപദേശിക്കാത്തതും അപ്പോസ്തലന്മാർ പഠിപ്പിക്കാത്തതുമായതെല്ലാം സാത്താന്യ ശാലയിലെ ചരക്കുകൾ ആണ് എന്നത് നിസ്സംശയം പറയാൻ കഴിയും. ദൈവം അരുളിചെയ്യാത്തതിനെ അവതരിപ്പിക്കുന്നത് ഉണർവ്വിന്റെ ഭാഗമായി വ്യാഖ്യാനിക്കരുത്! ദൈവം അനുവദിക്കാത്തതിനെ വാഗ്ദത്തമായി നിർവ്വചിക്കരുത്! ദൈവത്തെക്കാൾ വലിയവനാകാനുള്ള ത്വര ആത്മീക തീഷ്ണതയല്ല! ദൈവം മറച്ചു വച്ചിരിക്കുന്നത് കണ്ടെത്താനുള്ള ശ്രമം വെളിപ്പാടാണെന്ന് പഠിപ്പിക്കരുത്! ദൈവം അനുവദിക്കാത്തത് നാം അറിയെണമെന്നുള്ള പാമ്പിന്റെ ഗൂഢതാല്പര്യങ്ങൾക്കു വെളിപ്പാടെന്ന ഓമന പേർ നല്കുന്നത് ദൈവത്തിന്റെ കല്പനകളോടുള്ള നമ്മുടെ അവഗണനെയാണ്. എന്ത് കൊണ്ട് ഈ കനി ദൈവം വിലക്കി എന്നതിന്റെ കാരണം ദൈവശാസ്ത്രപരമായി (കണ്ണ് തുറക്കും-നന്മ തിന്മകളെ അറിയും-ദൈവത്തെ പോലെ ആകും) അവതരിപ്പിച്ച സാത്താന്യ അടവിന് മുൻപിൽ ആടിയുലഞ്ഞു അടിപതറിയ ആദിമാതാവ് പ്രവേശിച്ചത് വെളിപ്പാടിന്റെ പുതിയ തലത്തിലേക്കോ അതോ തോട്ടത്തിനു പുറത്തേക്കോ? നിന്നിരുന്നത്: മരിക്കുമെന്നാണ് ദൈവിക നിർദ്ദേശമെങ്കിൽ തിന്നാം: മരിക്കയില്ല എല്ലാ സാത്താന്യ വാക്കുകൾക്കു എന്ത് പ്രസക്തി? സാഹചര്യങ്ങൾക്കനുസരിച്ച് തരം പോലെ ദൈവിക വചനങ്ങളെ വളച്ചൊടിച്ച് വിലക്കപ്പെട്ട കനികളെ നമ്മെക്കൊണ്ട് തീറ്റിപ്പിക്കാനുള്ള സാത്താന്റെ പുതിയ തട്ടിപ്പുകൾക്ക് മുൻപിൽ നാം അജ്ഞാനികൾ ആകരുത്! വചനമെന്ന തൂക്കുകട്ട കൊണ്ട് സാത്താന്യ നിർമ്മാണങ്ങളുടെ ചെരിവുകൾ നാം കണ്ടെത്തണം. പാളിച്ചകൾ പിടിക്കപ്പെട്ടാൽ ബാബേൽ ഗോപുരമായാലും പൊളിയപ്പെടണം കണ്ണ് തുറക്കാനും വലിയവനാകാനുള്ള മോഹം കൊണ്ടെത്തിച്ചത് നഗ്നരാണെന്നുള്ള അറിവിലേക്കായിരുന്നു. ദൈവിക വിലക്കുകളിലേക്ക് നമ്മെ നടത്തി നീതിയുടെയും വിശുദ്ധിയുടെയും വസ്ത്രം ഉരിഞ്ഞുകളഞ്ഞു അജ്ഞാനകാലത്തെ മോഹങ്ങളിലേക്ക് തള്ളിവിട്ട് തകർത്ത് കളയാനുള്ള സാത്താന്യ താല്പര്യങ്ങളെ നാം ഗൗരവത്തോടെ തിരിച്ചറിയണം!! ദൈവിക വിലക്കുകൾ ആയിരിക്കും എപ്പോഴും സാത്താന്റെ പ്രലോഭനങ്ങൾ!!

## 01 അന്യസംസ്ഥാന തൊഴിലാളികളുടെ.....

01

ക്കറി കട എന്നിവിടങ്ങളിൽ പണിയെടുക്കുന്നു. കരാർ അടിസ്ഥാനത്തിൽ ഏജന്റിന് കീഴിൽ ജോലി ചെയ്യുന്നവരുണ്ട്. ദിവസകൂലിക്ക് പണിചെയ്യുന്നവരും വീടുകളിലോ ഫ്ളാറ്റുകളിലോ ഹോട്ടലുകളിലോ ജോലി ചെയ്ത് അവിടെതന്നെ താമസിക്കുന്ന മാസവരുമാനക്കാരുമുണ്ട്. കെട്ടിട നിർമ്മാണത്തിൽ ജോലിയെടുക്കുന്നവർ ഭൂരിപക്ഷവും ഇടനിലക്കാരാൽ നിയന്ത്രിക്കപ്പെടുന്നു. പ്രതിദിനം 300 രൂപ മുതൽ 500 രൂപ വരെയാണ് വരുമാനം. ശരാശരി വർഷം 70000 രൂപ വരെ നാട്ടിലേക്ക് അയയ്ക്കുന്നവരുണ്ട്. ഇവരിൽ 75% പേർക്ക് ബാങ്ക് അക്കൗണ്ട് ഉണ്ട്.

90 കൾക്കുശേഷം തമിഴ്നാട്ടിൽ നിന്നുള്ള തൊഴിലാളികളുടെ എണ്ണം കുറയുകയും ഹിന്ദിക്കാർ കേരളത്തിലേക്ക് വരികയും ചെയ്തു. ഇവരുടെ ഭാഷയിൽ ഐക്യരൂപമില്ല. തമിഴ് തൊഴിലാളികളോട് മലയാളിക്ക് ഭാഷാപരമായും ഭൂമിശാസ്ത്രപരമായും അടുപ്പം ഉണ്ടായിരുന്നു. എന്നാൽ ഹിന്ദി, ബംഗാളി, ഒഡീഷാ ഭാഷകൾ മലയാളികൾക്ക് വഴങ്ങാറില്ല. ഇവരുടെ ജീവിതസാഹചര്യം ദയനീയമാണ്. വിദ്യാഭ്യാസം തീരെക്കുറവാണ്. കുറഞ്ഞ വാടകയ്ക്ക് ലൈൻ മുറികളിലോ പഴകിയ വീടുകളിലോ പൊതു സ്ഥലങ്ങളിലെ ടെന്റുകളിലോ ആണ് താമസം. ഓരോ മുറിയിലും ഞെങ്ങിഞെരുങ്ങി കഴിയുന്നു. ഗൾഫുകാരുടെ ആളില്ലാ വീടുകളിലും പുരുഷനില്ലാത്ത വീടുകളിലും കാർഷെഡിലോ ഔട്ട് ഹൗസിലോ ഉറങ്ങാൻ ഇടം കണ്ടെത്തുന്നവർ കുറവല്ല. കുളങ്ങളിലും പുഴകളിലുമാണ് കുളിക്കുന്നത്. ശൗചകർമ്മങ്ങൾക്ക് ഇടമില്ല.

സ്വാതന്ത്ര്യാനന്തരകാലം ആദ്യം കോൺഗ്രസും പിന്നെ കാൽ നൂറ്റാണ്ട് കമ്മ്യൂണിസ്റ്റ് പാർട്ടിയും ഭരണം നടത്തിയ പശ്ചിമബംഗാളിന്റെ ഗ്രാമങ്ങളുടെ തകർന്ന സാമ്പത്തിക ഘടന തന്നെയാണ് തൊഴിൽ കുടിയേറ്റത്തിന്റെ മുഖ്യ ഹേതു. തകർന്നുകൊണ്ടിരിക്കുന്ന കാർഷിക സമൂഹത്തിന്റെ രക്തസാക്ഷികൾ ആണ് ഇവർ. സാമൂഹ്യശാസ്ത്രപരമായ കാരണങ്ങളാൽ മലയാളിക്ക് ബംഗാളികളോട് അടുക്കാൻ കഴിയും. ഹിന്ദുക്കളും മുസ്ലീങ്ങളും പ്രബലമായ നാട്, ഇടതുപക്ഷ പാരമ്പര്യം, മതസ്വാതന്ത്ര്യം, സ്ത്രീകൾക്ക് നൽകുന്ന പദവി, ബംഗാളുപോലെ തന്നെ നവോത്ഥാനം നടന്ന മണ്ണ് തുടങ്ങിയ രാഷ്ട്രീയവും സാംസ്കാരികവുമായ കാരണങ്ങൾ ബംഗാളികളെ കേരളത്തോട് അടുപ്പിക്കുന്നു.

കേരളത്തിലെ നഗരങ്ങളിൽ മാത്രം കേന്ദ്രീകരിച്ചിരുന്ന ഇവർ ഇപ്പോൾ ഗ്രാമങ്ങളിലേക്ക് ചേക്കേറിയിരിക്കുകയാണ്. നേരം വെളുക്കുമ്പോൾ കവലകൾ ഇവരെക്കൊണ്ട് നിറയും. ബസ്സുകളിലും ട്രെയിനുകളിലും ഇവരുടെ തിരക്കാണ്. ഇവരിൽ നല്ലൊരു ശതമാനം മദ്യം, മയക്കുമരുന്ന്, പുകവലി, പാൻമസാല, വെറ്റിലമുറുക്ക്, തമ്പാക്ക്, ഹാൻസ് ഇവ ഉപയോഗിക്കുന്നവരാണ്. ഇവരിൽ വ്യക്തിപരവും കുടുംബപരവുമായ പ്രശ്നങ്ങൾ അനുഭവിക്കന്നവരുമുണ്ട്.

കേരളത്തിലെ സഭകൾ ഇവരെ കണ്ടില്ലെന്ന് നടിക്കരുത്. 70കൾക്കുശേഷം ഗൾഫ് നാടുകളിലേക്ക് പോയ നമ്മുടെ സഹോദരങ്ങൾ മുഖ്യപങ്കും അവിടെവച്ചാണ് രക്ഷാനിർണ്ണയം പ്രാപിച്ചത്. ഗൾഫിൽ സഭകൾ സ്ഥാപിച്ചതും അവരാണ്. അതുകൊണ്ട് പ്രവാസികളുടെ ഇടയിലെ പ്രേഷിത പ്രവർത്തനത്തെക്കുറിച്ച് നമുക്ക് മുൻകാല അനുഭവം ഉണ്ട്. കുടിയേറ്റ തൊഴിലാളികളോട് നാം കരുണ കാണിക്കണം. "പരദേശിയെ ഉപദ്രവിക്കരുത്" (പുറ. 23:9), "പരദേശിയുടെ ന്യായം മറിച്ചുകളയരുത്" (ആവ. 24:17), "പരദേശിയെ സ്നേഹിച്ച് അവനു ഭക്ഷണവും വസ്ത്രവും നൽകണം" (ആവ. 10:18) എന്ന് ബൈബിൾ പറയുന്നു.

കേരളത്തിലെ 25 ലക്ഷം വരുന്ന മറുനാടൻ തൊഴിലാളികളെ ക്രിസ്തു സഹിതരാക്കാനുള്ള ദൗത്യം സഭകൾ ഏറ്റെടുക്കണം. ഇപ്പോൾ തന്നെ തിരുവനന്തപുരം, പായിപ്പാട്, റാന്നി, പത്തനംതിട്ട, കൊല്ലം, അടൂർ, കൊട്ടാരക്കര, പെരുമ്പാവൂർ എന്നീ സ്ഥലങ്ങളിൽ ഇവരുടെ ആരാധന നടക്കുന്നുണ്ട്. ഇവരുടെ ഇടയിൽ ക്രിസ്ത്യാനികളും പെന്തെക്കോസ്ത് വിശ്വാസികളുമുണ്ട്. ഞായറാഴ്ചകളിൽ ഇവർ ഒരുമിച്ചു കൂടിയിരുന്ന് പാട്ട് പാടി ആരാധിക്കുന്നു. ഇവരോട് വചനം പറയാനും പഠിപ്പിക്കാനും ആളില്ല. കടമ്മനിട്ട വല്ല്യന്തീയിൽ പാസ്റ്റർ ജിജി ചാക്കോ ആരാധന നടത്തുന്നുണ്ട്. ഈ ലേഖകന്റെ നാട്ടിൽ ഇവരുടെ കൂട്ടായ്മ നടക്കുന്നുണ്ട്.

ആരാധനയ്ക്കായി നമ്മുടെ സഭാഹാളുകൾ തുറന്ന് കൊടുക്കുന്നതിലെന്താണ് തെറ്റ്. മിലിട്ടറിയിൽ നിന്നും റിട്ടയർ ചെയ്തവരും വടക്കേ ഇൻഡ്യയിൽ ജോലി ചെയ്തവരും പഠിച്ചവരുമായ ഹിന്ദി സംസാരിക്കാൻ അറിയാവുന്ന നമ്മുടെ സഹോദരങ്ങളെ ഇവരുടെ ഇടയിൽ ഉപയോഗിക്കണം. ബൈബിൾ കോളജുകളിൽ പഠിക്കുന്ന നോർത്തിന്ത്യൻ വിദ്യാർത്ഥികളെ ഇവരുടെ ഇടയിൽ സുവിശേഷ വേലയ്ക്കായ് ഉപയോഗിക്കാം. ബൈബിൾ കോളജുകളും സെമിനാരികളും ഇതിനായി തയ്യാറെടുക്കണം. ഇവരുടെ കുട്ടികൾക്ക് സണ്ടേസ്കൂൾ പഠനം ആവശ്യമാണ്. പ്രാദേശിക സഭകളിലെ വിശ്വാസികൾ ഇവരുമായി നല്ല സാമൂഹ്യബന്ധം ഉറപ്പാക്കണം. ഇവരുടെ വ്യക്തിത്വ വികാസം, സ്വഭാവരൂപീകരണം, ചികിത്സാ, കുട്ടികളുടെ വിദ്യാഭ്യാസം, താമസസൗകര്യം, വസ്ത്രം, ആഹാരം തുടങ്ങിയ സേവനങ്ങൾ ചെയ്തുകൊടുക്കണം. മെഡിക്കൽ ക്യാമ്പ്, ബൈബിൾ സ്റ്റഡി, മലയാള ഭാഷാപഠനം, ലഹരിവിരുദ്ധ ക്യാമ്പെയ്ൻ, ഫിലിം പ്രദർശനം തുടങ്ങിയവ സാധ്യമാണ്. ഹിന്ദി, ബംഗാളി ഭാഷകളിലുള്ള ബൈബിൾ, ട്രാക്റ്റുകൾ, പാട്ടുപുസ്തകങ്ങൾ, സിഡികൾ വിതരണം ചെയ്യണം. ഇവരുടെ ഇടയിൽ നിന്നുതന്നെ സുവിശേഷകരെ കണ്ടെത്താൻ കഴിയും.

നമ്മുടെ സഭകളുടെ മിഷൻ ബോർഡും ഇവാഞ്ചലിസം ഡിപ്പാർട്ടുമെന്റും സജീവമായി ഈ വിഷയത്തിൽ ഇടപെടണം. സെന്റർ തലങ്ങളിലെ ഗോസ്പൽ ടീം വിഭാഗം ഇക്കാര്യം ഗൗരവമായി എടുക്കണം. കഴിയുമെങ്കിൽ ഇതിനു വേണ്ടി പ്രത്യേക മിഷൻ അജണ്ട തന്നെ രൂപീകരിച്ച് വ്യക്തികൾക്ക് പരിശീലനം നൽകണം. ഉത്തരേന്ത്യൻ ഗ്രാമങ്ങളിൽ നേരിടുന്ന എതിർപ്പുകൾ നമുക്ക് ഇവിടെ ഉണ്ടാകുകയില്ല എന്നത് ശ്രദ്ധേയമാണ്. പ്രാദേശിക സഭകൾ ഈ മുറ്റത്തെ മിഷൻ ഫീൽഡിനെ പ്രയോജനപ്പെടുത്തണം. ക്രിസ്തുവിന്റെ സ്നേഹം ഇവർ അറിയട്ടെ. ഇവരും നമ്മുടെ സഹോദരങ്ങളാണ്.

Believers Journal
P.O. Box: 31, Manjadi P.O.,
Thiruvalla - 689 105

കാലികം

# മലബാറിൽ ജനിച്ച സുവിശേഷകരോടായി.....!!!



സജി നെടുങ്കണ്ടം

മലങ്കരയെ സുവിശേഷത്താൽ ഉഴുതുമറിക്കാൻ - വിശ്വാസത്തിന്റെ വേല ചെയ്തിരുന്ന പിതാക്കന്മാരുടെ ത്യാഗപ്രവർത്തികൾ ഇന്ന് അന്യം നിന്നിരിക്കുന്നു. കാരണം വിശപ്പിന്റെ പ്രശ്നമായിരുന്നെല്ലോ എന്നും മുന്നിൽ നിന്നിരുന്നത്. ആരുടെയും മുമ്പിൽ കൈനീട്ടാതെയും, അന്യരാജ്യത്ത് ജോലി ചെയ്തിരുന്നവർക്ക് ആവലാതി പറഞ്ഞ് കത്തെഴുതാതെയും, തികച്ചും ദൈവമുഖം മാത്രം നോക്കി സുവിശേഷവേലയിൽ ഏർപ്പെട്ട് സഭകൾ സ്ഥാപിച്ചിരുന്ന ത്യാഗികളായ കർതൃവേലക്കാർ വിയർപ്പ് ഒഴുക്കിയ മണ്ണിൽ തന്നെ വെയിലേറ്റ മേനി അടക്കാൻ ഏൽപ്പിച്ചിട്ട് അവരെല്ലാം അക്കരയ്ക്ക് പോയി. അന്നത്തെ പിതാക്കന്മാർ മാങ്ങാപൂളിതിന്നുകൊണ്ട് ഒരു ദിവസം പിടിച്ചുനിന്നു. പിറ്റെദിവസം തേങ്ങാപൂളും തോട്ടിലെ വെള്ളവും ആഹാരമായി, വീടുവീടാന്തരംകേറി ഇറങ്ങി വേർപെട്ടകൂട്ടത്തിലേയ്ക്ക് ആളെ കൂട്ടി ചാണകതിണ്ണയിൽ തഴപ്പായ് വിരിച്ച് തപ്പുകൊട്ടി തമ്പേറടിച്ച് മറുഭാഷ പറഞ്ഞ് കൃപാവരം ജ്വലിപ്പിച്ചും ജീവിച്ച പിതാക്കന്മാരുടെ കൂട്ടായ്മ ഫലപ്രദമായിരുന്നു. വിശ്വാസത്താലുള്ള വേല, വിശുദ്ധജീവിതം, നിർമ്മല സുവിശേഷം പ്രസംഗിക്കുക, നിത്യതയ്ക്കായി ജനത്തെ ഉറപ്പിക്കുക....പിതാക്കാന്മാരുടെ പ്രവർത്തനം ഇങ്ങനെ നീളുന്നു. ഇന്ന് വിശ്വാസത്താൽ മാത്രം വേല ചെയ്യുന്ന സുവിശേഷകർ ഉണ്ടെങ്കിൽ അവർ വംശനാശ ഭീഷണി നേരിടുകയാണ്. വരും തലമുറയ്ക്ക് ചൂണ്ടി കാണിക്കാൻ ചിലരുടെ ജീവിതം ചിത്രീകരിച്ച് സി.ഡി.യിൽ സൂക്ഷിച്ചാൽ പ്രയോജനമായേക്കാം. സുവിശേഷവേലയ്ക്ക് പണം ആവശ്യമാണ്, എന്നാൽ സുവിശേഷകർ പണത്തിന്റെ പുറകെ പായരുത്. ദൈവസ്നേഹം ആരംഭകാലസഭകളുടെ മുഖമുദ്ര ആയിരുന്നു. ഇന്ന് ദൈവസ്നേഹം എന്നത് ഒരു പ്രസംഗവിഷയമായി മാത്രം ചുരുങ്ങിയിരിക്കുന്നു. ജാഡകാണിക്കാൻ ഓടി നടക്കുന്ന ജഡികന്മാരുടെ കൂട്ടായ്മയായി പല പെന്തെക്കോസ്ത് സഭകൾക്കും പരിണാമം സംഭവിച്ചിരിക്കുന്നു. ദൈവസ്നേഹത്തിലും തികഞ്ഞ ആത്മാർത്ഥതയിലും നിന്ന് ഉരുത്തിരിഞ്ഞുവന്ന ജീവകാരുണ്യ പ്രവർത്തനങ്ങൾ കുറയുകയാണ്. പേരിനും പെരുമയ്ക്കും വേണ്ടി നടത്തിവരുന്ന പല പൊതു പ്രവർത്തനങ്ങൾ പെന്തെക്കോസ്തുകാരുടെ ഇടയിൽ അരങ്ങുവാഴുന്നു. മറുമരുന്ന് എന്തെങ്കിലും മനസിൽ തെളിയുന്നെങ്കിൽ മാറിനിന്നു പഴിക്കാതെ അത് അപ്പാടെ ജനങ്ങളിൽ എത്തിക്കാൻ നാം ആവുന്നത് ശ്രമിക്കുക.

ദർശനം മങ്ങാൻ സാധ്യതയുള്ള രണ്ടു വിഷയങ്ങൾ തിരുവെഴുത്തിൽ നിന്നും ചൂണ്ടികാണിക്കാം. ഒന്ന് കഷ്ടതയുടെ കഠിനശോധന, രണ്ട് സമൂഹത്തിൽ ലഭിക്കുന്ന സ്ഥാനമാനങ്ങൾ. ഈവിധ സാഹചര്യങ്ങൾ ചിലപ്പോൾ ഭക്തന്റെ ജീവിതത്തിൽ വിരക്തിയും വീഴ്ചയും സമ്മാനിച്ചേക്കാം. എന്നാൽ ദർശനം പ്രാപിച്ച യോസേഫ് ഈ സാഹചര്യങ്ങളിലും നിത്യതയെക്കുറിച്ച് ദൃഢനിശ്ചയം ഉള്ളവനായിരുന്നു. അതുകൊണ്ടാണ് തിരുവെഴുത്തിലെ ആരംഭപുസ്തകം അവസാനിക്കുമ്പോൾ യിസ്രായേൽ ജനത്തിന്റെ പുറപ്പാടിന്റെ നാളിൽ തന്റെ അസ്ഥി കൂടെ കൊണ്ടുപോകാൻ മറക്കരുത് എന്ന് സഹോദരന്മാരോട് പറഞ്ഞത് (ഉല്പ. 50:24,25). നിത്യതയെക്കുറിച്ചുള്ള ദർശനം മങ്ങുമ്പോൾ "ഉണ്ണാനും ഉടുക്കാനും ഉണ്ടെങ്കിൽ മതി" എന്ന വചനവും മറക്കുന്നു. നിത്യതയെക്കുറിച്ചുള്ള കാഴ്ചപ്പാട് കുറയുമ്പോൾ ഇവിടെ കസേരയ്ക്കായുള്ള കടിപിടിയും കൂടും. നിത്യതയെക്കുറിച്ചുള്ള സത്യം അകത്ത് തിങ്ങാത്തവർ തട്ടിക്കൂട്ടുന്ന സ്ഥലത്തെല്ലാം ബഹുനിലമാളിക പണിയാൻ ഓടി നടക്കും. നിത്യതയാണ് ഭക്തന് സത്യത്തിൽ നിരാശ അകന്ന ജീവിതത്തിന് നേർരേഖ. എന്നാൽ മഹാദൈവത്തിന്റെ വഴി മനപ്പൂർവ്വം മറക്കുന്നവർ മുഴുലോകത്തെക്കാളും വിലയേറിയ ആത്മാവിന് വഴി ഒരുക്കുന്ന മശിഹയെയും മറക്കുന്നു. ദൈവരാജ്യസ്ഥാപകൻ തന്റെ ജനത്തെ തിരഞ്ഞുരക്ഷിക്കാൻ ക്രൂരന്മാരുടെ മുമ്പിൽ മൗനമായി നിന്നു. ഒടുക്കം ക്രൂശിൽകിടന്ന് ദാഹിച്ചവന് കൂടിനിന്നവർ കൈപ്പുകാടി നൽകി. രുചിച്ചു നോക്കീട്ടു കുടിച്ചിറക്കാൻ കഴിയാത്ത കൈപ്പുനീര് തന്നവരോടും നീരസം കാട്ടാതെ യേശു ക്ഷമിക്കുകയായിരുന്നു.

മലബാറിൽ സുവിശേഷവേല ചെയ്യുന്ന ത്യാഗികളായ ദൈവജനത്തെ ദൈവം ആദരിക്കാതിരിക്കില്ല. ഉഴുതു മറിക്കാൻ കഴിയാത്ത കടുപ്പമുള്ള ഊഷരഭൂമിയാണ് മലബാർ. കഷ്ടതയും പട്ടിണിയും പീഢകളും സഹിച്ച് ഇവിടുത്തെ ദൈവദാസന്മാർ കർതൃവേലചെയ്യുന്നു. പതിനെട്ടു വർഷമായിട്ടും വാടകവീട്ടിൽ ആരാധിക്കുന്ന ദൈവജനം സഭയും സഭാഹാളും ഇന്നും ദർശനം കാണുന്നു. ഒരു സുവിശേഷകരോ പെന്തെക്കോസ്ത് ആരാധനയോ ഇല്ലാത്ത നൂറുകണക്കിന് പഞ്ചായത്തുകൾ മലബാറിൽ ഉണ്ട്. കിട്ടുന്നപണം മുഴുവൻ ഇനി വടക്കേ ഇൻഡ്യയ്ക്ക് എന്നു പറഞ്ഞ് മാറ്റിവയ്ക്കുന്ന വിദേശമലയാളികൾ നിങ്ങൾ പിറന്ന കേരളത്തിൽ തന്നെ ദുരിതമനുഭവിക്കുന്ന ദൈവദാസന്മാരെ കണ്ടെത്താൻ ഉത്സാഹിക്കുക. മലബാറിൽ ജനിച്ചു തിരുവിതാംകൂറിലെ മെഗാ ചർച്ചുകളിൽ കടിച്ചുതൂങ്ങി സ്വത്ത് സമ്പാദിക്കുന്നവർ ജന്മ ഭൂമിയിലേയ്ക്ക് ദൈവം വേലയ്ക്ക് വിളിച്ചത് ആദ്യം യെറുശലേമിൽ സാക്ഷികളാകാനാണ്. അതുമറന്നിട്ട് ബൈബിൾ കോളേജ് പഠനം കഴിഞ്ഞാലുടൻ തെക്കോട്ടുമാറി വലിയസഭ തേടി പോകുന്നവർ സ്വന്തം മണ്ണിനെയും മനുഷ്യരെയും മറക്കുന്നു. ത്യാഗം സഹിക്കാൻ തയ്യാറുള്ള സുവിശേഷകർ മലബാറിനെ ഉഴുതുമറിക്കും. വേലയില്ലാത്ത പഞ്ചായത്തുകളിൽ അവർ സുവിശേഷത്തിന്റെ ദീപം തെളിയിക്കും. മലബാറിലെ അടുത്തറിയാൻ സുവിശേഷ സ്നേഹികളായ മലയാളികൾ ആവുന്നത് ശ്രമിക്കുക....അതിനുശേഷം അടുത്ത സംസ്ഥാനത്തേയ്ക്ക് കടക്കാം. മലബാറിൽ ജനിച്ച സുവിശേഷകർ മധ്യതിരുവിതാംകൂറിലെ വേല മതിയാക്കി മടങ്ങിവരിക....!! നിങ്ങൾ പിറന്നു വീണ മലബാറിന്റെ മണ്ണ് നിങ്ങളുടെ വിയർപ്പിനായി കാത്തിരിക്കുന്നു. ജനിച്ച മണ്ണിൽ നിന്നും ചിലരെക്കൂടെ നിത്യതയുടെ തീരത്തേയ്ക്ക് തിരഞ്ഞു രക്ഷിക്കാം.....

കണ്ടതും കേട്ടതും

# "സപ്തമശ്രീതസ്ക്കരാ...."

ജയ്മോഹൻ അതിരുങ്കൽ, 9567759748

ഒരു സിനിമയുടെ പേരായിക്കോട്ടെ ഇപ്രാവശ്യത്തെ തലക്കെട്ട്. ഇതിന്റെ അർത്ഥമെന്താണാവോ? "ഏഴു മാന്യകള്ളന്മാർ" എന്നുവല്ലതുമാണോ? സംസ്കൃതത്തിലൊരു പേര് ആദ്യമായിട്ടാണെന്ന് തോന്നുന്നു. മലയാളത്തിലെ പേരുകളെല്ലാം തീർന്നുപോയതുപോലെ, ഇംഗ്ലീഷ് പേരുകളാണു മലയാളം സിനിമയ്ക്കു നൽകിക്കൊണ്ടിരുന്നത്. മോസ് ആന്റ് ക്യാറ്റ്, റെഡ് വൈൻ, ഹൗ ഓൾഡ് ആർ യൂ അങ്ങനെ പോകുന്നു സിനിമാപ്പേരുകൾ! പണ്ടൊക്കെ സിനിമാപ്പരസ്യത്തിന്റെ കൂടെ അല്പം കഥാസാരവും കൊടുക്കുമായിരുന്നു. ഇപ്പോൾ അങ്ങനെയൊന്നും കാണുന്നില്ല. കഥയില്ലാത്തതു കൊണ്ടായിരിക്കും. ഇതിനെല്ലാം കൂടെ കഥയുണ്ടാക്കുന്നതെങ്ങനെയാണെന്ന് അത്ഭുതപ്പെട്ടിട്ടുണ്ട്. ഇംഗ്ലീഷ് സിനിമകളുടെ കഥമോഷ്ടിച്ചാണു പല മലയാളം സിനിമകളുമുണ്ടാക്കുന്നതെന്നും പറയാറുണ്ട്. ചില ദൃശ്യങ്ങൾപോലും സമാനമാണെന്ന് ഒരിക്കൽ റ്റെലിവിഷനിൽ കാണിക്കുകയുണ്ടായി. 'അനുകരണമാണു കലാവിദ്യ'യെന്ന് അരിസ്റ്റോട്ടിലും പറഞ്ഞിട്ടുണ്ടെന്നോർത്തു സമാധാനിക്കാം. അല്ലെങ്കിൽത്തന്നെ, യാഥാർത്ഥമായത് (തനതായത് - Original) ഏതാണ്? ഒന്നുമില്ല! എല്ലാം എന്തിന്റെയെങ്കിലും അനുകരണമോ പിൻതുടർച്ചയോ ആണ്. തോമസ് നാസ്റ്റ് തുടങ്ങിയവരാണു കാർട്ടൂണിന്റെ തുടക്കക്കാരായവർ, അവരുടെ വര കണ്ടു ബാക്കിയുള്ളവരു വരച്ചു പഠിച്ചു. മലയാളത്തിലെ ആദ്യത്തെ കാർട്ടൂൺ 'മഹാക്ഷാമദേവത'യായിരുന്നുവത്രേ. പക്ഷേ അതു വരച്ചതാരാണെന്ന് ആർക്കുമറിഞ്ഞുകൂടാ! ഇൻഡ്യൻ കാർട്ടൂണിസ്റ്റുകളുടെ പിതാവായ ശങ്കറിന്റെ ശിഷ്യന്മാരാണ് ഇന്നത്തെ പല കാർട്ടൂണിസ്റ്റുകളും. അബുവും യേശുദാസനും ഓ. വി. വിജയനും കുട്ടിയുമെല്ലാം 'ശങ്കേഴ്സ് വീക്ക്ലി'യിൽ വരച്ചു കൈ തെളിഞ്ഞവരാണ്. കാർട്ടൂണിസ്റ്റ് റ്റോംസ്, ഒരു അഭിമുഖത്തിൽ പറഞ്ഞത്, 'എന്റെ ഗുരു ഞാൻ തന്നെയാണെ'ന്നാണ്. പിന്നീടൊരു അഭിമുഖത്തിൽ അദ്ദേഹം പറഞ്ഞത്, 'ശങ്കറിന്റെ കാർട്ടൂണുകൾ നോക്കി വരയ്ക്കുമായിരുന്നു. അതാണ് എന്റെ വരയിൽ അദ്ദേഹത്തിന്റെ ഒരു ശൈലി വരാൻ കാരണ'മെന്നാണ്. ഇൻഡ്യയിലെ ഏറ്റവും പ്രമുഖ കാർട്ടൂണിസ്റ്റായ ആർ. കെ. ലക്ഷ്മൺ, പ്രസിദ്ധനായ കാർട്ടൂണിസ്റ്റ് ഡേവിഡ് ലോയുടെ ശൈലി സ്വന്തമാക്കിയ ആളാണ്. ഒന്നാന്തരം വരയായിരുന്നു അദ്ദേഹത്തിന്റേത് (രോഗബാധിതനായ ലക്ഷ്മൺ ഇപ്പോൾ വരയ്ക്കുന്നില്ല). 'റ്റൈംസ് ഓഫ് ഇൻഡ്യ'യിൽ അദ്ദേഹത്തിനു പകരക്കാരനായി വരയ്ക്കാൻ ആരുമില്ല! ലക്ഷ്മന്റെ തൊട്ടടുത്തുന്ന വരച്ച ഒരു പ്രതിഭനായിരുന്നു (പ്രതിഭയുള്ളവൻ പ്രതിഭനാണെന്നു പറയാം), ബാൽ താക്കറേ. താക്കറെയുടെ വര കണ്ട് ഇഷ്ടപ്പെട്ട ഒരു ജാപ്പനീസ് പത്രം, അദ്ദേഹത്തെ ക്ഷണിച്ചതാണ്. അദ്ദേഹം പോയില്ല. ശിവസേനയുമായി രാഷ്ട്രീയത്തിലിറങ്ങിയതു കാരണം, നല്ലൊരു കാർട്ടൂണിസ്റ്റിനെയാണു നഷ്ടമായത്.




പെന്തെക്കോസ്തിലും ബ്രദറൺ സഭയിലുമൊന്നും കാർട്ടൂണിസ്റ്റുകളുണ്ടാകാത്തത് എന്തുകൊണ്ടാണെന്നറിയില്ല. 'കപ്പലുമാന്തോട്ടം' എന്ന പേരിലൊരു സഹോദരൻ കാർട്ടൂൺ വരച്ചിരുന്നു. പക്ഷേ ഒന്നോ രണ്ടോ കാർട്ടൂൺ വരച്ച് അദ്ദേഹം നിർത്തിക്കളഞ്ഞു. സജി നടുവത്രയുടെ കാർട്ടൂണുകളെക്കുറിച്ച് ഒന്നും പറയാനില്ല (പറയുന്നില്ല). മാർത്തോമ്മാസഭയിലൊരു അച്ചൻ കാർട്ടൂൺ വരയ്ക്കുന്നുണ്ട്. ക്രിസോസ്റ്റം തിരുമേനിയുമായി സഹകരിച്ചാൽ, ആശയത്തിനു പഞ്ഞം വരുകയില്ല.

കുറച്ചുനാൾ മുമ്പ്, ഒരു വീട്ടിലിരിക്കുമ്പോൾ, ആ വീട്ടുകാരുടെ ഒരു ബന്ധു അവിടെ വന്നു. സിനിമാസംഗീതവുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്നയാളാണ്. പാട്ടുകാരുടെ പ്രതിഫലം, ഭാവിയുള്ള പാട്ടുകാർ, ഭാവിയില്ലാത്തവർ തുടങ്ങിയ കാര്യങ്ങളെക്കുറിച്ചെല്ലാം അദ്ദേഹം പറഞ്ഞു. ഒരു കീബോർ(ഡ്)ഡും വെച്ചുകൊണ്ടു പെന്തെക്കോസ്തുകാർ നടത്തുന്ന സംഗീതാഭാസത്തെക്കുറിച്ച് അദ്ദേഹം പുച്ഛരസത്തിലാണ് സംസാരിച്ചത്. സിനിമാഗാനങ്ങളുടെ ഈണം അപഹരിച്ചാണ് നിങ്ങൾ പാട്ടുകളുണ്ടാക്കുന്നതെന്നും അദ്ദേഹം പറഞ്ഞു. "ലക്ഷാർച്ചന കണ്ടു മടങ്ങുമ്പോഴൊരു..." എന്ന ഗാനത്തിന്റെ ഈണമാണു "തിരുനാമകീർത്തന"ത്തിൽ തുടങ്ങുന്ന ഗാനമെന്നു പറഞ്ഞപ്പോൾ ഞാൻ അമ്പരന്നു പോയി. ഈണം മാത്രമല്ല പശ്ചാത്തലസംഗീതവും അനുകരിക്കുന്നതായി എനിക്കറിയാം. "ഈ മരുയാത്രയിൽ നിന്നെ തനിയെ വിടുകയില്ലാ"യെന്ന ഗാനം കേൾക്കുക. പിന്നെ, യേശുദാസ് പാടിയ "ശ്രുതിയിൽ നിന്നുയരും നാദശലഭങ്ങളേ..." എന്ന ഗാനവും കേട്ടു നോക്കുക. പശ്ചാത്തലസംഗീതത്തിലുള്ള സാമ്യം മനസ്സിലാക്കാം. ഇതു യാദൃച്ഛികമാണോ മനഃപൂർവ്വമാണോയെന്നേ അറിയാനുള്ളു.

കഴിഞ്ഞയിടെ, കൊട്ടാരക്കരയിൽ നിന്നുള്ള ഒരു ദ് പെന്തെക്കോസ്തു സഹോദരൻ എന്നെ വിളിച്ചിട്ട്, യൂ റ്റ്യൂബിലുള്ള ഒരു പാട്ടു കേൾപ്പിച്ചു. ഹിന്ദിയാണെന്നു തോന്നുന്നു. "ശാന്തതുറമുഖമടുത്തു" എന്ന പാട്ടിന്റെ ഈണമാണതെന്ന് അദ്ദേഹം പറഞ്ഞു. അതൊരു 'കവാലി' (Qawwal)യാണ് -ഗസൽ പോലെയെന്നു പറയാം. വായനക്കാർക്ക് അതു കേട്ടു നോക്കാം. 'ശാന്തതുറമുഖ'ത്തിന്റെ ഈണം 'കവാലിക്കാരൻ' പകർത്തിയതാണോ, അതോ കവാലിയുടെ ഈണം ശാന്തതുറമുറത്തിലേക്കു സന്നിവേശിപ്പിച്ചതാണോയെന്നോ സംശയമുള്ളൂ. ഒരേ ഈണം രണ്ടു കൂട്ടർക്കും കിട്ടാനും സാധ്യതയുണ്ട്. നുസ്രത്ത് അലിഖാന്റേതാണു ഗാനം. ആർതർ കെസ്ലറുടെ കല്ലുകൾ കൊണ്ടാണു ബഷീറിന്റെ 'മതിലുകൾ' പണിതതെന്ന് ഒരു പറച്ചിലുണ്ടായിരുന്നു. അതുപോലെ പുനത്തിൽ കുഞ്ഞബ്ദുള്ളയുടെ 'കന്യാവനങ്ങളെ'ക്കുറിച്ചും പരാമർശിച്ചിരുന്നു. പുനത്തിലിന്റെ ഒരു കൃതിയിൽ ('മരുന്നാ'ണെന്നു തോന്നുന്നു), 'ആശയം മോഷ്ടിച്ചു ഞാൻ കഥകളെഴുതിയിട്ടുണ്ടെ'ന്നു പറയുന്നുണ്ട്. മോഷ്ടിച്ചെഴുതിയ കഥകളാണു നന്നായി ഭവിച്ചതെന്നും അദ്ദേഹം തുറന്നു സമ്മതിച്ചിരുന്നു. അവരൊക്കെ സമ്മതിച്ചാലും 'ദൈവമക്കളെ'ന്ന് അഭിമാനിക്കുന്ന നമ്മൾ അതൊന്നും സമ്മതിക്കുകയില്ല, 'മംഗള'ത്തിൽ വരച്ചിരുന്ന ജയിംസിന്റെ (ശത്രു) കാർട്ടൂൺ പകർത്തിവരച്ചയാളിന്, അതു ചൂണ്ടിക്കാണിച്ചുകൊണ്ടു കത്തയച്ചു. മറുപടി അയച്ചതേയില്ല! നേരിട്ടു കണ്ടപ്പോൾ, 'എന്താണു കത്തയിച്ചിട്ടു മറുപടി അയ്ക്കാത്തതെന്നു ചോദിച്ചു, 'ഞാനങ്ങനെ മറുപടി അയക്കാറില്ല'ന്നായിരുന്നു മറുപടി. പക്ഷേ, അദ്ദേഹം പ്രതികാരം ചെയ്തു. ഞാൻ ആ പ്രസിദ്ധീകരണത്തിനു കൊടുത്ത ഒരു കാർട്ടൂൺ, അതിന്റെ തെളിച്ചം കുറച്ച്, വായിക്കാൻ പറ്റാത്ത പരുവത്തിലാക്കിക്കളഞ്ഞു. പിന്നീട് ഇന്നുവരെ ആ പത്രത്തിൽ കാർട്ടൂൺ കൊടുത്തിട്ടില്ല!

**നീക്കിബാക്കി:** രണ്ടാഴ്ച മുമ്പ് പഴഞ്ഞിയിലെ ചുമ്മാർ പാസ്റ്ററെ കാണാൻ പോയി. അദ്ദേഹത്തിന്റെ ജീവചരിത്രമൊന്ന് എഴുതാനുള്ള ഉദ്ദേശ്യത്തിലാണു പോയത്. 'അഴലേറും ജീവിതമരുവി'ലെന്ന പാട്ടിന്റെ കാര്യമൊക്കെ അദ്ദേഹം പറഞ്ഞു. സിനിമാപ്പാട്ടിന്റെ ഈണത്തിലെഴുതിയ ആ ഗാനം, 'നീ കേഴുകയോ ഇനി സഹജാ...?!' എന്നാണ് എഴുതിയിരുന്നതു പോലും!

MOB: 9447368795
beljourn@gmail.Com
beljourn.com/ www.bjournal.org
VOL 07, ISSUE 19

BELIEVERS JOURNAL

BELIEVERS JOURNAL
P. O. BOX NO. 31, MANJADI P.O
THIRUVALLA, KERALA - 689 105

Publishing Date
10/10/2014

RNI. NO. KERMAL/2008/26530 | POSTAL REG. NO. KL/7LA/225/2012-14

മാധ്യമവിചാരം

# പെന്തെക്കോസ്ത് ചീഫ് വിപ്പ്



അനിൽ കൊടിത്തോട്ടം
9495733727

**കെ.** പി. എ. മജീദും റ്റി. കെ. ഹംസയുമൊക്കെ ചീഫ് വിപ്പുകളായിരുന്നിട്ടുണ്ട്. പക്ഷെ ആ പദവിയിലിരുന്ന് ജനശ്രദ്ധ നേടിയത് പി. സി. ജോർജ്ജാണ്. ശ്രീ. പി. സി. ഞങ്ങളുടെ എം. എൽ. എ. ആണ്. യൂറ്റ്യൂബിൽ പ്രചരിക്കുന്ന പി. സി.യുടെ തെറിക്ക് ആസ്പദമായ ഇലക്ട്രിസിറ്റി ബോർഡ് ഞങ്ങളുടെ ഗ്രാമത്തിലാണ്. പൊതുവേ പി. സി.യെക്കുറിച്ച് എന്തൊക്കെ പറഞ്ഞാലും ആൾ ജനകീയനാണ്.

നമുക്ക് ഒരു പി. സി. ജനിക്കാൻ പോകുന്നു. നിലവിൽ ഒരു പി. സി. റാന്നിയിലുള്ളത് വിസ്മരിക്കുന്നില്ല. അടുത്ത ചർച്ച് ഓഫ് ഗോഡ് ഇലക്ഷൻ കഴിഞ്ഞിട്ടു മാത്രമേ റാന്നി പി. സി.യെ നിരീക്ഷിക്കേണ്ടതുള്ളൂ. ഇനി ലഭിക്കാൻ പോകുന്ന പുതിയ പി. സി.യുടെ ഉദയം ഐ. പി. സി.യിൽ നിന്നാണ്. പ്രസിഡന്റ് സ്ഥാനത്ത് പരമാവധി ഇരുന്ന് മുഷിയുന്ന ആൾക്ക് ശേഷിക്കുന്ന കാലം അഷ്ടിപ്പണിക്ക് ഒരു തസ്തിക വേണം. അതാണ് ഐ. പി. സി. ചീഫ് വിപ്പ്! ഏത് കൗൺസിലിലും ചീഫ് വിപ്പ് വരും അഭിപ്രായം പറയും പോകും അതിന് പ്രത്യേക ക്ഷണം ആവശ്യമില്ല. വോട്ടിംഗിൽ നിന്നുമാത്രം വിട്ടുനിൽക്കും. അത് കൗൺസിലിനോട് കാട്ടുന്ന ഒരു വിട്ടുവീഴ്ച. കല്യാണം, ശവമടക്ക്, ഹാൾ പ്രതിഷ്ഠ തുടങ്ങി ഏത് പരിപാടിയും പൂർവ്വാധികം ശക്തിയോടെ ചീഫ് വിപ്പ് നടത്തും. ആരും തടയരുത്.

ഐ. പി. സി.യുടെ പുതിയ ഭരണഘടനാ ഭേദഗതി ബില്ലിന്റെ കരടിലാണ് ഇത്തരം ഒരു വിപ്പിന്റെ കാര്യം രേഖപ്പെടുത്തിയിരിക്കുന്നത്. പ്രഥമദൃഷ്ട്യാ ഒന്നു വ്യക്തം. പടിഞ്ഞാറുനിന്ന് ഒരു നെടുങ്കൻ വിപ്പ് വരും. ആധിപത്യം ആ തോളിലിരിക്കും. അത് കുമ്പനാടിന്റെ പാർശ്വങ്ങളെ തകർക്കും. ഐ. പി. സി. വത്സലനോ ആശ്രിതവത്സലനോ ഇനി കാത്തുനിന്നിട്ട് കാര്യമില്ല. എല്ലാം വിപ്പ് തീരുമാനിച്ചു കഴിഞ്ഞു. ഏതെങ്കിലും കാരണവശാൽ വിപ്പിന് രംഗത്തിറങ്ങാൻ കഴിയാതെ പോയാൽ ഐ. പി. സി.യിലെ പനീർശെൽവന്മാർ ബിനാമികളായി കാര്യങ്ങളെ നീക്കും. (ഐ. പി. സി. മക്കളെ ഉങ്കളക്ക് തെരിയുമോ? ന്ത കന്നം തെരിവുകള്.?)

വിപ്പിന്റെ കരുനീക്കങ്ങൾ കരുവാറ്റയിൽ സൃഷ്ടിച്ച അങ്കലാപ്പ് ചില്ലറയല്ല. സ്വർഗ്ഗീയധ്വനി വിപ്പ് വാഴ്ചയ്ക്കെതിരെ ലീഡ് ന്യൂസും എഡിറ്റോറിയലും കൊണ്ട് പ്രതിരോധിച്ചു. പത്രാധിപർ വായിൽ വന്നതെല്ലാം പറഞ്ഞ് നിയുക്ത ചീഫ് വിപ്പിനെ ചീപ്പ് വിപ്പാക്കിക്കളഞ്ഞു. അഭിനവ പോപ്പാണ് വിപ്പെന്നും ഇങ്ങനെവിടാൻ പാടില്ലെന്നുമുള്ള പത്രാധിപലേഖനം അടിമുടി ആക്രമണശൈലിയിലുള്ളതാണ്.

പതിവിൽ നിന്ന് വിഭിന്നമായി ജാലകം വിപ്പ് വാഴ്ചയെ വാനോളം പുകഴ്ത്തുന്ന ജ്ഞാനപ്പാന കൊണ്ട് നമ്മെ അമ്പരപ്പിച്ചുകളഞ്ഞു. മണ്ഡലം തിരിച്ചുള്ള തിരഞ്ഞെടുപ്പ്, പ്രസ്ബിറ്ററിയിൽ സെന്റർ -ഏരിയാ പാസ്റ്റർമാരെ പാടുള്ളൂ, വൈസന്മാരും ജോയിന്റന്മാരും പരമാവധി ആകാം തുടങ്ങി ഭരണഘടനാ ഭേദഗതി നിർദ്ദേശങ്ങളെ സവിസ്തരം വിലയിരുത്തുന്ന ജാലകം ചില അപാകതകളെ കാണാതിരിക്കുന്നില്ല.

മുമ്പൊരിക്കൽ മുരളിയെ എം. പി.യാക്കാൻ ചർച്ച നടക്കുമ്പോൾ മൂത്രശങ്കകൊണ്ട് കരുണാകരൻ പുറത്തുപോയതും ആദർശധീരൻ അന്തോനീസ് പുണ്യാളൻ മുരളിയുടെ പേര് നിർദ്ദേശിച്ച് പ്രശ്നം ഒഴിവാക്കിയതും പ്രസിദ്ധമായിരുന്നു. അതിനെ ആസ്പദമാക്കി സരസ കവി ചെമ്മനം ചാക്കോ കുറിച്ച ഈരടി ഇവിടെ ചേർക്കട്ടെ.

*"പുത്രൻ എം. പി.യായ് തീരു*
*വാൻ തക്കത്തിൽ*
*മൂത്രശങ്കയ്ക്ക് പോകുന്നതും*
*ഭവാൻ"*

ഇവിടെയും ചില സമാനതകളുണ്ട്. അവിടെ പുത്രനെ (മുരളിയെ) അകത്തെടുക്കുകയായിരുന്നെങ്കിൽ ഇവിടെ ഒരു പുത്രനെ പുറത്തു കളയാനുള്ള ശ്രമമാണ് നടക്കുന്നത്. വലിയപ്പനും, അപ്പനും, മകനും അങ്ങനെ മൂന്നു തലമുറകൾ ഒരുപോലെ ഐ. പി. സിയെ നയിച്ചു എന്ന ദുഷ്പേര് വരാതിരിക്കാൻ ഇതിൽപരം നല്ലൊരു നടപടിയില്ലത്രേ.

ഐ. പി. സി.യിൽ വിപ്പ് വരുന്ന മുറയ്ക്ക് ഏ. ജി.യും ചർച്ച് ഓഫ് ഗോഡും എന്തെങ്കിലും പരിപാടി ഒപ്പിക്കും എന്ന് പ്രതീക്ഷിക്കാം. ഏ. ജിയിൽ അത് അത്ര എളുപ്പമല്ലെങ്കിലും നിലവിലെ അധികാരകേന്ദ്രങ്ങൾ തങ്ങളുടെ നില ഭദ്രമാക്കാൻ പരിപാടി പലതും നടപ്പിലാക്കും. ചർച്ച് ഓഫ് ഗോഡിൽ അസിസ്റ്റന്റ് സർജൻ എന്നൊക്കെ പറയും പോലെ ഭരണഘടനാ പ്രാധാന്യമില്ലാത്ത ഉപ കങ്കാണി തസ്തിക ഉണ്ടാക്കിയെടുത്തിട്ടുണ്ട്, ഉള്ളതാവട്ടെ.

സ്വർഗ്ഗീയധ്വനിയിൽ ചീഫ് പാസ്റ്റർ വാഴ്ചാമോഹത്തെ ലൂസീഫറിന്റെ അധികാരമോഹത്തോടാണ് ഉപമിക്കുന്നത്. ഉള്ളു തുറന്ന് ചിരിക്കുന്ന ചീഫ് വിപ്പേ താങ്കളെ ഞങ്ങൾ കുമ്പനാട് ആസ്ഥാനത്ത് ഇരുത്തിയിരിക്കുന്നു. ലൂസീഫറിനു ചുറ്റും താമ്രമണി, പീതരത്നം, മാണിക്യം ആദിയായ സകലവിധ രത്നവും ചുറ്റിയിരുന്നതുപോലെ അങ്ങേയ്ക്ക് ചുറ്റും മണിയടി വീരന്മാരും കൈമുത്തികളും നിന്നിരുന്നു. എന്നാൽ അങ്ങയുടെ അന്തരംഗം സാഹസം കൊണ്ട് നിറഞ്ഞു. ഞാൻ ചീഫ് വിപ്പാകും എന്റെ സിംഹാസനം ജനറൽ പ്രസിഡന്റിന്റെ കസേരയ്ക്ക് മീതെ വയ്ക്കും എന്നല്ലോ താങ്കൾ ഹൃദയത്തിൽ പറഞ്ഞത്. ഇങ്ങനെ വേദനിക്കുന്ന പത്രാധിപരുടെ ആത്മനൊമ്പരം മാധ്യമവിചാരകന് മനസ്സിലാകുന്നു.

തങ്ങളുടെ വാഴ്ച കാത്തുകൊള്ളാതെ പോയ, അതായത് കൗൺസിലിൽ നിന്ന് വോട്ട് പിടിച്ച് ജയിക്കാൻ കഴിയാത്തവരും കൺവൻഷൻ പ്രസംഗകർ എന്ന നിലയിൽ, രാഷ്ട്രീയം കളിച്ചാൽ പ്രോഗ്രാം കുറയും എന്നും ഭയപ്പെടുമ്പോൾ തന്നെ തസ്തിക കിട്ടിയാൽ കയറിപ്പറ്റാം എന്ന് പ്രതീക്ഷിക്കുന്ന ചിലർക്കുവേണ്ടി ഒരു ക്രമീകരണം ഭരണഘടനാ ഭേദഗതിയിൽ വേണ്ടിയിരുന്നു. നമ്മുടെ രാജ്യസഭപോലെ ഒരു പരിപാടി. കലാകാരന്മാർ, പണ്ഡിതന്മാർ, വ്യവസായികൾ തുടങ്ങിയവരുടെ കഴിവുകൾ രാജ്യത്തിനുവേണ്ടി പ്രയോജനപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ രാഷ്ട്രപതി രാജ്യസഭയിലേക്ക് കോപ്റ്റ് ചെയ്യുന്ന ഒരു ഏർപ്പാടുണ്ട്. ഇവ്വണ്ണം റിയൽ എസ്റ്റേറ്റുകാർ, തട്ടുപൊളിപ്പൻ പാട്ടുകാർ, (അല്പം തുട്ട് കൈയിലുണ്ടെങ്കിൽ ഏത് പൊട്ടനും) അകത്തു വരാൻ കഴിയുംവിധം ഒരു കോപ്റ്റ് ചെയ്യൽ ഏർപ്പാട് നല്ലതാണ്. ഇതിനൊക്കെ പിന്തുണ നൽകുന്ന ചില പത്രാധിപന്മാരെകൂടി പരിഗണിക്കണേ. കോപ്റ്റ് ചെയ്യുക എന്നതിലെ 'റ്റ' ടൈപ്പിസ്റ്റിന്റെ അപാകത മൂലം നഷ്ടപ്പെട്ടാൽ (അത് അർത്ഥസഹിതമെങ്കിലും) മാധ്യമവിചാരകനെ തെറ്റിദ്ധരിക്കല്ലേ പ്ലീസ്.




# ശാരോൻ ജനറൽ കൺവൻഷൻ ഡിസംബർ 3 മുതൽ



ഡോ.റ്റി.ജി കോശി

**തിരുവല്ല:** ശാരോൻ ഫെലോഷിപ്പ് സഭകളുടെ ജനറൽ കൺവൻഷൻ ഡിസംബർ 3 ബുധൻ മുതൽ 7 ഞായർ വരെ തിരുവല്ല ശാരോൻ ഗ്രൗണ്ടിൽ വെച്ചു നടത്തപ്പെടും. സഭാ പ്രസിഡന്റ് ഡോ.റ്റി.ജി കോശി ഉദ്ഘാടനം ചെയ്യുന്ന യോഗങ്ങളിൽ സുപ്രസിദ്ധ സുവിശേഷ പ്രസംഗകർ ദൈവവചന ശുശ്രൂഷ നിർവ്വഹിക്കും. പാസ്റ്റേഴ്സ് കോൺഫറൻസ്, മിഷൻ സമ്മേളനം, കാത്തിരിപ്പു യോഗങ്ങൾ, സഹോദരി സമ്മേളനം, സി.ഇ.എം, സൺഡേസ്കൂൾ സമ്മേളനം തുടങ്ങിയവ കൺവൻഷനോടനുബന്ധിച്ചു നടക്കും. ശാരോൻ ക്വയർ ഗാനശുശ്രൂഷയ്ക്ക് നേതൃത്വം നൽകും.

കൺവൻഷന്റെ സുഗമമായ നടത്തിപ്പിനായി പാസ്റ്റർമാരായ വർഗീസ് ജോഷ്വാ, പി.സി.മാത്യു (പ്രെയർ), ഏബ്രഹാം മന്ദമരുതി, ബ്രദർ ഏബ്രഹാം ഉമ്മൻ (പബ്ലിസിറ്റി), ബ്രദേഴ്സ് കെ.ഇ.ജോർജ് , സി.എ. മാത്യു, കെ.കെ.തോമസ്, (ഫൈനാൻസ്), പാസ്റ്റർ ബോസ് എം.കുരുവിള, ബ്രദർ ഏബ്രഹാം ഉമ്മൻ (അറേഞ്ച്മെന്റ്സ്), പാസ്റ്റർമാരായ കെ.എസ്.മാത്യു, റ്റി. പാപ്പച്ചൻ (വോളന്റിയേഴ്സ്), എ. വി.ജോസ്, എം.ജെ.ജോൺ (ഫുഡ്), സോവി മാത്യു (മ്യൂസിക്ക്), സാം ഫിലിപ്പ്, ജേക്കബ് ജോർജ് കെ, (അക്കൊമഡേഷൻ), ബ്രദേഴ്സ് കെ. ഇ. ജോർജ് (ട്രാൻസ്പോർട്ടേഷൻ), കുഞ്ഞച്ചൻ വർഗീസ്, സി. റ്റി. വർഗീസ് (ഇന്റേണൽ ഓഡിറ്റേഴ്സ്) എന്നിവർ കൺവീനേഴ്സായുള്ള വിവിധ കമ്മറ്റികൾ പ്രവർത്തനം ആരംഭിച്ചു.

Printed & Published by Peter Mathew Owned By M.V. Philip Mekkattu House, Payippad P.O, Alappuzha- 690 556, Samkutty Mathew Koipurath House, Makkapuzha.P.O., Ranni,PTA - 689 676, Peter Mathew, Valliyathu House, Kallumkal P.O., Thiruvalla, PTA- 689 111. Published From P.B. No. 8, R.S.P.O.Thiruvalla, Pin: 689 111 Pathanamthitta (Dist) & Printed at Cochin Printech Pvt Ltd., Udyogamandal P.O., Ernakulam Dist. Kerala, Editor - Samkutty Mathew.